Date of Publication : 11 February 2020

ANNUAL SUBSCRIPTION ₹ 100

VOL. 9 ISSUE 8

# എം. ഇ. എസ്. ന്യൂസ് ബുള്ളറ്റിൻ

MONTHLY






പൗരത്വ ഭേദഗതി നിയമത്തിനെതിരെ കോഴിക്കോട് കടപ്പുറത്ത് ജനാധിപത്യ സാഹോദര്യ സംരക്ഷണ സമിതി സംഘടിപ്പിച്ച പീപ്പിൾസ് സമ്മിറ്റിൽ ഭീം ആർമി നേതാവ് ചന്ദ്രശേഖർ ആസാദ് ജനങ്ങളെ അഭിവാദ്യം ചെയ്യുന്നു. എം.ഇ.എസ്. പ്രസിഡന്റ് ഡോ. പി.എ.ഫസൽ ഗഫൂർ, ആർ.എം.പി. നേതാവ് കെ.കെ.രമ, കെ.എൻ.എം. സംസ്ഥാന സെക്രട്ടറി ഡോ. എ.ഐ. അബ്ദുൾ മജീദ് സ്വലാഹി തുടങ്ങിയവർ സമീപം

## MES Celebrating 150 years of the Mahatma

**02 October 2019 to 02 October 2020**




*കോഴിക്കോട് എം.ഇ.എസ്. ഫാത്തിമാ ഗഫൂർ വനിതാ കോളേജിന്റെ നേതൃത്വത്തിൽ നടന്ന സി.എ.എ. വിരുദ്ധ റാലിക്ക് മുൻ ആരോഗ്യ വകുപ്പ് മന്ത്രി പി.കെ.ശ്രീമതി ടീച്ചർ, ഷമീല ഫസൽ, ജയന്തിരാജൻ, ബീന പൂവത്തിൽ, സുഹറ ലത്തീഫ്, ഡോ. സുമ നാരായണൻ തുടങ്ങിയവർ നേതൃത്വം നൽകുന്നു*





*എം.ഇ.എസ്. ഏറനാട് താലൂക്ക് കമ്മിറ്റി മലപ്പുറം സിവിൽ സ്റ്റേഷന് മുൻവശം നടത്തിയ ഉപവാസ സമരം എ.പി. അനിൽകുമാർ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു*

[Vol 9 Issue 8 11 February 2020]

# എം.ഇ.എസ്. ന്യൂസ് ബുള്ളറ്റിൻ

ഓഫീസ്: എം.ഇ.എസ്. ന്യൂസ് ബുള്ളറ്റിൻ, എം.ഇ.എസ്. ഓഫീസ്, എം.ഇ.എസ്. വനിതാ കോളേജ് ബിൽഡിംഗ്, ഐ.എം.എ. ഹാൾ റോഡ്, നടക്കാവ്, കോഴിക്കോട് - 673011, ഫോൺ: 0495 2369321, 2766577, 2768119, ഫാക്സ്: 0495 2766577, 2761189, **email:** mesnews-bulletin@gmail.com



ന്യൂഡൽഹിയിലെ ഗാന്ധി സ്മൃതി (ബിർളാമന്ദിർ)യിൽ നിന്നും മഹാത്മാ ഗാന്ധിയുടെ എടുത്തു മാറ്റപ്പെട്ട ചിത്രങ്ങളിൽ ഒന്ന്

**എഡിറ്റോറിയൽ ബോർഡ്**

മാനേജിംഗ് എഡിറ്റർ
**ഡോ. പി.എ.ഫസൽ ഗഫൂർ**
ഫോൺ : 9847233800
e-mail: drfazalmes@yahoo.in

പ്രിന്റർ & പബ്ലിഷർ
**പ്രൊഫ. പി.ഒ.ജമാലുദ്ദീൻ ലബ്ബ**
ഫോൺ : 9847042536
e-mail: jlebba@gmail.com

എഡിറ്റർ
**കെ.എസ്.അബ്ദുൾ കരീം**
ഫോൺ: 9567908175

റസിഡന്റ് എഡിറ്റർ & കോ- ഓർഡിനേറ്റർ
**സി.ടി.സക്കീർ ഹുസൈൻ**
ഫോൺ: 9847250739
e-mail: mesnewsbulletin@gmail.com
ctzakir123@gmail.com

അസിസ്റ്റന്റ് എഡിറ്റർ
**വി.യു.അമീറ**
ഫോൺ: 9961314545
e-mail: ameera.ayshabegum@gmail.com

**അംഗങ്ങൾ**
കെ.കെ.അബൂബക്കർ
ഡോ. എം.ജമാലുദ്ദീൻ കുഞ്ഞ്
എം.അബ്ദുൾ ഹമീദ് IPS (റിട്ട.)
പ്രൊഫ. കടവനാട് മുഹമ്മദ്
ഡോ. ഹുസൈൻ രണ്ടത്താണി



ഭരണഘടന ആയുധമാക്കി പോരാടുന്ന ജനതയെ ജയിലുകളും വെടിയുണ്ടകളും ഉപയോഗിച്ച് തോൽപ്പിക്കാനാവില്ല. സർക്കാർ ഒരിഞ്ചു പോലും പിറകോട്ടില്ല എന്നാണെങ്കിൽ സമരവും ഒരു മൈക്രോ ഇഞ്ചു പോലും പിറകോട്ട് പോകില്ല. ജനങ്ങൾക്ക് മുന്നിൽ മുട്ടു മടക്കേണ്ടി വരും. ആർ.എസ്.എസിന്റെ ഗുണ്ടാ പ്രവർത്തനങ്ങളിൽ നിന്ന് രാജ്യത്തെ രക്ഷിക്കും. ബ്രിട്ടീഷുകാരെ നാം തോൽപ്പിച്ചെങ്കിൽ ആരെയും നമുക്ക് തോൽപ്പിക്കാനാവും. ഭരണഘടനാ ശില്പി അംബേദ്കറെ എതിരിട്ട് നിന്നവരാണ് ഇന്ന് പല നിയമങ്ങളും ഉണ്ടാക്കുന്നത്.

**ചന്ദ്രശേഖർ ആസാദ്**

---


**05** പീപ്പിൾസ് സമ്മിറ്റ് പ്രസംഗം




ഡോ. പി.എ.ഫസൽ ഗഫൂർ

**08** പൗരത്വ നിയമം





വി.യു. അമീറ

**13** ഒബ്സർവേഷൻ



കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ...

ഡോ. പി.എ.ഫസൽ ഗഫൂർ

**16** ലേഖനം



എം. ഇ.എസും പൗരത്വ പ്രക്ഷോഭത്തിന്റെ മുൻനിരയിൽ

ഇ. പി. ഉബൈദുല്ല

**18** ലേഖനം



വേണം ഒരു പൗരത്വം

ഹസ്സൻ തിക്കോടി

**21** അനുസ്മരണം



ജെയ്നി സാഹിബിനെ സ്മരിക്കുമ്പോൾ

കെ.എസ്. അബ്ദുൽ കരിം

**22** എം.ഇ.എസ്. വാർത്തകൾ



**47** കിരണങ്ങൾ



സി.ടി. സക്കീർ ഹുസൈൻ



**ഡോ. പി.എ. ഫസൽഗഫൂർ**

(2020 ഫെബ്രുവരി 7 വെള്ളിയാഴ്ച കോഴിക്കോട് കടപ്പുറത്ത് ആസാദി സ്ക്വയറിൽ ഭീം ആർമി നേതാവ് ചന്ദ്രശേഖർ ആസാദ് പങ്കെടുത്ത പീപ്പിൾസ് സമ്മിറ്റിൽ എം.ഇ.എസ്. പ്രസിഡന്റ് ഡോ. പി.എ. ഫസൽ ഗഫൂർ നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിന്റെ പൂർണ്ണരൂപം)

ഉദ്ഘാടകൻ ജ:അബ്ദു സമദ് സമദാനി, ശ്രീ ഗീതാനന്ദൻ, ശ്രീ ചന്ദ്രശേഖര ആസാദ്, ശ്രീ. സണ്ണി എം. കപ്പിക്കാട് വേദിയിലുള്ള പ്രമുഖരെ,

ഇപ്പോഴത്തെ കാലഘട്ടത്തിൽ സംസാരിക്കുന്നത് സൂക്ഷിച്ചു വേണം. എപ്പോഴാണ് പണി കിട്ടുക എന്ന് അറിയില്ല. അതായത് അസ്ത്രം എന്ന ഒരു വാക്ക്. നമ്മൾ സ്ഥിരമായി ഉപയോഗിക്കുന്നതാണ്. ആവനാഴിയിലെ എല്ലാ അസ്ത്രവും ഞാൻ ഉപയോഗിച്ചു. പക്ഷെ എം.ഡി. പരീക്ഷയിൽ പാസ്സായില്ല എന്ന് പറയുന്നതിന്റെ അർത്ഥമെന്താണ്? അതുപോലും മനസ്സിലാക്കാത്തവരാണ് സംഘപരിവാറുകാർ. ഞാനൊരു പ്രയോഗം മാത്രമാണ് നടത്തിയത്. ഞാൻ മനുഷ്യശൃംഖല കഴിഞ്ഞു വരുമ്പോൾ എന്നോടു ചോദിച്ചു. ഇനിയെന്താണ് പരിപാടി. പരിപാടികളൊക്കെ ഞങ്ങൾ ആവിഷ്ക്കരിച്ചുവെച്ചിട്ടുണ്ട്. അസ്ത്രങ്ങളൊക്കെ ഞങ്ങൾ തയ്യാറാക്കി വെച്ചിട്ടുണ്ട്. ഏതസ്ത്രം എപ്പോൾ പ്രയോഗിക്കണമെന്ന് അപ്പോൾ ഞാൻ പറഞ്ഞാൽ പോരെ എന്ന് പറയുമ്പോൾ അതിന്റെ അർത്ഥം ഞാനിവിടെ ബോംബ് നിർമ്മാണം നടത്തുകയാണെന്നാണ്. സംഘപരിവാറുകാർ പറയുന്നത്. അവർ എനിക്കെതിരെ കേസ് കൊടുത്തിട്ടുണ്ട്. അതേസമയം പട്ടികളുടെ മാതിരി കാറിന്റെ അടിയിൽ കാൽ അകപ്പെട്ടു പോയാൽ അപ്പോഴും ഞാൻ സഹതപിക്കില്ലേ എന്നു പറഞ്ഞ ഒരാള് എവിടെയാണ് ഇരിക്കുന്നതെന്ന് നമുക്കറിയാം. മഹാത്മജിയെ പ്രതീകാത്മകമായി വെടിവെച്ച ആൾക്കാർ അവർ എവിടെയിരിക്കുന്നു. ഗോഡ്സേ രാഷ്ട്രവാദിയെന്ന് പറഞ്ഞ ആൾക്കാർ എവിടെയിരിക്കുന്നു. ജെ.എൻ.യുവിലും മറ്റും സമരം നടത്തുന്ന വിദ്യാർത്ഥികളെ വെടിവെച്ച് കൊല്ലണമെന്ന് പറഞ്ഞിട്ടുള്ള ബി.ജെ.പി നേതാക്കൾ എവിടെയിരിക്കുന്നു. പ്രഗ്യാ ഠാക്കൂർ എവിടെയിരിക്കുന്നു. അപ്പോൾ ഈ രാജ്യത്തെ ഒരുകൂട്ടം ആൾക്കാർക്ക് മാത്രമേ സംസാരിക്കാൻ ഉള്ള അവകാശമുള്ളൂ എന്നുള്ള ഒരു സ്ഥിതി വിശേഷത്തിലെത്തിയിരിക്കാണ് ഫാസിസം. ആ ഫാസിസത്തെ നാം എതിർക്കണം, നാം തടയണം. തടയാൻ പറ്റിയ ഏറ്റവും നല്ല മണ്ണ് കേരളത്തിലെ മണ്ണാണ്. കാരണം ഇത് വിപ്ലവത്തിന്റെ ചുവയുള്ള മണ്ണാണ്. ഞാൻ വെറും രാഷ്ട്രീയ വിപ്ലവമല്ല പറയുന്നത്. സാമുദായിക സാമൂഹിക വിദ്യാഭ്യാസ വിപ്ലവങ്ങൾ നടന്നിട്ടുള്ള മണ്ണാണ് ഇത്. മാലിക് ദിനാറിന്റെയും ശ്രീനാരായണ ഗുരുവിന്റെയും വൈക്കം സത്യാഗ്രത്തിന്റെയും പെരിയാർ ഇ.വി. രാമ സ്വാമി നായ്ക്കറുടെയും, ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെയും, ഈ കടപ്പുറത്ത് വെച്ച് ബ്രിട്ടീഷുകാരന്റെ ഷൂ ചവിട്ടേറ്റ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെയും നാടാണിത്. ആ നാട്ടിലാണ് നമ്മൾ ഇതിനെ തടയേണ്ടത്. പക്ഷേ തടയുമ്പോൾ ഞാൻ നിങ്ങൾക്കൊരു മുന്നറിയിപ്പു നൽകുകയാണ്. തെറ്റായിട്ടെങ്കിലും നാം ഇതിനെ മുസ്ലീം വിഷയമായിട്ട് തിരിച്ചു വിടരുത്. ഇതൊരു മുസ്ലീം വിഷയമേ അല്ല. പക്ഷേ മുസ്ലീങ്ങളെ ഉന്നം വെച്ച് ചെയ്തിട്ടുള്ളതാണ്. ഓരോരോ സംസ്ഥാനത്തും ഇതിന്റെ പ്രത്യാഘാതങ്ങൾ വേറെയാണ്. ആസ്സാമിൽ പൗരത്വ റജിസ്റ്റർ നടപ്പിലാക്കിയത് സുപ്രീം കോടതി ഉത്തരവിനെ തുടർന്നാണ്. അതനുസരിച്ച് 19 ലക്ഷം പേർ പുറത്തായപ്പോൾ 5 ലക്ഷം മുസ്ലീങ്ങളും ബാക്കി 14 ലക്ഷം അമുസ്ലീങ്ങളാണ് പുറത്തായത്. അത് എവിടെ നിന്ന് വന്നു. എന്ന് ചോദിച്ചാൽ അത് ബംഗ്ലാദേശിൽ നിന്നും വന്ന ആൾക്കാരാണ് 1971 യുദ്ധകാലത്ത് അഭയാർത്ഥികളായി വന്ന ആൾക്കാരാണ് പുറത്തു നിൽക്കുന്നത്. അന്ന് പുറത്ത് നിന്നവരാണ്. അവർ ബംഗാ

ളികളാവണമെന്നില്ല. ബംഗ്ലാദേശ് യുദ്ധകാലത്ത് ബീഹാറി മുസ്ലീങ്ങൾ എന്നു പറയുന്ന ഒരു വിഭാഗം ആൾക്കാർ ഉണ്ടായിരുന്നു അവിടെ. അവർ ഉർദു സംസാരിക്കുന്ന സംയുക്ത പാകിസ്ഥാനിൽ പ്പെട്ടവർ ബംഗ്ലാദേശിൽ കുടുങ്ങിപോയവരാണ്. അവരിൽ നിന്ന് ഒരുപാടു പേർ പലായനം ചെയ്തു. അവരാണ് ഇപ്പോൾ ബീഹാറിലുണ്ടാവുക. നാളെ ബീഹാറിലെ എൻ.ആർ.സി. എടുക്കുമ്പോൾ അറിയാം എത്രപേർ പുറത്തു പോകുമെന്ന്. അപ്പോൾ അവിടെ അത് ഒരു വിഷയമായി മാറും. ബംഗാളിനെ സംബന്ധിച്ചിടത്തോളം അവിടെ രാഷ്ട്രീയമാണ് വിഷയം. അവിടെ തൃണമൂൽ കോൺഗ്രസ്സിന്റേയും സി.പി.എമ്മിന്റെയും കോൺഗ്രസ്സിന്റേയും വോട്ടുകളില്ലാതാക്കണം. അതില്ലാതാക്കാൻ വേണ്ടിയിട്ട് ഇതുപോലൊരു പട്ടിക തയ്യാറാക്കി ഉറച്ച വോട്ടു ബാങ്കുകൾ ഇല്ലാതാക്കാൻ വേണ്ടിയാണ് ബി.ജെ.പി. ശ്രമിക്കുന്നത് അവിടെയൊന്നും മുസ്ലീം പോരാട്ടം മാത്രമല്ല ഉള്ളത്. പിന്നെ ഇവിടുത്തെ സഭകൾ ചില കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. മേഘാലയയേയും, മിസ്സോറാമും, നാഗാലാൻഡും ക്രിസ്ത്യൻ ഭൂരിപക്ഷ സ്ഥലങ്ങളാണ്. അവിടെ സഭ എതിർക്കുന്നു. ഇവിടുത്തെ സഭ എതിർക്കുന്നില്ല. മറ്റു ചില സഭകളൊക്കെ ഇതെർത്തിട്ടുണ്ട്. വേറെ ചിലർ ലൗജിഹാദിനെതിരായി പോയിരിക്കുകയാണ്. അനവസരത്തിലും ദുരുദ്ദേശപരമായിട്ടാണ് ലൗജിഹാദ് എന്ന വിഷയമെടുത്തിട്ടുള്ളത്. കോടതി പറഞ്ഞില്ലേ ലൗജിഹാദ് ഇല്ലെന്ന്. മേഘാലയയിലും, മിസ്സോറാമിലും, നാഗാലാൻഡിലും പോയിട്ട് കേരളത്തിലെ ക്രിസ്ത്യാനികൾ പറയുകയാണ് ഞങ്ങൾ അങ്ങോട്ടേക്ക് വരട്ടെ എന്ന് പറഞ്ഞാൽ അവർ അവിടെ കയറ്റില്ല. അവർ അവിടെ പറയുന്നത് ഞങ്ങൾ ഗിരിവർഗ്ഗക്കാരാണ്. ക്രിസ്ത്യാനിയൊക്കെ ശരി ലക്ഷദ്വീപിലെ മുസ്ലീമിനെപ്പോലായാണ്. അവിടുത്തെ സ്ഥിതി വിശേഷം വേറെയൊന്നാണ്. അവിടെയാണെങ്കിൽ കാശ്മീരിനോട് ചെയ്തത് മാതിരി എന്താണ് ചെയ്യാത്തത്. കാശ്മീരിനെ 370 വെച്ച് 3 കഷ്ണമാക്കിയപ്പോൾ 371 ഉപയോഗിച്ചു കൊണ്ട് മേഘാലയയിലും, മിസ്സോറാമിലും മണിപ്പൂരിലുമൊക്കെ ഇന്നർ ലൈൻ പെർമിറ്റ് വെച്ചിരിക്കുകയാണ്. ഇന്ത്യയെ ധ്രുവീകരിക്കുകയാണ്. ഇന്ന് നമുക്ക് മേഘാലയയിലും മിസ്സോറാമിലും അരുണാചൽ പ്രദേശിലും പോകാണമെന്നുണ്ടെങ്കിൽ വിസക്ക് തുല്യമായ ഇന്നർലൈൻ പെർമിറ്റ് വേണം. അവിടെ നിങ്ങൾക്ക് ഭൂമി വാങ്ങാൻ പറ്റില്ല. അവിടത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിങ്ങൾക്ക് പഠിക്കാൻ പറ്റില്ല. ത്രിപുര, ബോഡോലാൻഡിനെപ്പറ്റി നിങ്ങൾക്കറിയാം. ഇന്നാണ് ബോഡോ ലാൻഡുമായി കേന്ദ്ര സർക്കാർ കരാറുണ്ടാക്കിയത്. കലാപവും പ്രശ്നവുമുള്ളതുകൊണ്ട് ബോഡോകളായിട്ട് വേഗമൊരു കരാറുണ്ടാക്കി. ബോഡോകളായിട്ടുള്ള പോരാട്ടം മുസ്ലീം വിഷയമേ അല്ലേ. മുസ്ലീമുകളെ ബാധിക്കാം. സംഘപരിവാർ ആയതുകൊണ്ട് ഇത് ഒരു മുസ്ലീം വിഷയമാക്കുമായിരിക്കും. അവർ എന്തു ചെയ്താലും അവരുടെ മനസ്സിൽ ഒരു മാനസിക രോഗമുണ്ട്. ഞാനൊരു ന്യൂറോളജിസ്റ്റ് എന്ന നിലക്ക് അതിന്റെ പേര് സിസോഫ്രീനിയ എന്നാണ്. പട്ടി, പൂച്ച, കമലഹാസന്റെ സിനിമയിൽ പറഞ്ഞതുപോലെ ആകാശത്തെ പേടി, പൂച്ചയെ പേടി, പന്നിയെപ്പോടി, എല്ലാറ്റിനേയും പേടി. അതേ പോലെ അവർക്ക് ഒരൊറ്റ ചിന്തമാത്രമേ ഉള്ളൂ. മുസ്ലീം വിരോധം മാത്രമാണ് അവരുടെ മനസ്സിൽ. അതൊരു മാനസിക രോഗമാണ്. ആ മാനസിക രോഗത്തിന്റെ ഭാഗമായിട്ട് അവരുടെ ഉള്ളിൽ വേറെ ഒരു അജണ്ടയുണ്ട്. ദളിതുകൾക്കെതിരെ അജണ്ടയുണ്ട്. ഒ.ബി.സിക്കെതി രെയായിട്ടുള്ള അജണ്ടയുണ്ട്. ആ അജണ്ടയൊക്കെ സമയം വരുമ്പോൾ നടപ്പിലാക്കും ക്രൈസ്തവ സഹോദരൻമാർക്കെതിരായുള്ള അജണ്ടയും വേണ്ട. സമയത്തിലവർ നടപ്പാക്കും. ശ്രീലങ്കയിലെ കാര്യം പറയേണ്ട ആവശ്യമില്ല. ഏകദേശം 10 ലക്ഷം പേരാണ് എൽ.ടി.ടി.ഇ. എൽ.ടി.ടിയുടെ കാലഘട്ടത്തിൽ ശ്രീലങ്ക 1950 കളിൽ ഒരു ബൗധ രാഷ്ട്രമായിട്ട് പ്രഖ്യാപിച്ചു. അപ്പോ ആ ബൗധ രാഷ്ട്രത്തിൽ നിന്ന് ഇങ്ങോട്ട് പാലായനം ചെയ്തിട്ടുള്ള ഒരു 10 ലക്ഷത്തിലധികം പേരുണ്ട്. അതിൽ ഒരു ലക്ഷത്തിലധികം പേർ ക്യാമ്പുകളിലുണ്ട്. ഏകദേശം ഒരു നൂറ്റാണ്ട് മുൻപ് നാം ഒരു ചന്ദ്രശേഖ ആസാദിനെ പറ്റി നാം കേട്ടിരുന്നു. ഭഗത് സിംഗ്, അസഫഖുള്ളഖാൻ റോഷൻ സിംഗ്, സൂറിയാസൻ അങ്ങിനെ നിരവധി രക്തസാക്ഷികളുടെ പേരുകൾ നാം കേട്ടു. അതേ രക്തസാക്ഷികളുടെ പേരുള്ള ഒരു വ്യക്തിത്വമാണ് ഇപ്പോൾ വന്നു കൊണ്ടിരിക്കുന്നത്. ശേഖർ ആസാദ് ഒരുപാട് ദിവസങ്ങളായി നമ്മുടെ കൂടെ ഉണ്ട്. ഈ പോരാട്ടത്തിന് തിരുവനന്തപുരത്തും കൊടുങ്ങല്ലൂരിലും അദ്ദേഹം ഉണ്ടായിരുന്നു. വാക്കുകൾ സൂക്ഷിച്ചില്ലെങ്കിൽ സംഘപരിവാറിന്റെ ജയിലിൽ പോയി കിടക്കേണ്ടി വരുമെന്ന് അദ്ദേഹത്തിനറിയാം. ജയിലിൽ കിടന്ന ആളാണ്. പക്ഷേ അദ്ദേഹത്തെ തളക്കാൻ പറ്റില്ല. ഒറിജിനൽ ചന്ദ്രശേഖ ആസാദിന്റെ രക്തം തന്നെയാണ്. നമ്മൾക്ക് പോരാടുവാൻ വേണ്ടി ഒരുപാട് പേർ വന്നു. മഹാത്മജിയുടെ കുടുംബം മൊത്തം ഇവിടെ വന്നു.

രാജ്മോഹൻഗാന്ധി ഇവിടെ വന്നു. തുഷാർഗാന്ധി കേരളം മുഴുവൻ പര്യടനം നടത്തി. അദ്ദേഹം മുഖ്യമായി ലക്ഷ്യം വെച്ചത് സാവർക്കറെയാണ്. അദ്ദേഹം കേരളത്തിൽ അഞ്ച് സ്ഥലത്ത് പ്രസംഗിച്ചു. മഹാത്മജിയുടെ മറ്റൊരു പൗത്രനായിട്ടുള്ള ആനന്ദ് ഗോകാനി വന്നു. ഡി.എം.കെ. നേതാവ് കനിമൊഴി എം.പി., സുപ്രീം കോർട്ട് അഭിഭാഷകനും എം.പി.യുമായ കപിൽ സിബൽ. ദളിത് നേതാവായ ജിഗ്നേഷ മേവാനി എം.എൽ.എ. എന്നിവർ ഇവിടെ വന്നു. അതിനർത്ഥം ഇന്ത്യയിൽ നിന്നും മൊത്തം എല്ലാ രാഷ്ട്രീയ സാമൂഹിക സാഹിത്യകാരന്മാർ അടക്കമുള്ള വ്യക്തിത്വങ്ങൾ (പ്രവർത്തകർ) ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ വന്നു കൊണ്ടിരിക്കുകയാണ്. അങ്ങിനെയുള്ള മഹത്തായ ഒരു വേളയാണിത്. പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ ഈ സംസ്ഥാനങ്ങൾ ഇസ്ലാമിക രാഷ്ട്രങ്ങളെന്നു പറയുന്നു. ലോകത്ത് അഞ്ചേ അഞ്ച് ഇസ്ലാമിക രാഷ്ട്രങ്ങളേ ഉള്ളൂ. അതിൽ അഫ്ഗാനിസ്ഥാനും ബംഗ്ലാദേശുമൊന്നും ഉൾപ്പെടില്ല.. പാകിസ്ഥാനെ ഇസ്ലാമിക രാജ്യമായി നമ്മൾ അംഗീകരിക്കുന്നു. സൗദി അറേബ്യ, ഇറാൻ തുടങ്ങിയവയും ഇസ്ലാമിക രാജ്യങ്ങളാണ്. ബാക്കിയുള്ള അൻപതോളം രാഷ്ട്രങ്ങളും സെക്യൂലർ രാഷ്ട്രങ്ങളാണ്. ബംഗ്ലാദേശിന്റെ ഭരണഘടന ഷെയ്ക് മുജീബ് റഹ്മാൻ ഇന്ത്യൻ ഭരണഘടനയിൽ നിന്നും കടമെടുത്തെഴുതിയതാണ്. അതൊരു സെക്കുലർ രാഷ്ട്രമാണ്. ആ സെക്കുലർ രാഷ്ട്രത്തെ മാറ്റി എഴുതാനായിട്ട് ശ്രമിച്ചപ്പോൾ അവിടുത്തെ സുപ്രീം കോടതി ഇടപെട്ടിട്ട് പറഞ്ഞു. ബംഗ്ലാദേശ് ഒരു സെക്കുലർ രാഷ്ട്രമാണ്. അവിടെ നിന്ന് ഒരു കോടിയിലധികം ആൾക്കാരാണ് ഇന്ത്യയിൽ വന്നത്. അതിൽ 10.25 ശതമാനം പേർ ഹിന്ദുക്കളായിരുന്നു. അവർക്ക് 1971 ൽ നമ്മൾ അഭയം നൽകിയ താണ് അതാണ് നമ്മുടെ പാരമ്പര്യം. ടിബറ്റിൽ നിന്നു വന്നവരുണ്ട്, മ്യാൻമാറിൽ നിന്നു വന്ന അഭയാർത്ഥികളുണ്ട്. പക്ഷെ അവരോടുള്ള ബി.ജെ.പി. സർക്കാറിന്റെ കാഴ്ചപ്പാട് വ്യത്യസ്തമാണ്. ബംഗ്ലാദേശിൽ നിന്ന് വന്ന ഒരുകോടി ആൾക്കാർക്ക് അഭയം നൽകിയെങ്കിൽ പത്തോ ഇരുപത്തി അയ്യായിരം പേർക്ക് അഭയം നൽകാൻ നിങ്ങൾ തയ്യാറില്ല അതിനു കാരണം അവർ റോഹിംഗ്യാൻ മുസ്ലീംകളായതിനാലാണ് നേരത്തെ ഞാൻ പറഞ്ഞ മാനസിക രോഗം തന്നെ ആ മാനസിക രോഗം കാരണമാണ് നിങ്ങളവർക്ക് അഭയം നൽകാൻ തയ്യാറാവാത്തത്. മൊത്തം ഇതിനെ വർഗ്ഗീയവൽക്കരിക്കാനായി ഉണ്ടാക്കിയിട്ടുള്ള സംഭവമാണ്. ഈ മൂന്ന് രാഷ്ട്രങ്ങളിൽ നിന്നുമാത്രം അഭയം നൽകുന്നു എന്ന് പറയുന്നത്. ബംഗ്ലാദേശിൽ നിന്നും പാകിസ്ഥാനിൽ നിന്നും അഫ്ഗാനിസ്ഥാനിൽ നിന്നും മുസ്ലീങ്ങൾ ഇവിടെ വരുന്നതെന്തിനാണ്? വരേണ്ട ആവശ്യമില്ലല്ലോ? അഭയാർത്ഥി എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ Refugee by definition മതത്തിന്റെ പേരിലല്ല ലോകത്തുള്ളത്. ഏറ്റവും നല്ല അഭയാർത്ഥിയുടെ പേര് പറഞ്ഞു തരാം. ഇന്ത്യയുടെ സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ നെഹ്റുവിന്റെയും ഗാന്ധിജിയുടെയും കൂടെ ഉറച്ചു നിൽക്കുകയും പിന്നീട് പാകിസ്ഥാനിലേക്ക് പോയിട്ടുള്ള ഖാൻ അബ്ദുൾ ഗാഫർ ഖാൻ ഈ കോഴിക്കോട്ടെ മണ്ണിൽ ഏകദേശം ഒരു അഭയാർത്ഥിയെപ്പോലെയാണ് ഇവിടെ വന്നത്. മതത്തിന്റെ പേരിലല്ല രാഷ്ട്രീയ അഭയം എന്നുള്ളതിന്റെ തെളിവുകളാണ് ഞാൻ പറഞ്ഞു കൊണ്ടിരുന്നത്. ഖാൻ അബ്ദുൾഗാഫർഖാൻ ഇവിടെ അഭയാർത്ഥിയായിരുന്നു. 1971 ലെ യുദ്ധകാലഘട്ടത്തിൽ മുസ്ലീം രാഷ്ട്രമായ ബംഗ്ലാദേശിൽ നിന്ന് മുസ്ലീങ്ങളായ സിയാവുൽ റഹ്മാനും ഇന്ത്യയിൽ മുജീബ് റഹ്മാനും ഇന്ത്യയുടെ അഭയാർത്ഥിയായിട്ട് തന്നെയാണ് പിന്നീട് ബംഗ്ലാദേശ് ഉണ്ടാവുന്ന കാലഘട്ടം വരെ ഉണ്ടായിരുന്നത്. തസ്ലിമ നസ്റിൻ അഭയാർത്ഥിയായി ഇവിടെ ജീവിക്കുകയാണ്. അതുകൊണ്ടാണ് പറഞ്ഞത് മതത്തിന്റെ പേരിൽ ഒരിക്കലും ഒരു അഭയാർത്ഥിയെ നിർവചനം ചെയ്യരുത്. പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്ന് വരുന്നവർക്ക് അഭയം നൽകുന്നത്. ഭരണഘടനാ വിരുദ്ധമാണ് എന്ന് പറയുന്നത് ശരിയല്ല. പൗരത്വം കൊടുക്കുന്നതെന്തിനാണെന്നുള്ളതല്ല വിഷയം. യുണൈറ്റഡ് നാഷൻ, ഹ്യൂമൺ റൈറ്റ്സ് കമ്മീഷന്റെ നിർവചന പ്രകാരം റെഫ്യൂജിയെന്ന് പറഞ്ഞാൽ ഏത് കാരണവശാലും ആവാം. അത് മതത്തിന്റെ പേരിലാവാം. രാഷ്ട്രത്തിന്റെ പേരിലാവാം. ജാതിയുടെ പേരിലാവാം. വർഗ്ഗത്തിന്റെ പേരിലാവാം. അപ്പോൾ മുന്നേ മൂന്ന് രാഷ്ട്രങ്ങളെ തിരഞ്ഞെടുത്ത് അതെല്ലാം ഇസ്ലാമിക രാഷ്ട്രമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് അവിടെയെല്ലാം മറ്റു മതസ്ഥർക്ക് പീഢനമനുഭവിക്കുന്നുണ്ട്. അതുകൊണ്ടാണ് ഇത് നൽകുന്നതെന്ന് പറയുന്നത്. പൊള്ളത്തരമാണ് എന്ന് തിരിച്ചറിയണമെന്ന് നിങ്ങളെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. ഏതായാലും ശ്രീ.ചന്ദ്രശേഖർ ആസാദ് ക്രാന്തികാരി ഓർ ഹമാരേ ദൂസരേ ആസാദികാ നേതാ, ചന്ദ്രശേഖർ ജി കോ ആജ് സബ്കാ ആസാദി കാ നേതാ ആസാദി.. ആസാദി...ആസാദി..

## ലേഖനം



വി.യു.അമീറ

# പൗരത്വ നിയമം ദലിതർക്ക് വേണ്ടിയോ? or ഹിന്ദുരാഷ്ട്രത്തിൽ ദലിതന്റെ ഇടം

(തുടർച്ച)

## പൗരത്വനിയമവും ദലിതരും

എന്നാൽ ബി.ജെ.പിയുടെയും സർക്കാറിന്റെയും ഈ ദലിത് പ്രേമവും ദലിതർക്കു വേണ്ടിയുള്ള മുതലക്കണ്ണീരും കൊണ്ട് ഒഴുക്കി കളയാവുന്നതാണോ പൗരത്വ ഭേദഗതി ബില്ലും ദേശീയ പൗരത്വ രജിസ്റ്ററും ദലിത് സമൂഹത്തിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്കകൾ എന്ന ചോദ്യം ഇവിടെ പ്രബലമാണ്. ഇന്ത്യൻ ജനസംഖ്യയുടെ ഏകദേശം 40 ശതമാനത്തോളം വരുന്ന ദലിതർ, ആദിവാസികൾ, ഗോത്രവർഗക്കാർ തുടങ്ങിയവരിൽ ബഹുഭൂരിപക്ഷവും കാലങ്ങളായി അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത ജീവിതം നയിക്കുന്നവരാണ്. അന്നന്നത്തെ നിലനിൽപ്പാണ് അവരുടെ മുഖ്യ വിഷയം. പട്ടിണിയോടാണ് അവരുടെ യുദ്ധം. സർക്കാർ കാര്യങ്ങളിലും സാമൂഹിക ജീവിതത്തിലും ജാതീയമായ വിവേചനം നിരന്തരം ഏറ്റുവാങ്ങേണ്ടി വരുന്ന നിസ്വജന്മങ്ങൾ. അടച്ചുറപ്പുള്ള വീടോ അടിസ്ഥാന ജീവിത സൗകര്യങ്ങളോ ഇല്ലാത്ത, ബ്യൂറോക്രസിയുടെ പുച്ഛവും അവഗണനയും നിരന്തരം ഏറ്റുവാങ്ങുന്ന അവരിൽ ബഹുഭൂരിപക്ഷത്തിനും പൗരത്വം തെളിയിക്കാനുള്ള എണ്ണമറ്റ രേഖകൾ ഉണ്ടാക്കുക എന്നത് ഏറെക്കുറെ അസാധ്യമാണ്. ഇക്കാര്യം ഏറ്റവും നന്നായി മനസ്സിലാക്കിയത് ദലിത് രാഷ്ട്രീയം തന്നെയാണ്.

അതിനാലാണ്, ആർ എസ് എസും ഗോൾവാൾക്കറും വിഭാവനം ചെയ്യുന്ന പൗരത്വവും ഇന്ത്യൻ ഭരണഘടന നിർവചിക്കുന്ന പൗരത്വവും തമ്മിലുള്ള വടംവലിയാകും ഈ പൗരത്വ പ്രശ്നം എന്ന് ദളിത് നേതാവ് പ്രകാശ് അംബേദ്കർ ചൂണ്ടിക്കാണിക്കുന്നത്.

ദേശീയ പൗരത്വ പട്ടിക ദളിതർക്കു വേണ്ടിയാണെന്നും അവരെ ഒരിക്കലും അത് പ്രതികൂലമായി ബാധിക്കില്ലെന്നു പറയുമ്പോഴും ആഴത്തിൽ വിലയിരുത്താൻ കഴിയുന്നതിനും അപ്പുറമാണ് അത് ദളിത് സമൂഹത്തിൽ ഉണ്ടാക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ. ഇക്കണോമിക് സർവ്വേ 2018 19 അനുസരിച്ചു ഇന്ത്യൻ തൊഴിൽ ശക്തിയുടെ 93 % അസംഘടിത മേഖലയിൽ ആണ് വർത്തിക്കുന്നത്. ലഭ്യമായ കണക്കുകൾ അനുസരിച്ചു 400 ദശലക്ഷം ജനങ്ങൾ അസംഘടിതമേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. ചെറുകിടകർഷകരും, ബീഡി തെറുപ്പുകാരും, കള്ളുചെത്തുകാരും, മീൻപിടുത്തക്കാരും തുടങ്ങി വീട്ടുവേലക്കാരും തോട്ടിപ്പണി ചെയ്യുന്നവരും വരെ ഇതിൽ ഉൾപ്പെടും. ഈ തൊഴിലാളികളിൽ ഭൂരിപക്ഷം പേരും ദലിത് വിഭാഗങ്ങളിൽ പെട്ടവരാണ്. ബഹുഭൂരിഭാഗം പേർക്കും സ്ഥിരമായ മേൽവിലാസമോ ജനന സർടിഫിക്കറ്റുകളോ സ്കൂൾ സർടിഫിക്കറ്റുകളോ ഇല്ല. പലർക്കും വോട്ടർ ഐഡി പോലുമില്ല. പൗരത്വം തെളിയിക്കാനുതകുന്ന രേഖകൾ ഒന്നും തന്നെ ഉള്ളവർ അല്ല ഇവർ.

തലമുറകളായി ജന്മികൾക്കു അടിമപ്പണി ചെയ്തു ജീവിക്കുന്ന ഭൂരഹിതരായ പിന്നാക്കക്കാർ, ഉപജീവനത്തിനായി തൊഴിൽ തേണ്ടി നഗരങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക് പാലായനം ചെയ്യുന്നവർ, ചേരി നിവാസികൾ. അസമിലും ബീഹാറിലും പതിവുള്ള വെള്ളപൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ ഒലിച്ചുപോയ തങ്ങളുടെ ചെറുചാളകളിൽ നിന്ന് സ്വന്തം ജീവൻ മാത്രം കരക്ക് കയറ്റിയവർ. അതെ, ഈ പൗരത്വ പരീക്ഷയിൽ തോൽക്കുന്നവർ, ഇവർ കൂടെയാണ്.

അസമിൽ ദേശീയ പൗരത്വ രജിസ്റ്റർ ആദ്യ ഘട്ടത്തിൽ പുറത്തുവിട്ടപ്പോൾ പുറംതള്ളപ്പെട്ട 40 ലക്ഷത്തിൽ പത്തുലക്ഷത്തോളം ബംഗാളിൽ നിന്നുള്ള നാമശൂദ്ര വിഭാഗങ്ങളായിരുന്നു. അവർ ഇതിനെതിരെ നടത്തിയ

പ്രക്ഷോഭങ്ങൾ ഇതോടൊപ്പം കൂട്ടിവായിക്കാവുന്നതാണ്. ഈ വർഷം വന്ന പുതുക്കിയ എൻ ആർ സി പട്ടിക അനുസരിച്ച് പൗരത്വത്തിൽ നിന്ന് പുറത്താക്കപ്പെട്ട് പത്തൊൻപത് ലക്ഷത്തിലധികം ആളുകളിൽ പതിനാലു ലക്ഷവും ഹിന്ദുക്കളാണെന്നു ഇന്ത്യൻ എക്സ്പ്രസ്സ് പത്രം റിപ്പോർട്ട് ചെയ്യുന്നു. (ഇത് സർക്കാർ വിവരമല്ല. മതം തിരിച്ചുള്ള കണക്കുകൾ ഭരണകൂടം ഇതുവരെ പുറത്തു വിട്ടിട്ടില്ല). ഈ പതിനാലു ലക്ഷത്തിൽ അധികവും അസമിൽ തോട്ടം തൊഴിലാളികളായി എത്തിയ ജാർഖണ്ഡിൽ നിന്നുള്ള തോട്ടം തൊഴിലാളികളും ബിഹാറിൽ നിന്നുള്ള ദലിത് വിഭാഗങ്ങളും അസമിൽ തന്നെയുള്ള മറ്റു പിന്നാക്ക വിഭാഗങ്ങളുമാണെന്നു പറയപ്പെടുന്നു.

2011ലെ സെൻസസ് പ്രകാരം 17 ലക്ഷം ഇന്ത്യക്കാർ വീടില്ലാത്തവരാണ്. ഇൻഡോ ഗ്ലോബൽ സോഷ്യൽ സർവീസസ് സൊസൈറ്റി ഈ വർഷം അഞ്ച് സംസ്ഥാനങ്ങളിലായി പതിനഞ്ച് നഗരങ്ങൾ കേന്ദ്രീകരിച്ചു നടത്തിയ പഠനമനുസരിച്ചു വീടില്ലാത്തവരിൽ മുപ്പത്തിയാറു ശതമാനം പട്ടികജാതിക്കാരും ഇരുപത്തിമൂന്നു ശതമാനം പട്ടികവർഗ്ഗക്കാരുമാണ്. വീടില്ലാത്തവരിൽ മുപ്പത് ശതമാനം പേർക്കും യാതൊരുതരത്തിലുമുള്ള തിരിച്ചറിയൽ രേഖകളുമില്ല. ഈ പശ്ചാത്തലത്തിൽ ആണ് നിരക്ഷരരും ഭൂമിയില്ലാത്തവരുമായ ദളിതരും ആദിവാസികളും എവിടെ നിന്ന് രേഖകൾ ഹാജരാക്കും എന്ന ചോദ്യം ഉയരുന്നത്.

## ഗോത്രവർഗക്കാരുടെ രേഖ ചോദിക്കുമ്പോൾ

ഗോത്രവർഗങ്ങളുടെ അവസ്ഥയും സമാനമാണ്. രാജ്യത്തെ ആകെ ജനസംഖ്യയുടെ എട്ടര ശതമാനമാണ് ഗോത്രവർഗക്കാർ. തദ്ദേശ്ശീയരും വനവാസികളുമായ ജനത വികസന പ്രവർത്തനങ്ങളുടെ എക്കാലത്തെയും ഇരകളാണ്. വികസനത്തിന് വേണ്ടി നടന്ന കുടിയൊഴിപ്പിക്കലിന്റെ ഭാഗമായി കാടിന്റെ ഉൾഭാഗങ്ങളിലേക്കോ മറ്റേതെങ്കിലും ഇടങ്ങളിലേക്കോ ചിതറിത്തെറിച്ചു പോയവർ. പൗരത്വം പോലുള്ള ആധുനിക ദേശരാഷ്ട്ര സങ്കൽപ്പങ്ങൾക്ക് പുറത്താണ് അവരുടെ തനത് ജീവിതം. അതിനാൽ തന്നെ, പൗരത്വം തെളിയിക്കാനുതകുന്ന രേഖകൾ കാണിച്ച് പൗരത്വം ഉറപ്പാക്കുക അവർക്ക് അസാധ്യമാണ്.

ഇന്ത്യയിൽ ഇപ്പോഴും അനേകം ഗോത്രവർഗക്കാർ നാടോടികളെ പോലെയാണ് ജീവിക്കുന്നത്. ഒരു തരത്തിലുള്ള തിരിച്ചറിയൽ രേഖകളും അവരുടെ പക്കൽ ഇല്ല. ഉൾക്കാടുകളിൽ വസിക്കുന്നവർ പലരും നിയമത്തെ കുറിച്ച് തന്നെ കേട്ടിട്ടില്ലാത്തവരും ഭരണകൂടത്തിന്റെ ഒരു തരത്തിലുമുള്ള കണക്കെടുപ്പുകളിലും ഉൾപ്പെട്ടിട്ടില്ലാത്തവരുമാണെന്നു നാഗ പീപ്പിൾസ് മൂവ്മെന്റ് ഫോർ ഹ്യൂമൻ റൈറ്റ്സ് നേതാവ് ക്രോമേ പറയുന്നു.

ഗോത്രവർഗകാര്യ മന്ത്രാലയത്തിന്റെ കണക്കനുസരിച്ചു 18 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ആൻഡമാൻ നിക്കോബാർ ദ്വീപിലുമായി സവിശേഷനിലയിൽ ദുർബലരായ ഗോത്രവിഭാഗങ്ങൾ (Particularly Vulnerable Tribal Group PVTG) ഗണത്തിൽ പെടുന്ന 75 ആദിവാസി ഗ്രൂപ്പുകളുണ്ട്. വളരെ താഴ്ന്ന സാക്ഷരതയുള്ളവർ, ഉപജീവനത്തിനായി പോലും കഷ്ടപ്പെടുന്നവർ, ദുർഘടവും വിദൂരവുമായ സ്ഥലങ്ങളിൽ ഒറ്റപ്പെട്ടു ജീവിക്കുന്നവർ. പൗരത്വം തെളിയിക്കാനാവശ്യമായ രേഖകൾ ഒന്നുമില്ലാത്ത ഇവർ എന്ത് ചെയ്യും എന്ന ചോദ്യം ബാക്കിയാവുന്നു.

ജാർഖണ്ഡ് ആദിവാസി അവകാശ പ്രവർത്തകനായ അലോക കുജുർ ഒരു അഭിമുഖത്തിൽ പറയുന്നത് കാണുക: 'പട്ടികവർഗ്ഗ /ആദിവാസി പ്രദേശം' ആയ ജാർഖണ്ഡ് ബൊക്കാറോ സ്റ്റീൽ പ്ലാന്റ് ഉൾപ്പെടെയുള്ള പദ്ധതികളും കൽക്കരി, യുറേനിയം, ബോക്സൈറ്റ് എന്നിവയുടെ ഖനനവും കാരണം നാടുകടത്തലിന്റെ ഒരു നീണ്ട ചരിത്രത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഈ ആളുകൾ നിരന്തരം ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് കുടിയേറുകയാണ്. അവരുടെ പിതാവിന്റെയോ മുത്തച്ഛന്റെയോ രേഖകൾ നൽകാൻ നിങ്ങൾ അവരോട് പറഞ്ഞാൽ, അല്ലെങ്കിൽ അവർ എവിടെയാണ് ജനിച്ചതെന്ന് അവരോട് ചോദിച്ചാൽ, അവർ നിങ്ങളോട് എങ്ങനെ പറയും? കാരണം അവരുടെ ഗ്രാമത്തിന്റെ പേര് പോലും അപ്രത്യക്ഷമായി. അതിപ്പോൾ ഇല്ല. അവർ ഗ്രാമത്തിന്റെ പേര് പറഞ്ഞാലും , അത് എവിടെയാണ്? ഏത് ജില്ല? ഇതൊരു പ്രധാന പ്രശ്നമാണ്.

## മോദി സർക്കാർ ദലിതരോട് ചെയ്യുന്നത്

ഇതെല്ലാം ഊഹാപോഹങ്ങളാണെന്നും പാകിസ്ഥാനിൽ നിന്ന് വരുന്ന ദളിതനോടുള്ള മോദി സ്നേഹം സത്യമാണെന്നും കരുതുന്ന നിഷ്കളങ്കർ കാണേണ്ട ചില കണക്കുകൾ വേറെ ഉണ്ട്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ പുറത്തു വിട്ട ക്രൈം ഇൻ ഇന്ത്യ2016 റിപ്പോർട്ട് അനുസരിച്ചു ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ആണ് ദളിതർക്കു നേരെ ഏറ്റവുമധികം ആക്രമണങ്ങൾ നടന്നത്. മോദിയുടെ ഭരണം സത്യത്തിൽ തീവ്ര ഹിന്ദു സംഘടനകൾക്ക് ദളിതരോട് അവർക്കുള്ള ജാതിപരമായ പുച്ഛവും വിദ്വേഷവും ആസൂത്രിതമായ അക്രമങ്ങളിലൂടെ പ്രകടിപ്പിക്കാനുള്ള ധൈര്യവും ഊർജ്ജവും നൽകുകയാണുണ്ടായതെന്നു പറയാം. പശു സംരക്ഷണത്തിന്റെ മറവിൽ, ബീഫ് കഴിച്ചെന്നും കാലികളെ കടത്തിയെന്നുമൊക്കെയുള്ള ആരോപണങ്ങൾ ഉന്നയിച്ചു കൊണ്ട് മുസ്ലിമിനെയും ദളിതനേയും തല്ലിക്കൊല്ലുന്നത് അതിസാധാരണമായ സംഭവം ആയി മാറി. ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ചു ബിജെപി അധികാരത്തിൽ വന്നതിനു ശേഷം ഓരോ പന്ത്രണ്ട് മിനിറ്റിലും ഒരു ദളിതൻ അതിക്രമത്തിന് ഇരയാകുന്നുണ്ട്. ശരാശരി ആറ് ദളിത് സ്ത്രീകൾ ഒരു ദിവസം ബലാൽസംഗത്തിനു ഇരയാകുന്നുണ്ട്.

മോദി സർക്കാരിന്റെ ശ്രമം ദലിതരെ ശാക്തീകരിക്കുകയാണോ, മറിച്ച് അവർക്ക് മുമ്പുണ്ടായിരുന്നതെല്ലാം തട്ടിയെടുക്കുക എന്നതാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സത്യത്തിൽ, പശുവിന്റെ പേര് പറഞ്ഞു ദലിതരുടെ ഭക്ഷണവും ഉപജീവനവും ഇല്ലാതാക്കുകയായിരുന്നു. 201819 ലെ ബജറ്റിൽ മൊത്തം ജനസംഖ്യയിൽ അവരുടെ വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ദളിത് സബ് പ്ലാനിനുള്ള അലോട്ട്മെന്റ് ഉണ്ടായിരിക്കേണ്ടതിന്റെ 80 ശതമാനം കുറവായിരുന്നു. 56,617 കോടി രൂപ മാത്രമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. ദലിത് അധികർ ആന്ദോളൻ നടത്തിയ പഠനമനുസരിച്ചു അതിൽ 1,14,717 കോടി രൂപയുടെ കുറവ്. തീർത്തും അപര്യാപ്തമായ ഈ വിഹിതത്തിൽ പോലും 28,698 കോടി രൂപ മാത്രമാണ് ദലിതരുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന പദ്ധതികൾക്കായി ഉദ്ദേശിക്കുന്നത്.

വിദ്യാഭ്യാസ രംഗത്തും സമാനമായ അവസ്ഥയുണ്ട്. സർവകലാശാലകളിൽ ദലിത് വിദ്യാർത്ഥികൾക്കായുള്ള സീറ്റുകളുടെ എണ്ണം വെട്ടിച്ചുരുക്കുന്നതും അവർക്കായുള്ള സ്കോളർഷിപ്പുകൾ തടഞ്ഞുവെക്കുന്നതും മോദി ഭരണകാലത്ത് പതിവാണെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. ദലിത് വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് കുടിശ്ശിക അടയ്ക്കുന്നതിന് 201718 വർഷം 8,000 കോടി രൂപ ആവശ്യമായിരുന്നു. എന്നാൽ 3347.8 കോടി രൂപ മാത്രമാണ് അനുവദിച്ചത്. 201819 ൽ ഇത് പിന്നെയും കുറയ്ക്കുകയും നൂറുകണക്കിന് കോടി കുടിശ്ശിക അടയ്ക്കാതെ തുടരുകയും ചെയ്തു. രോഹിത് വെമുലയുടെയും പായൽ തദ്വിയുടെയും ഉൾപ്പെടെയുള്ള ഇൻസ്റ്റിറ്റിയൂഷനൽ കൊലപാതകങ്ങളും ഉന്നതവിദ്യാഭ്യാസ ലക്ഷ്യങ്ങളുമായിവരുന്ന ദലിത് വിദ്യാർത്ഥികൾ നേരിടുന്ന വിവേചനങ്ങളെ ഭരണകൂടം വേണ്ട രീതിയിൽ കൈകാര്യം ചെയ്യുന്നില്ല എന്നതിന്റെ ഉദാഹരണമാണ്.

കൊട്ടിഘോഷിക്കപ്പെട്ട സ്വച്ഛഭാരത് ക്യാമ്പയിന്റെ പേരിൽ ഉള്ള ഗിമ്മിക്കുകൾ നടന്നു പോകുമ്പോഴും ക്ലീനിങ് ജോലിക്കിടയിൽ ജീവൻ നഷ്ടപെടുന്ന തൊഴിലാളികളുടെ എണ്ണം കൂടിവരികയാണ്.ശുചീകരണ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന എൻ ജി ഒയുടെ കണക്കനുസരിച്ചു ഓരോ മൂന്നു ദിവസത്തിലൊരിക്കലും ഒരു ശുചീകരണ തൊഴിലാളിയെങ്കിലും ഓടയിൽ വീണു മരണപ്പെടുന്നുണ്ട്. 2017 ജനുവരി മുതൽ 2018 സെപ്തംബർ വരെ മാത്രം 212 പേരാണ് മരണപ്പെട്ടത്. അവർ തൊഴിലെടുക്കുന്ന ശോചനീയമായ അവസ്ഥ പരിഹരിക്കാനുള്ള ഒരു തരത്തിലുള്ള ശ്രമവും ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ആരാണ്, കൈകൾ കൊണ്ട് മലം കോരാൻ വിധിക്കപ്പെട്ട ഈ ശുചീകരണ ജോലിക്കാർ? ദലിതർ അല്ലാതെ മറ്റാര്?

ദലിതരുടെ സംവരണവും വോട്ടവകാശവും നിഷേധിക്കാനുള്ള ശ്രമങ്ങൾക്കും താൽപ്പര്യങ്ങൾക്കും പിന്നാലെയാണ് പുതിയ ദലിത് പ്രേമവുമായി ബി.ജെ.പി വരുന്നത് എന്ന കാര്യവും ഇതോടൊപ്പം കൂട്ടിവായിക്കേണ്ടതുണ്ട്. സംവരണത്തിന് എന്നും എതിരാണ് സംഘപരിവാരം. മണ്ഡൽ കമീഷൻ ശുപാർശകൾക്കെതിരായ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയ സംഘപരിവാരം സവർണ്ണ താൽപ്പര്യങ്ങൾക്കനുസൃതമായി സംവരണം മാറണമെന്ന നിലപാടാണ് ഇക്കാലമത്രയും പുലർത്തിയത്. കാലങ്ങളായി മുഖ്യധാരാ സാമൂഹ്യ ജീവിതത്തിനു അരികിലേക്ക് വലിച്ചെറിയപ്പെട്ട ദലിത്, ഗോത്ര സമൂഹങ്ങൾ ഏകാശ്രയമായി കരുതുന്ന സംവരണം എടുത്തുകളയാൻ താൽപ്പര്യപ്പെടുന്നവരാണ് ആ നിലപാട് മറച്ചുവെച്ച് ഇപ്പോൾ ദലിത് പ്രേമം പറയുന്നത്.

രേഖകൾ ഇല്ലെന്ന കാരണം പറഞ്ഞും സാങ്കേതിക കാര്യങ്ങൾ ചൂണ്ടിക്കാട്ടിയും വോട്ടേഴ്സ് ലിസ്റ്റിൽനിന്ന് നിരന്തരം പുറത്തുപോവുന്ന വിഭാഗങ്ങൾ കൂടിയാണ് ദലിത്, ഗോത്രവർഗങ്ങൾ. 2019 ൽ കോടി ദലിതരാണ് വോട്ടർ പട്ടികയിൽനിന്ന് പുറത്തുപോയതെന്നാണ് ഹൈദരാബാദ് കേന്ദ്രമായി പ്രവർത്തിക്കുന്ന റേ ലാബ്സ് നടത്തിയ പഠനം തെളിയിക്കുന്നത്. ഇത്രയും പേർക്ക് വോട്ട് ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ കൂടിയാണ് വൻ വിജയം നേടി മോദി ഭരണകൂടം അധികാരത്തിലേറിയത്.

## ഹിന്ദുരാഷ്ട്രത്തിൽ ദലിതന്റെ ഇടം

പ്രത്യക്ഷത്തിൽ മുസ്ലിമിനെതിരെ എന്ന് തോന്നിപ്പിക്കുന്ന ഈ ദിവ്യാസ്ത്രം പ്രയോഗിക്കപ്പെടാൻ പോകുന്നത് ബഹുജൻ എന്ന് വിശേഷിപ്പിക്കപ്പെടുന്ന പട്ടികജാതി പട്ടികവിഭാഗങ്ങൾക്കും മറ്റു മതന്യൂനപക്ഷങ്ങൾക്കെതിരെയുമാണ്. ഒരു തുണ്ടു ഭൂമിക്കും കിടപ്പാടത്തിനും വേണ്ടി സമരം ചെയ്യേണ്ടി വന്നവർ നാളെ ഈ മണ്ണിൽ ജീവിക്കാനും ഇന്ത്യക്കാരനെന്ന അംഗീകാരത്തിനും വേണ്ടി സമരം ചെയ്യേണ്ട അവസ്ഥയാണ്. ദേശീയതയുടെ മൊത്തക്കച്ചവടക്കാരായി ഫ്യുഡൽ ജന്മിയുടെ മുഖംമൂടിയണിഞ്ഞ ഭരണകൂടം ആണ് അവരെ പുറംതള്ളുന്നത്.

ഒരു ദലിതൻ രൂപകൽപന ചെയ്ത ഭരണഘടനയെ കൂടെയാണ് ബ്രാഹ്മണ്യ വാദികൾ ലക്ഷ്യം വെയ്ക്കുന്നത്. അംബേദ്കറുടെ ഭരണഘടനയുടെ അന്ത:സത്തയ്ക്ക് തുരങ്കം വെക്കുക എന്നത് ദീർഘകാലമായി അവർ സ്വപ്നം കാണുന്ന കാര്യമാണ്. ദളിതനിടമില്ലാത്ത മനുവിന്റെ ഭരണഘടനയാണ് അവർക്ക് പഥ്യം. അംബേദ്കർ കത്തിച്ചെറിഞ്ഞ മനുസ്മൃതിയിലേക്കുള്ള പ്രത്യക്ഷമായ കാൽവെയ്പാണ് അവരുടെ മാർഗം. ഭരണഘടനയ്ക്ക് പകരം മനുസ്മൃതി പിൻപറ്റുന്ന ഒരു ഭരണകൂടത്തിന്റെ കീഴിൽ, ജാതിവ്യവസ്ഥ ഊട്ടിയുറപ്പിക്കപ്പെടുമ്പോൾ ദളിതരും ആദിവാസികളും അനുഭവിക്കാൻ പോകുന്ന വിവേചനവും അരക്ഷിതാവസ്ഥയും ഊഹിക്കാവുന്നതേയുള്ളൂ.

ഉത്തരേന്ത്യൻ സവർണ ബ്രാഹ്മണ്യത്തിന്റെ, മനുസ്മൃതിയുടെ അധീശത്വം ഉറപ്പിക്കുന്ന ഹിന്ദു അണിയിൽ നിന്നും എക്കാലവും വ്യതിരിക്തമായ സ്വത്വം സൂക്ഷിച്ച

വരാണ് ദലിതരും ഗോത്രവർഗക്കാരും. കാലങ്ങളായുള്ള ദുരിതങ്ങളിൽ നിന്ന്, അടിമത്തത്തിൽ നിന്ന് വളരെ പതുക്കെ നിരന്തര പോരാട്ടങ്ങളിലൂടെ മോചനം നേടാൻ കിണഞ്ഞു ശ്രമിക്കുന്ന ജനത. അവരെ പഴയ ഉച്ചനീചത്വങ്ങളുടെ കാലത്തേക്ക് വലിച്ചെറിയുക കൂടിയാണ് സവർണ്ണ ബ്രാഹ്മണ്യത്തിന്റെ അടിത്തറയിൽ പണിയാനുദ്ദേശിക്കുന്ന മതരാഷ്ട്രത്തിന്റെ ഉള്ളിലിരിപ്പ്.

അംബേദ്ക്കറിനോടുള്ള സംഘപരിവാർ നിലപാടും ബ്രാഹ്മണ ദാസ്യവും അറിയാൻ കഴിഞ്ഞ ദിവസം ഗുജറാത്ത് നിയമസഭാ സ്പീക്കർ പറഞ്ഞ ഒരു കാര്യം അറിഞ്ഞാൽ മതി. ഭരണഘടനയുടെ കരട് തയ്യാറാക്കിയതിന്റെ ബഹുമതി ഡോ. ബി ആർ അംബേദ്കർ ബ്രാഹ്മണനായിരുന്ന ബി എൻ റാവുവിന് നൽകിയിരുന്നതായാണ് ഗുജറാത്ത് നിയമസഭാ സ്പീക്കർ രാജേന്ദ്ര ത്രിവേദി പറഞ്ഞത്. 'മെഗാ ബ്രാഹ്മൺ ബിസിനസ് സമ്മിറ്റ്' എന്ന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുമ്പോഴാണ് ത്രിവേദി ഇപ്രകാരം പറഞ്ഞത്. സാമ്പത്തിക ശാസ്ത്രജ്ഞനായ അഭിജിത് ബാനർജി ഉൾപ്പെടെ ഒമ്പത് ഇന്ത്യൻ നൊബേൽ ജേതാക്കളിൽ എട്ട് പേരും ബ്രാഹ്മണരാണെന്നായിരുന്നു ത്രിവേദിയുടെ അവകാശ വാദം.

## മനുസ്മൃതിയും ദലിതരും തമ്മിലെന്താണ്?

അടിസ്ഥാനപരമായി വർണവ്യവസ്ഥയിലും ബ്രാഹ്മണാധിപത്യത്തിലും വിശ്വസിക്കുന്നവരാണ് ബിജെപി, ആർ എസ് എസ്, സംഘ് പരിവാരങ്ങൾ. അവരുടെ ഗുരുവായിരുന്ന ഗോൾവാൾക്കർ ഈ ജാതിവ്യവസ്ഥയെ ഒരു ദൈവദത്തമായ ജീവിത രീതിയായി കാണുന്നതിന് പുറമെ ജാതി വിവേചനം എന്ന ആശയത്തെ ഇന്ത്യക്കാരിൽ കുത്തിവെച്ചതിനു ബ്രിട്ടീഷുകാരെ പഴിക്കുകയും ചെയ്യുന്നു.

മനുവിനെ ഭഗവാൻ എന്നും ഏറ്റവും വലിയ നിയമദാതാവ് വിശേഷിപ്പിച്ചയാൾ ആണ് ഗോൾവാൾക്കർ. മനുവിനെ ഉദ്ധരിച്ചുകൊണ്ട് ബ്രാഹ്മണാധീശത്വം ഊന്നിപ്പറയാൻ ശ്രമിച്ചിരുന്ന ആർ എസ് എസ് ആചാര്യൻ: 'ഈ ഭൂമിയിലെ മുതിർന്ന ബ്രാഹ്മണന്റെ പവിത്രപാദങ്ങളിൽ വന്നു അവരവരുടെ കടമകൾ പഠിക്കാൻ ലോകജനതയ്ക്ക് നിർദേശം നൽകാൻ, ആദ്യത്തെ നിയമദാതാവായ മനുവിനെ, പ്രേരിപ്പിക്കുന്നത് ഈ ഘടകമാണ്.' (We,our nationhood defined, pp 117)

ദലിത് വോട്ട് ബാങ്ക് കണക്കാക്കി അംബേദ്കറെ ഹൈജാക് ചെയ്യാൻ ശ്രമിക്കുമ്പോഴും ദലിതർക്കു നേരെ ഉണ്ടാകുന്ന അതിക്രമങ്ങളെ അപലപിക്കുമ്പോഴും ആർ എസ് എസ് മനുസ്മൃതിയെ പിൻപറ്റാൻ ആഗ്രഹിക്കുന്നവരാണ്. അതിന്റെ തെളിവാണ് ഇന്ത്യൻ ഭരണഘടനയ്ക്കു ഏകദേശ രൂപമായപ്പോൾ 1949 നവംബർ 30 ന് ആർ എസ് എസ് മുഖപത്രമായ ഓർഗനൈസറിന്റെ എഡിറ്റോറിയലിൽ പ്രകടമായ നിരാശ. അത് വായിക്കുക: 'എന്നാൽ നമ്മുടെ ഭരണഘടനയിൽ പുരാതന ഭാരതത്തിലെ സവിശേഷമായ ഭരണഘടനാ വികാസത്തെക്കുറിച്ച് പരാമർശമില്ല.സ്പാർട്ടയിലെ ലൈകാർഗസിനെക്കാളും പേർഷ്യയിലെ സൊളനേക്കാളും വളരെ മുന്നേ എഴുതപ്പെട്ടതാണ് മനുവിന്റെ നിയമങ്ങൾ. ഈ ദിവസം വരെയും മനുസ്മൃതിയിൽ രേഖപെടുത്തപ്പെട്ടതു പോലെയുള്ള മനുവിന്റെ നിയമങ്ങൾ ലോകത്തിന്റെ തന്റെ ആരാധനാഭാവത്തെ ഉണർത്തുകയും സ്വതസിദ്ധമായ വിധേയത്വവും അനുരൂപതയും ഏറ്റുവാങ്ങുകയും ചെയ്യുന്നു.എന്നാൽ നമ്മുടെ ഭരണഘടനാ പണ്ഡിതന്മാർക്ക് അതൊരു വിഷയമേ അല്ല.'

ഇവർ രാജ്യത്തിന്റെ ഭരണഘടനയാക്കാൻ ആഗ്രഹിച്ച മനുസ്മൃതി ദളിതനെ വീക്ഷിക്കുന്ന വിധം കൂടി ഒന്ന് നോക്കാം:

ഭരണാധികാരികൾ ശൂദ്രന്മാരായ ഒരു രാജ്യത്ത് അവൻ താമസിക്കരുത്. (മനു iv. 61)

ഒരു ശൂദ്രൻ അഹങ്കാരത്തോടെ ബ്രാഹ്മണരോട് മതം പ്രസംഗിക്കുന്നുവെങ്കിൽ, രാജാവ് വായിലും ചെവിയിലും കത്തുന്ന എണ്ണ ഒഴിച്ചു കൊടുക്കേണ്ടതുണ്ട് (മനു iii. 272.).

സംരക്ഷിക്കപ്പെടാത്ത ഉയർന്ന ജാതിയിലുള്ള ഒരു സ്ത്രീയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്ന ഒരു ശൂദ്രന് ഇനിപ്പറയുന്ന രീതിയിൽ ശിക്ഷിക്കപ്പെടും; അവൾ സംരക്ഷിക്കപ്പെട്ടിരുന്നില്ലെങ്കിൽ, അയാൾക്ക് കുറ്റകരമായ ഭാഗം നഷ്ടപ്പെടും; അവൾക്ക് കാവൽ ഏർപ്പെടുത്തിയിരുന്നെങ്കിൽ അയാളെ വധിക്കുകയും സ്വത്ത് കണ്ടുകെട്ടുകയും വേണം.(മനു viii. 374.)

ഒരു ശൂദ്രനും സ്വന്തമായി സ്വത്ത് ഉണ്ടായിരിക്കരുത്, അവന് സ്വന്തമായി ഒന്നുമുണ്ടാകരുത്.സമ്പന്നനായ ഒരു ശൂദ്രന്റെ നിലനിൽപ്പ് ബ്രാഹ്മണർക്ക് ദോഷകരമാണ്. ഒരു ബ്രാഹ്മണന് ഒരു ശൂദ്രന്റെ സാധനങ്ങൾ കൈവശപ്പെടുത്താം. (manu viii 417 & 129)

ഒരു ശൂദ്രൻ നിയമവാഴ്ച നടപ്പിലാക്കുമ്പോൾ കണ്ടുനിൽക്കുന്ന ഒരു രാജാവിന്റെ രാജ്യം പശു ചതുപ്പുനിലത്തിൽ എന്നപോലെ താഴ്ന്നുപോകും. (മനു viii. 21.)

തന്റെ ഉപജീവനം ദുരിതത്തിലാണെങ്കിൽ, തന്റെ ശൂദ്രന്റെ സാധനങ്ങൾ ഒരു ബ്രാഹ്മണന് യാതൊരു മടിയും കൂടാതെ പിടിച്ചെടുക്കാം, ശൂദ്രന് ഒരു തൊഴിൽ മാത്രമേ ഉണ്ടാകാവൂ.മനുവിന്റെ ഒഴിച്ചുകൂടാനാവാത്ത നിയമങ്ങളിൽ ഒന്നാണിത്. മനു പറയുന്നു. (മനു viii. 417)

സംഘ പരിവാരത്തിന്റെ മറ്റൊരു ആചാര്യനായ സവർക്കറും മനുസ്മൃതിയെ പിന്തുടരാൻ ആഹ്വാനം ചെയ്തയാളായിരുന്നു:

'നമ്മുടെ ഹിന്ദു രാഷ്ട്രത്തിൽ വേദങ്ങൾക്കു ശേഷം ഏറ്റവും കൂടുതൽ ആരാധിക്കാവുന്നതും പുരാതന കാലം മുതൽ നമ്മുടെ സംസ്കാരആചാരങ്ങളുടെയും ചിന്തയുടെയും പ്രയോഗത്തിന്റെയും അടിസ്ഥാനവുമായി മാറിയ തിരുവെഴുത്താണ് മനുസ്മൃതി. നമ്മുടെ രാജ്യത്തിന്റെ ആത്മീയവും ദിവ്യവുമായ മുന്നേറ്റത്തെ കാലങ്ങളായി ഈ പുസ്തകം ചിട്ടപ്പെടുത്തിയിരിക്കുന്നു. ഇന്നും കോടിക്കണക്കിന് ഹിന്ദുക്കൾ അവരുടെ ജീവിതത്തിലും

പ്രയോഗത്തിലും പിന്തുടരുന്ന നിയമങ്ങൾ മനുസ്മൃതി അടിസ്ഥാനമാക്കിയുള്ളതാണ്. ഇന്ന് മനുസ്മൃതി ഹിന്ദു നിയമമാണ്. അത് അടിസ്ഥാനപരമാണ്.'

(VD Savarkar, -'Women in Manusmriti' in Savarkar Samagarf vol. 4, p. 415.]

സവർക്കർ ദളിത് പ്രേമി ആയിരുന്നു എന്ന ആഖ്യാനങ്ങൾ പുറത്തു വരുമ്പോൾ തന്നെ ദളിതരെ എക്കാലവും അടിമകളാക്കി വെക്കാൻ കാരണമായ ചാതുർവർണ്യ വ്യവസ്ഥയെ സവർക്കർ അദ്ദേഹത്തിന്റെ പുസ്തകമായ 'ഹിന്ദുത്വ'യിൽ നോക്കി കാണുന്ന രീതി നോക്കാം: 'വർണ്ണ സമ്പ്രദായം നമ്മുടെ ദേശീയതയുടെ പ്രധാന സ്വത്വമായി മാറിയിരിക്കുന്നു.'

മറ്റൊരിടത്ത് സവർക്കർ പറയുന്നു: ചതുർവർണ്യമില്ലാത്ത ഒരു രാജ്യം മ്ലേച്ഛ (അന്യഗ്രഹ) രാജ്യമാണ്. ആര്യാവർത്തം വേറിട്ടതാണ്. (ഹിന്ദുത്വ, 1923)

ബ്രാഹ്മണനാൽ നിശ്ചയിക്കപ്പെട്ട, മനുസ്മൃതിയിൽ കൽപിക്കപ്പെട്ട ശിക്ഷയാണ് വർത്തമാന ഇന്ത്യയിലും ദളിതന് നൽകപ്പെടുന്നത്. ഇന്ത്യയിലെ ഗോ സംരക്ഷകരും പിന്തുടരാൻ നോക്കുന്നത് ഈ ബ്രാഹ്മണിക്കൽ നിയമസംഹിതയാണ്. അതിന്റെ പരിണിതഫലമാണ് ഉനയിലുൾപ്പെടെ രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ കണ്ടത്.

ബ്രാഹ്മണരുടെ പശുക്കളെ മോഷ്ടിക്കുന്നതിന്, പശുവിന്റെ മൂക്ക് തുളച്ചുകയറുന്നതിന്, ബ്രാഹ്മണന്റെ കന്നുകാലികളെ മോഷ്ടിക്കുന്നതിനു താമസിയാതെ തന്നെ കുറ്റവാളിയുടെ പകുതി കാൽ നഷ്ടപ്പെടേണ്ടതുണ്ട് എന്ന് എഴുതിവെച്ച മനുവിന്റെ നിയമം തന്നെയാണ് ബിജെപി ഭരണത്തിന് കീഴിൽ നടപ്പാക്കപ്പെടുന്നത്.

ദലിത്, ആദിവാസി ശാക്തീകരണം ആർക്കാണ് ഭീഷണി?

കാലങ്ങളായി അനുഭവിക്കുന്ന അടിച്ചമർത്തലിനെതിരെയും അനീതിക്കെതിരെയും ദലിതർ ഇന്ന് സംഘടിക്കുന്നുണ്ട്, ശബ്ദിക്കുന്നുണ്ട്. ഭീം എന്ന മുദ്രാവാക്യത്തിന്റെ കരുത്തിൽ ബ്രാഹ്മണ്യ അധീശത്വത്തിനെതിരെ ശബ്ദമുയർത്തുന്നുണ്ട്. അംബേദ്ക്കറുടെ രാഷ്ട്രീയ ദർശനത്തെ മുറുകെപ്പിടിക്കുന്ന സംഘടിത മുന്നേറ്റങ്ങളെ നേരിടാൻ ജാതിവ്യവസ്ഥ ഭരിക്കുന്ന ഹിന്ദു മതത്തിൽ ദലിതരെ ഉറപ്പിച്ചു നിർത്തേണ്ടതുണ്ട്. വിദ്യാഭ്യാസപരമായും തൊഴിൽ പരമായും അവർ നടത്തുന്ന മുന്നേറ്റങ്ങൾക്ക് തടയിടേണ്ടതുണ്ട്. മനുരാഷ്ട്രത്തിന്റെ അധികാര ശ്രേണിയിൽ പഞ്ചമ വർഗം എന്ന അധമ വർഗമായി അവരെ നിലനിർത്തേണ്ടത് മനുവാദികളുടെ ആവശ്യമാണ്. അതിന് അവരെ മേൽവിലാസമില്ലാത്തവരും വോട്ടവകാശമില്ലാത്തവരുമാക്കി മാറ്റണം. ദളിത് വോട്ട് ബാങ്ക് നിർണായമാകുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഉയർത്തെഴുന്നേൽക്കുന്നവരുടെ ചൂണ്ടുവിരലുകളെ ബിജെപി ഭയക്കുന്നുണ്ട്. യു പിയിലെയും ബിഹാറിലെയും മുസ്ലിം യാദവ്ദലിത് കൈകോർക്കലുകൾ ഉയർത്തുന്ന വെല്ലുവിളികൾ ബിജെപി തിരിച്ചറിയുന്നുണ്ട്.

ദലിത് ബഹുജൻ മുസ്ലിം പ്രസ്ഥാനങ്ങളുടെ യോജിച്ച പ്രക്ഷോഭങ്ങൾ, വോട്ട് ഏകീകരണം തുടങ്ങിയ ബിജെപി വിരുദ്ധനീക്കങ്ങളെ ഭിന്നിപ്പിക്കുക എന്നത് ഉത്തരേന്ത്യൻ പശ്ചാത്തലത്തിൽ വളരെ പ്രധാനമാണ്. അതിനാൽ ദളിതരുടെയും മറ്റു ന്യൂനപക്ഷ വിഭാഗങ്ങളുടെയും രാഷ്ട്രീയ സാമൂഹിക ശക്തി ക്ഷയിപ്പിക്കാനുള്ള ആസൂത്രിത നീക്കവും കൂടിയാണ് പൗരത്വത്തിന്റെ പേരിൽ നടക്കാൻ പോവുന്ന ക്രൂരതകൾ.

നാഷണൽ കോൺഫെഡറേഷൻ ഓഫ് ദലിത് ആൻഡ് ആദിവാസി ഓർഗനൈസേഷൻസ് ചെയർമാൻ അശോക് ഭാരതി അഭിപ്രായപ്പെടുന്നത് പോലെ, ഈ രാഷ്ട്രീയ സമവാക്യങ്ങളെ പൊളിച്ചു കൊണ്ട് ദലിത്, ഗോത്ര, ആദിവാസി വിഭാഗങ്ങളെ ഹിന്ദുവത്കരിക്കലാണ് ഈ പൗരത്വ ഭേദഗതി ബില്ലും ദേശീയ പൗരത്വ രജിസ്റ്ററും ലക്ഷ്യമിടുന്നത്.

അതെ, ഹിന്ദു ഏകീകരണ ശ്രമത്തിനപ്പുറം മറ്റൊന്നുമല്ല, സംഘപരിവാറിനും ബി.ജെ.പി സർക്കാറിനും പൊടുന്നനെ ഉദിച്ച ദലിത് സ്നേഹത്തിനുപുറകിൽ. രണ്ട് ലക്ഷ്യങ്ങൾ അതിനു പുറകിലുണ്ട്. ഒന്ന്, ദീർഘകാല ലക്ഷ്യം. മറ്റൊന്ന് അടിയന്തിര, താൽക്കാലിക ലക്ഷ്യം. മറ്റെല്ലാ സ്വത്വങ്ങളും മറന്ന് ഹിന്ദു എന്ന ഒരൊറ്റ സ്വത്വത്തിലേക്ക് ദലിതരെയും ഗോത്രവർഗക്കാരെയും അണിനിരത്തുകയാണ് ദീർഘകാല ലക്ഷ്യം. ഹിന്ദുരാഷ്ട്രം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യയെ പരിവർത്തിപ്പിക്കുന്നതിന്, അധമമായ ഒരിടത്തെങ്കിലും ദലിതരെയും ഗോത്രവർഗക്കാരെയും അവർക്കാവശ്യമുണ്ട്. ഹ്രസ്വ ലക്ഷ്യം വളരെ ലളിതമാണ്. രാജ്യവ്യാപക പ്രക്ഷോഭത്തെ തളർത്തുക. ഇന്ത്യയുടെ നിലനിൽപ്പിനു വേണ്ടി, ഇന്ത്യക്കാർ എന്ന ഒരൊറ്റ സ്വത്വബോധത്തിനു കീഴിൽ തെരുവുകളിൽ കത്തിപ്പടരുന്ന സംഘശക്തിയെ പല കഷണങ്ങളായി അഴിച്ചെടുക്കുക. പൗരത്വ പ്രശ്നം മുസ്‌ലികളെ മാത്രം ബാധിക്കുന്ന ഒന്നാണെന്ന പ്രതീതി സൃഷ്ടിക്കാനുള്ള തന്ത്രങ്ങൾ പാളിയതിന്റെ ക്ഷീണം മാറ്റാൻ സംഘപരിവാറിനു മുന്നിൽ ഇപ്പോഴീ ദലിത് ആംഗിൾ മാത്രമേയുള്ളൂ.

മുമ്പു പറഞ്ഞതെല്ലാം വിഴുങ്ങി, പൗരത്വ നിയമം ദലിതർക്കു വേണ്ടിയുള്ളതാണ് എന്ന് നിരന്തരം ആവർത്തിക്കാൻ മോദിയെയും അമിത് ഷായെയും സംഘപരിവാറിനെയും പ്രേരിപ്പിക്കുന്നത് ഇപ്പറഞ്ഞ രണ്ട് ലക്ഷ്യങ്ങൾ മാത്രമാണ്. ഒരു കാര്യം തീർച്ചയാണ്. രാജ്യത്തിന്റെ പലഭാഗത്തായി പണികഴിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്ന തടങ്കൽ പാളയങ്ങളിലേക്ക് തള്ളിവിടപ്പെടുന്നവരിൽ ഒരു മനുവാദിയും സവർണ ഹിന്ദുവും ഉണ്ടായിരിക്കില്ല. എന്നാൽ, ഇതുപോലെ ദലിതരുടെയും ആദിവാസികളുടെയും പിന്നോക്ക വിഭാഗങ്ങളുടെയും കാര്യത്തിൽ ഉറപ്പുപറയാൻ ആർക്കുമാവില്ല. കാരണം, അടിസ്ഥാനപരമായി ഇത് രേഖകളുടെ ഒരു കളി മാത്രമാണ്.

*(കടപ്പാട്: മലയാളം വാരിക)*

(2020 ഫെബ്രുവരി ലക്കം
ഗോകുലം **ശ്രീ** മാസികയിലെ ഒബ്സർവേഷൻ
പേജിൽ പ്രസിദ്ധീകരിച്ച ലേഖനം)

# കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ...

**ഡോ. പി.എ. ഫസൽ ഗഫൂർ**

പൗരത്വബില്ലും ജനസംഖ്യാ രജിസ്ട്രറും നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇന്ത്യയുടെ ഭരണഘടന തന്നെ വലിയ പരീക്ഷണങ്ങളെ നേരിടുകയാണ്. 22 വലിയ സംസ്ഥാനങ്ങളിൽ 15 എണ്ണം ഇതിനെ എതിർക്കുകയാണ്. അങ്ങനെ വരുമ്പോൾ നമ്മുടെ ഭരണഘടന എവിടെ നിൽക്കുന്നു എന്ന് നിരീക്ഷിക്കേണ്ടിയിരിക്കുന്നു. ഭരണഘടന പ്രകാരം ഇന്ത്യ ഒരു ഫെഡറൽ സിസ്റ്റമാണ്. അതെത്രത്തോളം ശരിയാണ്? അതിന് മുമ്പ് ഈ ഫെഡറൽ സിസ്റ്റങ്ങൾ ലോകത്തെ ഏതൊക്കെ രാജ്യങ്ങളെ എങ്ങനെ ബാധിച്ചിട്ടുണ്ട്? എങ്ങനെയാണ് അവിടെ പ്രതിസന്ധികളെ തരണം ചെയ്തത്? എന്നൊക്കെ പരിശോധിക്കാം.

ലോകത്തിലെ സമ്പൂർണ്ണ ഫെഡറൽ സിസ്റ്റം അമേരിക്കയിലാണ്. അമേരിക്കയിലെ അഞ്ച് സം സ്ഥാനങ്ങൾക്കും വ്യക്തിപരമായ നിയമങ്ങളിൽ, പ്രത്യേകിച്ച് ക്രിമിനൽ നിയമങ്ങളിൽ പോലും വ്യത്യസ്തതയാണുള്ളത്. ഉദാഹരണത്തിന് ഒരു സംസ്ഥാനത്ത് സ്വവർഗവിവാഹം അനുവദിക്കുന്നുണ്ട്. എന്നാൽ മറ്റിടങ്ങളിൽ ഇല്ല. വേറെ സംസ്ഥാനങ്ങളിൽ പെൺകുട്ടികളുടെ വിവാഹപ്രായം 15 ആയി കുറച്ചിട്ടുണ്ട്. ഒരു സംസ്ഥാനത്ത് വധശിക്ഷ നടപ്പാക്കുന്നു. മറ്റിടങ്ങളിലില്ല. എന്നാൽ അമേരിക്കൻ ഭരണഘടനയനുസരിച്ച് ഒരു സംസ്ഥാനത്തിനും സ്വയം സ്വാതന്ത്ര്യം പ്രഖ്യാപിച്ച് യുണൈറ്റഡ് സ്റ്റേറ്റ്സ് വിട്ടുപോകാൻ പറ്റില്ല. 1860ലെ അമേരിക്കൻ ആഭ്യന്തരയുദ്ധം തന്നെയാണ് ഏറ്റവും വലിയ ഉദാഹരണം. അന്ന് എബ്രഹാം ലിങ്കനായിരുന്നു പ്രസിഡന്റ്. അദ്ദേഹം അടിമക്കച്ചവടം നിരോധിച്ചു. അപ്പുറത്ത് 13 ഓളം സംസ്ഥാനങ്ങൾ (സതേൺ സ്റ്റേറ്റ്സ്) ഇതിനെതിരായിരുന്നു. കാരണം അടിമകളെ ഉപയോഗിച്ചായിരുന്നു അവിടെ കോട്ടൺ കൃഷി നടത്തിയിരുന്നത്. ആ സംസ്ഥാനങ്ങളെല്ലാം സ്വാതന്ത്ര്യം പ്രഖ്യാപിച്ച് കൺഫെഡറേറ്റ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക എന്ന പേരിൽ പുതിയൊരു രാജ്യമുണ്ടാക്കി. ആ രാജ്യവും യു.എസ്.എയും തമ്മിൽ ആഭ്യന്തരയുദ്ധം നടന്നു. യുദ്ധം അഞ്ചുവർഷം നീണ്ടുനിന്നു. ഇരുരാജ്യങ്ങളിലുമായി ലക്ഷക്കണക്കിനാളുകൾ മരിച്ചു. യുദ്ധത്തിൽ യു.എസ്.എ വിജയിക്കുകയും പിന്നീട് രണ്ട് രാജ്യങ്ങളും ഒന്നാവുകയും ചെയ്തു. എന്നാൽ ഇതിന്റെ പേരിൽ കൺഫെഡറേറ്റ് സ്റ്റേറ്റ്സിന്റെ പട്ടാളക്കാർക്കോ തലവൻമാർക്കോ എതിരായി യാതൊരു പ്രതികാരനടപടിയുമെടുക്കുകയുണ്ടായില്ല.

ഇനി യു.എസ്.എസ്.ആറിൽ എന്താണ് സംഭവിച്ചതെന്നുനോക്കാം. അവിടെ വിപ്ലവം വന്നതിനുശേഷം ലെനിന്റെയും സ്റ്റാലിന്റെയും നേതൃത്വത്തിൽ പൂർണ്ണ കമ്മ്യൂണിസ്റ്റ് രാജ്യമായി. അവിടത്തെ 15 സംസ്ഥാനങ്ങൾക്കും യു.എസ്.എസ്.ആർ വിട്ടുപോകാൻ ഭരണഘടന പ്രകാരം അധികാരമുണ്ടായിരുന്നു. ഒരുപാട് വർഷം ഒന്നിച്ചുനിന്നതിനുശേഷം 1990കളിൽ ഗോർബച്ചേവ് ഗ്ലാസ്നോസ്തും പെരിട്രോയിക്കയും നടപ്പാക്കിയപ്പോൾ ആ രാജ്യങ്ങളിൽ മുറുമുറുപ്പുണ്ടായി. ജോർജിയ, യുക്രയ്ൻ, മോൾഡോവിയ തുടങ്ങിയ സംസ്ഥാനങ്ങളിൽ റഷ്യൻ ഫെഡറേഷന്റേയും ബോറിസ് യെൽറ്റ്സിന്റെയും നേതൃത്വത്തിൽ സോവിയറ്റ് യൂണിയൻ പിരിച്ചുവിടാനുള്ള തീരുമാനമെടുത്തു. ആദ്യം എസ്തോനിയ, ലാത്വിയ, ലിത്തൂനിയ തുടങ്ങിയ രാജ്യങ്ങൾ പിരിഞ്ഞുപോയി. തുടർന്ന് മറ്റുരാജ്യങ്ങളും. അവസാനം അവിടെ മുസ്ലീമായിട്ടുള്ള ഏഷ്യാറ്റിക് റിപ്പബ്ലിക്കുകൾ, അതായത് തുർക്കമെനിസ്ഥാൻ, കിർഗി സ്ഥാൻ, ഖസാക്കിസ്ഥാൻ, അസർബൈജാൻ, ഉസ്ബക്കിസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ മാത്രം സോവിയറ്റ് യൂണിയന്റെ ഭാഗമായി നിലകൊണ്ടു. അതിന്റെ രാഷ്ട്രത്തലവൻമാരായിട്ടുള്ള നൂർ സുൽത്താൻ നാസർഭായിയെയും യൂസഫ്പോവും ഗോർബച്ചേവിനെയും യെൽറ്റ്സിനെയും കാണുകയും സോവിയറ്റ് യൂണിയൻ നിലനിർത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തതെങ്കിലും സമ്മതിച്ചില്ല. ഇവരെ വേറെ രാഷ്ട്രമായി പ്രഖ്യാപിക്കുകയാണ് ചെയ്തത്. സംസ്ഥാനങ്ങൾക്ക് വലിയ അധികാരമുള്ള ഒരു ഭരണഘടനയാണ്

ഇതിന് കാരണം. അടുത്തുനടന്ന മറ്റൊരു സംഭവം പറയാം. സ്കോട്ട്ലന്റ് ഒറ്റരാജ്യമായി പോകാൻ ആഗ്രഹിച്ചു. ഇക്കാര്യത്തിൽ അഭിപ്രായ വോട്ടെടുപ്പ് നടത്തിയപ്പോൾ നേരിയ ഭൂരിപക്ഷത്തിന് ഫലം സ്കോട്ട്ലന്റിന് എതിരായി വന്നു. ലോകത്തുതന്നെ പല രാജ്യങ്ങളും പല രീതിയിലാണിതിനെ കാണുന്നത്. സംസ്കാരത്തിന്റേയും ഭാഷയുടെയും പാരമ്പര്യത്തിന്റെയും സമ്പത്തിന്റെയും പേരിൽ രാജ്യങ്ങൾ പിരിയുകയും ഒന്നാവുകയും ചെയ്യുന്ന കാഴ്ചകളാണ് നാം ഈ നൂറ്റാണ്ടിൽ കണ്ടിട്ടുള്ളത്. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ഇന്ത്യയിൽ നടക്കുന്ന പോരാട്ടങ്ങളെ ഇതിന്റെ വെളിച്ചത്തിൽ കാണേണ്ടിയിരിക്കുന്നു.

ഭരണഘടന അനുസരിച്ച് ഇന്ത്യയെ ഒരു ഫെഡറൽ രാഷ്ട്രമായിട്ടാണ് പ്രഖ്യാപിച്ചിരിക്കുന്നത്. എന്താണ് ഫെഡറൽ രാഷ്ട്രം? ചില അധികാരങ്ങൾ കേന്ദ്രത്തിന്. ചിലത് സംസ്ഥാനത്തിന്. മറ്റു ചിലത് തുല്യവും. ഇതിന്റെ പേരാണ് സെൻട്രൽ ലിസ്റ്റ്. സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ്. കൺകറന്റ് ലിസ്റ്റ് എന്ന് പറഞ്ഞാൽ കേന്ദ്രത്തിനും സംസ്ഥാനത്തിനും ഒരേ അധികാരം എന്നാണർത്ഥം. ഇതിന് പുറമെയാണ് റസിജുവറി പവേഴ്സ്. എന്നുവെച്ചാൽ എവിടെയും രേഖപ്പെടുത്താത്ത അധികാരങ്ങൾ. അത് കേന്ദ്രത്തിനാണ്. ഇന്ത്യയിലെ അധികാരങ്ങളും ബജറ്റും പരിശോധിക്കാം. അധികാരങ്ങൾ നോക്കിയാൽ എൺപതുശതമാനവും കേന്ദ്രത്തിനാണ്. പതുക്കെപ്പതുക്കെ സംസ്ഥാനങ്ങളുടെ അധികാരങ്ങൾ ഇല്ലാതാക്കിയിട്ടുമുണ്ട്. അടിയന്തരാവസ്ഥാ കാലത്ത് വിദ്യാഭ്യാസം, വനം എന്നിവ കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റി. അതോടെ സംസ്ഥാനങ്ങളുടെ വിദ്യാഭ്യാസ കാഴ്ചപ്പാടിന് വിലയില്ലാതായി. കൺകറന്റ് ലിസ്റ്റിൽ അഭിപ്രായവ്യത്യാസം വന്നാൽ അവസാനതീർപ്പ് കേന്ദ്രത്തിനാണ്. കേരളമെടുത്താൽ, ഇവിടെ കമ്മ്യൂണിസ്റ്റ് ചിന്താഗതിയുള്ളവർ കൂടുതലുണ്ട്. അതുകൊണ്ടുതന്നെ അവരുടെ സർക്കാറുകൾ വരുമ്പോൾ സ്വാശ്രയത്തിന് അവർ അനുകൂലമല്ല. വിദ്യാഭ്യാസരംഗത്ത് സ്വകാര്യ-സർക്കാർ ഒരുമിച്ചുള്ള പദ്ധതിയെയും സ്വയംഭരണ കോളജുകളെയും അവർ എതിർക്കുന്നു. പത്തുവർഷത്തിനുള്ളിൽ വിദ്യാഭ്യാസം പൂർണ്ണമായും സ്വയംഭരണ സെക്ടറിനെ ഏൽപ്പിക്കുകയെന്നതാണ് കേന്ദ്രത്തിന്റെ നയം. ഇത് കേരളത്തിൽ നടപ്പാക്കാൻ പറ്റില്ല. പക്ഷെ സംസ്ഥാനത്തിന് ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്.

യു.ജി.സിയിലൂടെയാണ് പണം സ്ഥാപനങ്ങളിലേക്ക് വരുന്നത്. അത് നൽകാതിരുന്നാൽ തീർന്നില്ലേ? പല പല പുതിയ സ്കീമുകളും വരുന്നുണ്ട്. ഇതിനുള്ള പണമെല്ലാം കേന്ദ്രത്തിൽനിന്നാണ്. ഒരു സംസ്ഥാനത്തിന്റെ രാഷ്ട്രീയ കാഴ്ചപ്പാടിന് യാതൊരു വിലയുമില്ലാതാക്കുന്ന സാഹചര്യമാണ് ഇവിടെയുള്ളത്. ജി.എസ്.ടിയുടെ കാര്യമെടുക്കാം. ജി.എസ്.ടി നടപ്പാക്കിയപ്പോൾ പണം മുഴുവനും ആദ്യം കേന്ദ്രത്തിൽ പോയിട്ട് വിഹിതത്തിനായി നാം കാത്തുകിടക്കണം. ഇപ്പോൾത്തന്നെ ഒരുപാട് പണം കേരളത്തിന് കിട്ടാനുണ്ട്. എന്തിന് പറയുന്നു, പ്രളയത്തിന് കിട്ടാനുള്ള പണം വരെ കിട്ടുന്നില്ല. കോൺഗ്രസായാലും ബി.ജെ.പിയായാലും കേന്ദ്രീകൃത സെറ്റപ്പിൽ വിശ്വസിക്കുന്ന പാർട്ടികളാണ്. ക്രമേണ ക്രമേണ അവർ സംസ്ഥാനങ്ങളുടെ അധികാരം ഇല്ലാതാക്കുന്ന കാഴ് ചയാണ് കാണുന്നത്.

മരട് ഫ്ളാറ്റ് പൊളിച്ചപ്പോഴുള്ള അവസ്ഥ നമുക്കറിയാം. സംസ്ഥാന സർക്കാർ അതിന് എതിരായിരുന്നു. പക്ഷെ പരിസ്ഥിതി മന്ത്രാലയം കേന്ദ്രത്തിന്റെ കൈയിലാണ്. ഒരുപാട് നിയമങ്ങളുണ്ട്. ഫോറസ്റ്റ് ആക്ട്, പരിസ്ഥിതി നിയമം, തീരദേശപരിപാലന നിയമം... കേരളം പോലുള്ള സംസ്ഥാനത്തിന്റെ അവസ്ഥ പോലും പരിഗണിക്കാതെയാണ് തീരദേശ പരിപാലന നിയമം പ്രഖ്യാപിച്ചത്. നദികളിൽ നിന്നും കടലിൽ നിന്നും 500 മീറ്റർ വിട്ടിട്ട് മാത്രമേ നിർമ്മാണം നടത്താൻ പാടുള്ളൂ എന്ന് വരുമ്പോൾ കേരളത്തിൽ എന്തെങ്കിലും നിർമ്മിക്കാൻ കഴിയുമോ? ഏറെ പോരാട്ടങ്ങൾക്കു ശേഷം ഇതിൽ ചെറിയ ഇളവ് വരുത്തിയിട്ടുണ്ട്.

പരിസ്ഥിതിതർക്കങ്ങളും നമുക്കറിയാം. ഒരു സംസ്ഥാനത്തിന്റെ പ്രത്യേക കാലാവസ്ഥ, ഭൂമിയുടെ കിടപ്പ്, ജനസംഖ്യ എന്നിവയൊന്നും മനസ്സിലാക്കാതെ കേന്ദ്ര സർക്കാർ നിയമം പ്രഖ്യാപിക്കുന്നു. അത് കോടതിയിൽ വർഷങ്ങളോളം കെട്ടിക്കിടക്കുന്നു. കോടതി വിധി എതിരായാൽ സംസ്ഥാനത്തിന് വരുന്ന പ്രശ്നങ്ങൾ ചില്ലറയല്ല.

ഗാഡ്ഗിൽ കമ്മിഷൻ റിപ്പോർട്ടനുസരിച്ച് 64 ശതമാനം മലമ്പ്രദേശങ്ങൾ പരിസ്ഥിതി സംരക്ഷണത്തിന്റെ കീഴിലേക്ക് കൊണ്ടുവരുമ്പോൾ ഏറെക്കാലം കുടിയേറ്റമേഖലയിൽ താമസിച്ചിരുന്നവർക്ക് ജീവിതമാർഗം അടയും. പിന്നീട് കസ്തൂരിരംഗൻ കമ്മിഷൻ അത് 37 ശതമാനമാക്കി കുറച്ചു. ഇത്തരത്തിലുള്ള കേന്ദ്ര ഇടപെടലുകൾ സംസ്ഥാനത്തിന് ഹാനികരമാവും. തീരദേശ പരിപാലന നിയമങ്ങൾ അനുസരിച്ച് കേരളത്തിൽ ഒരു തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങളും നടക്കില്ല.

നമ്മുടെ ഭരണഘടന നൂറുതവണയാണ് അമെൻഡ് ചെയ്തിട്ടുള്ളത്. അതേപോലെ പ്രസിഡന്റ് ഭരണം അടിച്ചേൽപ്പിക്കപ്പെട്ടതും നൂറിലധികം തവണയാണ്. ഭരണഘടന ഇരുമ്പുലക്കയല്ല. മറിച്ച് ഭരിക്കുന്ന കക്ഷികൾക്കും ജഡ്ജിമാർക്കും തോന്നിയവിധത്തിൽ അതിനെ ഉപയോഗിക്കാം. അടിയന്തരാവസ്ഥാ കാലഘട്ടത്തിൽ പൗരാവകാശങ്ങളെ എടുത്തുകളഞ്ഞു. ആദ്യം ഓർഡിനൻസ് കൊണ്ടുവന്നു. പിന്നെ അത് ലോക്സഭയിൽ പാസാക്കി. അന്നത്തെ ലോകസഭയുടെ കാലാവധി അഞ്ചിൽ നിന്ന് ആറുവർഷത്തേക്ക് നീട്ടി. വിദ്യാഭ്യാസമടക്കമുള്ള അഞ്ചോളം ഐറ്റങ്ങൾ കേന്ദ്രത്തിന്റെ കൺകറന്റ് ലിസ്റ്റിൽ കൊണ്ടുവന്നു.

പൗരത്വനിയമവും ജനസംഖ്യാ രജിസ്ട്രറും നടപ്പാക്കിയില്ലെങ്കിൽ എന്തു സംഭവിക്കും? ചിലർ പറയുന്നു, ഒന്നും സംഭവിക്കില്ലെന്ന്. സർക്കാരിനെ പിരിച്ചുവിടുക

യാണെങ്കിൽ ഈ സർക്കാർ തന്നെ തിരിച്ചുവരും. അല്ലെങ്കിൽ ചീഫ് സെക്രട്ടറിയെ വിളിച്ചുവരുത്തി കോടതി ഇത് നടപ്പാക്കാൻ പറയും. അങ്ങനെ വന്നാൽ ഉദ്യോഗസ്ഥർ നടപ്പാക്കേണ്ടിവരും. അല്ലെങ്കിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി വരും. മറ്റൊരു വശം, സർക്കാരിനെ പിരിച്ചുവിട്ടാൽ ഭരണഘടന പ്രകാരം മൂന്നോ അതിലധികമോ വർഷം രാഷ്ട്രപതി ഭരണം ഏർപ്പെടുത്താം. അതിനർത്ഥം, കേന്ദ്രം നിർദ്ദേശിക്കുന്ന വിധത്തിൽ നടപ്പാക്കിയില്ലെങ്കിൽ അത് ഭരണഘടനാലംഘനമായി കണക്കാക്കി ഗവർണറുടെ റിപ്പോർട്ടിൻമേൽ സർക്കാരിനെ പിരിച്ചുവിടാം. ഉദാഹരണമായി പഞ്ചാബ് കലാപം നടന്ന കാലത്ത് നിയമസഭ പിരിച്ചുവിട്ടശേഷം അഞ്ചുവർഷത്തോളമാണ് ഗവർണർ ഭരണം നീട്ടിക്കൊണ്ടുപോയത്. ഇതിൽനിന്നൊക്കെ മനസ്സിലാക്കേണ്ടത്, ഭരണഘടനയെന്നത് സംസ്ഥാനങ്ങളെ കണക്കിലെടുത്തുകൊണ്ടല്ല. പൂർണ്ണമായും കേന്ദ്രം വിചാരിക്കുന്ന സ്ഥലത്ത് ഇടപെടാവുന്ന വിധത്തിൽ ഭരണഘടനയെ മാറ്റിയിരിക്കുകയാണ്. ഭരണഘടനയെ തുരങ്കംവയ്ക്കുന്നു എന്നൊക്കെ നമുക്ക് പറയാമെങ്കിലും ഭരണഘടനയുടെ ഒരു ബലഹീനതയാണത്. അതുകൊണ്ടാണ് നമ്മൾ അടിയന്തരാവസ്ഥയും സർക്കാരുകളെ പിരിച്ചുവിടുന്നതും സി.എ.എ, എൻ.പി.ആർ, എൻ.സി.ആർ പോലുള്ള ഭരണഘടനാവിരുദ്ധമായ പല നിയമങ്ങളും പാസാക്കേണ്ടിവരുന്നതും കാണേണ്ടിവന്നത്. ഭരണഘടനയ്ക്ക് എന്തോ തകരാറുണ്ട് എന്നതിന്റെ തെളിവാണത്.

ഈ ഭരണഘടനാവിരുദ്ധ നീക്കങ്ങളെ ചെറുത്തിട്ടുള്ള സംസ്ഥാനങ്ങളുമുണ്ട്. 1967-ൽ ഹിന്ദി അടിച്ചേൽപ്പിക്കാനുള്ള നീക്കങ്ങൾ വന്നു. കേന്ദ്രസർക്കാർ സ്കൂൾ, കോളജുകളിൽ ഹിന്ദി നിർബന്ധമാക്കി. അന്ന് തമിഴ്നാട്ടിലെ ഡി.എം.കെ അതിന് വഴങ്ങിയില്ല. അതേപോലെ ഹിന്ദു മാരേജ് ആക്ട് അനുസരിച്ച് പുരോഹിതൻ വേണം, അഗ്നിപ്രദക്ഷിണം വേണം എന്നൊക്കെയുണ്ടായിരുന്നു. അതൊന്നും വേണ്ടെന്ന് തമിഴ്നാട് നിയമസഭ പാസാക്കി. സംവരണം 50 ശതമാനമായി സുപ്രീംകോടതി ക്ലിപ്തപ്പെടുത്തിയപ്പോൾ തമിഴ്നാട്ടിൽ 69 ശതമാനമാക്കി അതിനെ ഉയർത്തി ഭരണഘടനയുടെ ഒൻപതാം ഷെഡ്യൂളിൽ (കോടതിയിൽ ചോദ്യം ചെയ്യാൻ പറ്റാത്തത്) പെടുത്തിക്കൊണ്ട് സംവരണം നടപ്പാക്കി. ഇപ്പോൾ ജെല്ലിക്കെട്ട് വിഷയത്തിലും അതുതന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. ശക്തമായ ഒരു സംസ്ഥാന സർക്കാരുണ്ടെങ്കിൽ കേന്ദ്രത്തിന്റെ ഭരണഘടനാവിരുദ്ധമായ നീക്കങ്ങളെ ചെറുക്കാൻ കഴിയും.

മറ്റൊരു വിഷയം ഗവർണറുടെ റോളാണ്. പലപ്പോഴും ഗവർണർ കേന്ദ്ര ഭരണകക്ഷി നിർദ്ദേശിക്കുന്ന രീതിയിൽ പെരുമാറുന്ന ആളാണ്. ഭൂരിപക്ഷമുണ്ടായിട്ടും പിരിച്ചുവിടപ്പെട്ട സർക്കാരുകൾ അനേകമുണ്ട്, ഇന്ത്യയിൽ. അതിൽ കുപ്രസിദ്ധിയാർജിച്ചത് എൻ.ടി.രാമറാവുവിനെ പിരിച്ചുവിട്ട ഗവർണർ രാംലാലിന്റെ തീരുമാനമാണ്. എൻ.ടി.ആറിന് അന്ന് 70 ശതമാനം എം.എൽ.എമാരുടെ ഭൂരിപക്ഷമുണ്ടായിരുന്നു. എൻ.ടി.ആർ അമേരിക്കയിലേക്ക് പോയ സമയത്ത്, മന്ത്രിസഭയിലുണ്ടായ നാദേൻഡ്ല ഭാസ്കർറാവു കള്ള ഒപ്പിട്ട് ഗവർണർക്ക് ഒരു ലിസ്റ്റ് കൊടുത്തു. എം.എൽ.എമാരുടെ ഒപ്പ് പോലും പരിശോധിക്കാതെ എൻ.ടി.ആർ സർക്കാരിനെ പിരിച്ചുവിട്ട ഗവർണർ നാദേൻഡ്ല ഭാസ്കർ റാവുവിനെ മുഖ്യമന്ത്രിയാക്കി. പിന്നീട് എൻ.ടി.ആർ നീണ്ട പോരാട്ടത്തിലൂടെയാണ് മുഖ്യമന്ത്രി പദം തിരിച്ചുപിടിച്ചത്. കശ്മീരിനെ ഈ അവസ്ഥയിലെത്തിച്ചത് ഗവർണർ ജഗ്മോഹന്റെ പിടിപ്പുകേടാണ്.

പഠനം ഗവർണർ വേണോ വേണ്ടയോ എന്നാണ്. ഗവർണർ പദവിയേ വേണ്ട എന്ന അഭിപ്രായ മാണ് സി.പി.എമ്മിന്. ആ സമയത്ത് സർക്കാരിയ കമ്മിഷനെ വെച്ചു. കമ്മിഷൻ ഗവർണർ പദവിക്ക് ഒരു പാട് നിബന്ധനകൾ വെച്ചു. സജീവരാഷ്ട്രീയത്തിലുള്ള ആളായിരിക്കരുത്. സ്ഥിരതയുള്ള പദവി ആയിരിക്കണം. ഗവർണർ പദവിക്ക് ശേഷം മറ്റ് രാഷ്ട്രീയപദവികൾ സ്വീകരിക്കാൻ പാടില്ല. എന്നാൽ കോൺഗ്രസ് മാത്രമല്ല, ബി.ജെ.പിയും ഇത് നടപ്പാക്കിയില്ല. അങ്ങനെയാണ് എസ്.ആർ.ബൊമ്മ കേസ് വന്നത്. ജനതാപാർട്ടിയുടെ മുഖ്യമന്ത്രിയായിരുന്ന ബൊമ്മയെ കർണാടക സഭയിൽ ഭൂരിപക്ഷമുണ്ടായിട്ടും പിരിച്ചുവിട്ടു. ഒരു സർക്കാരിന്റെ ഭൂരിപക്ഷം തീരുമാനിക്കുന്നത് സഭയുടെ കളത്തിൽവെച്ചാണെന്നും ഗവർണറല്ലെന്നും അന്ന് കോടതി വിധിച്ചു. അതും കാറ്റിൽ പറത്തിയിരിക്കുകയാണ്. ഇപ്പോൾ നമുക്കറിയാം, പാതിരാത്രി വിളിച്ചുണർത്തിയാണ് ഗവർണർ ഹോഷിയാരി മന്ത്രിസഭയുണ്ടാക്കാൻ കൂട്ടുനിൽക്കുന്നത്. കർണാടകയിൽ കൂറുമാറ്റത്തിന് കൂട്ടുനിൽക്കുകയാണ്, ഗവണർ വാജുഭായ് വല്ല. ഇത് ബി.ജെ.പി മാത്രമല്ല, കോൺഗ്രസും ചെയ്യുന്നുണ്ട്. ഒരുപാട് ബി.ജെ.പി സർക്കാരുകളെ കോൺഗ്രസ് പിരിച്ചുവിട്ട ചരിത്രമുണ്ട്. ഉദാഹരണം കല്യാൺസിംഗ് മന്ത്രിസഭ.

അനുഛേദം 356 അനുസരിച്ച് ഭരണഘടനാപരമായിട്ടുള്ള കേന്ദ്രനിർദ്ദേശങ്ങളെ സംസ്ഥാനം അനുസരിച്ചില്ലെങ്കിൽ പിരിച്ചുവിടാവുന്നതാണ്. അതനുസരിച്ച് സി.എ.എയും എൻ.പി.ആറും നടപ്പാക്കാൻ കൂട്ടാക്കിയില്ലെങ്കിൽ പിരിച്ചുവിടപ്പെടാം. അങ്ങനെ സംഭവിച്ചാൽ കേരളം കണ്ടിട്ടുള്ള ഏറ്റവും വലിയ പ്രതിസന്ധിയായിരിക്കും നേരിടുക.

നമുക്കറിയാം കശ്മീരിലും പഞ്ചാബിലും കേന്ദ്രമെടുത്തിട്ടുള്ള നിലപാടുകൾ. അതിന് മുമ്പ് നാഗാലാൻഡിലും മിസോറാമിലും പട്ടാളത്തെ ഉപയോഗിച്ച് കലാപം അടിച്ചൊതുക്കുകയാണ് ചെയ്തത്. അതുകൊണ്ട് രാഷ്ട്രപതി ഭരണമെന്നത് മിലിട്ടറി ഭരണം ആവുന്ന സാഹചര്യമാണുള്ളത്. കേന്ദ്ര സർക്കാർ ശക്തമായ നടപടി എടുക്കുകയാണെങ്കിൽ ഇന്നുള്ള പട്ടംപറത്തലും ബലൂൺ പറപ്പിക്കലുമുള്ള സമരമായിരിക്കില്ല അപ്പോൾ നമുക്ക് കാണേണ്ടി വരിക.

## ലേഖനം



ഇ. പി. ഉബൈദുല്ല
9400740007

# എം. ഇ. എസും പൗരത്വ പ്രക്ഷോഭത്തിന്റെ മുൻനിരയിൽ

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ ഏറ്റവും വലിയ സമ്പത്ത് അമൂല്യമായ അതിന്റെ ഭരണഘടനയാണ്.

ബാബാ സാഹിബ് അംബേദ്കറും ജവാഹർ ലാൽ നെഹ്റുവും സർദാർ വല്ലഭായി പട്ടേലും അബുൽ കലാം ആസാദും തുടങ്ങി ലോകത്തോളം വളർന്നു പന്തലിച്ച നേതാക്കന്മാർ ഇന്ത്യയിലെ ജനങ്ങൾക്ക് നൽകിയ ഏറ്റവും വലിയ സമ്മാനം.

ഇന്ത്യയിലെ എല്ലാ വിഭാഗം ജനപ്രതിനിധികളുമായും നേതാക്കന്മാരുമായും ചർച്ച ചെയ്ത് ഇഴ കീറി കൂട്ടിയും കിഴിച്ചും തയാറാക്കിയതാണ് നമ്മുടെ മതേതര ജനാധിപത്യ സമത്വ സുന്ദരമായ ഭരണഘടന.

ഈ ഭരണഘടനയുടെ ആത്മാവ് മതേതരത്വമാണ്. ഈ ആത്മാവ് നഷ്ടപ്പെട്ടാൽ ജീവൻ നഷ്ടപ്പെട്ട് വെറും ജഡമായി മാറും ഇന്ത്യ. ഈ പശ്ചാത്തലത്തിൽ വേണം പൗരത്വ ഭേദഗതി നിയമത്തിനും പൗരത്വ പട്ടികക്കും ജനസംഖ്യാ പട്ടികക്കും പിന്നിലെ കേന്ദ്ര സർക്കാറിന്റെ നിഗൂഢ നീക്കം വിലയിരുത്തപ്പെടേണ്ടത്. സി.എ.എ, എൻ.ആർ. സി, എൻ.പി. ആർ തുടങ്ങിയ നിയമങ്ങൾ പാസക്കിയെടുക്കാൻ വളഞ്ഞ വഴി സ്വീകരിക്കുക എന്നതു തന്നെ ജനങ്ങളെ വഞ്ചിക്കുന്ന നടപടിയാണ്.

ജനവിരുദ്ധ ഭരണഘടനാ വിരുദ്ധ നിയമങ്ങൾക്കെതിരെ രാജ്യത്തുടനീളം കാട്ടുതീ പോലെ കത്തിപ്പടരുന്ന പ്രക്ഷോഭങ്ങൾ തടയാനാവാതെ പുലിവാല് പിടിച്ചിരിക്കുകയാണ് മോഡി സർക്കാർ. കേന്ദ്ര സർക്കാറിനെതിരെ ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും പ്രക്ഷോഭത്തിന്റെ പാതയിലാണ്.

ഒറ്റക്കും കൂട്ടായും മുദ്രാവാക്യങ്ങൾ ഉയരുന്നു. രാജ്യം വലിയ പ്രതിസന്ധിയിലൂടെ കടന്നു പോകുകയാണ്. മതേതരത്വം എന്ന് ഇന്ത്യയുടെ ആത്മാവ് അപകടത്തിലാണ്.

ആർ.എസ്.എസ് ആചാര്യൻ നാഥുറാം വിനായക് ഗോഡ്സെ സ്വപ്നം കണ്ട ഇന്ത്യ എന്ന് പറഞ്ഞ് ഇന്ത്യയെ ഒരു ഹിന്ദു രാഷ്ട്രമാക്കാൻ ഏതു മാർഗവും സ്വീകരിക്കുമെന്ന് പറഞ്ഞ് ഏറ്റുമുട്ടലിന്റെ മാർഗത്തിലാണ് കേന്ദ്ര സർക്കാറിലെ ചില മന്ത്രിമാർ.

കേന്ദ്ര സർക്കാർ ഇന്ത്യയിലെ ജനങ്ങൾക്കുമേൽ അടിച്ചേൽപിക്കാൻ ശ്രമിക്കുന്ന പൗരത്വ ഭേദഗതി നിയമത്തിനെതിരെയും ദേശീയ പൗരത്വ പട്ടികക്കെതിരെയും സ്വാതന്ത്ര്യ സമരത്തെ അനുസ്മരിപ്പിക്കും വിധം പ്രക്ഷോഭങ്ങൾ നഗരങ്ങളെയും ഗ്രാമങ്ങളെയും ഒരുപോലെ പിടിച്ചുലക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് എം.ഇ.എസിന്റെ നൂറ് നഗരങ്ങളിൽ നൂറ് മതേതര ബഹുസ്വര കൂട്ടായ്മകൾ ശ്രദ്ധേയമാവുന്നത്. ഇന്ത്യയിലെ ഏറ്റവും വലിയ വിദ്യാഭ്യാസ സംഘടന എന്ന നിലയിൽ എല്ലാവർക്കും സ്വീകാര്യമായ ഒരു പൊതുവേദി എന്ന നിലയ്ക്ക് എം.ഇ.എസിന്റെ സമരങ്ങൾ ജനശ്രദ്ധ നേടുക സ്വാഭാവികമാണ്.

നൂറ്റമ്പതിൽപരം മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന എം.ഇ.എസിന്റെ സംസ്ഥാന പ്രസിഡന്റ് ഡോ. പി.എ. ഫസൽ ഗഫൂറിന്റെ വ്യക്തി പ്രഭാവവും സംഘടനാ മികവും പ്രക്ഷോഭങ്ങൾക്ക് മാറ്റു കൂട്ടുന്നു. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ പിൻതലമുറക്കാരായ തുഷാർ ഗാന്ധി, രാജ് മോഹൻ ഗാന്ധി തുടങ്ങിയവർ എം.ഇ.എസിന്റെ പ്രക്ഷോഭ

ങ്ങൾക്ക് പിന്തുണയേകി വിവിധ പരിപാടികളിൽ പ്രസംഗിക്കുന്നു. ബി.ജെ.പിയും ആർ.എസ്.എസും അടങ്ങുന്ന സംഘപരിവാർ സംഘടനകൾ മാത്ര മാണ് കേന്ദ്ര സർക്കാർ വിരുദ്ധ പ്രക്ഷോഭങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നത്. സി.എ.എക്കും എൻ. ആർ.സിക്കുമനുകൂലമായി ബി.ജെ.പിയുടെ വീട് ക യറിയുള്ള 'ബോധവൽക്കരണം' ക്ലച്ച് പിടിക്കാതെ വന്നപ്പോൾ തെറിയഭിഷേകം കൊണ്ട് പ്രവർത്തകർ തൃപ്തിയടയുന്നു. എതിരാളികളെ ഭീഷണിപ്പെടു ത്തി കീഴ്പ്പെടുത്തുക എന്ന തങ്ങളുടെ തനിരൂപം പുറത്തെടുക്കുന്ന തിരക്കിലാണ് ഭരണകൂടമിപ്പോൾ. പാർലമെന്റിലെ സാങ്കേതിക ഭൂരിപക്ഷം പ്രയോജന പ്പെടുത്തി കിരാത നിയമങ്ങൾ ചുട്ടെടുക്കുകയാണ് കേന്ദ്ര സർക്കാർ. വിചാരണ കൂടാതെ ആരെയും തടങ്കലിൽ പാർപ്പിക്കാൻ പ്രത്യേക അധികാരം നൽ കുന്ന 'ഡ്രകോണിയൻ' നിയമങ്ങൾ പാസാക്കിയെടു ത്ത് സ്വന്തം പൗരന്മാരെ ഭീഷണിപ്പെടുത്തുകയാണ്.

പരാജയപ്പെടുമെന്ന് ഉറപ്പാകുമ്പോൾ ഉണ്ടാ കുന്ന 'ഡിമോഫോബിയ' (ജനങ്ങളെ ഭയപ്പെടുക) മോഡി സർക്കാറിനെ പിടികൂടിയിരിക്കുകയാണ്. സർക്കാറിന്റെ ഈ ഉൾഭീതിയിൽ നിന്നുമാണ് പി.എ സ്.എ, എൻ.എസ്.എ തുടങ്ങിയ കാടൻ നിയമങ്ങൾ സ്വന്തം പൗരന്മാർക്കു മേൽ അടിച്ചേൽപിക്കുവാൻ ഒരു ഭരണകൂടം ഒരുമ്പെടുന്നത്.

അടിയന്തരാവസ്ഥ പോലുള്ള ഭീകരാവസ്ഥയി ലേക്കുള്ള പരിണാമത്തിനു അധികദൂരമില്ലെന്നാണ് മോഡി സർക്കാറിന്റെ പോക്ക് കണ്ടാൽ ന്യായമായും സംശയിക്കേണ്ടത്. ജമ്മു കശ്മീരിന്റെ പ്രത്യേക പദ വി എടുത്തുകളയാൻ 370 ാം വകുപ്പ് റദ്ദാക്കിക്കൊണ്ട് ആ ജനതയെ ലോകത്ത് നിന്ന് തന്നെ ഒറ്റപ്പെടുത്തി ഇരുട്ടിലാക്കി. മനുഷ്യന്റെ മൗലികാവകാശമായ പര സ്പരം ആശയ വിനിമയം ന ടത്താനുള്ള ഇന്റർനെറ്റ് ഉൾപ്പെടെയുള്ള എല്ലാ വാർത്താവിനിമയ സംവിധാ നങ്ങളും വിച്ഛേദിച്ചു. മുക്കിലും മൂലയിലും സൈനി കരെ വിന്യസിച്ച് ജനങ്ങളുടെ സ്വതന്ത്ര സഞ്ചാരം തടസ്സപ്പെടുത്തി. രണ്ടു വർഷം വരെ വിചാരണ കൂ ടാതെ തടങ്കലിൽ പാർപ്പിക്കാവുന്ന പൊതു സുര ക്ഷാ നിയമ (പി.എസ്.എ) ത്തിന്റെ മറവിൽ ജമ്മു കശ്മീർ മുൻ മുഖ്യമന്ത്രിയും എം.പിയുമായ ഡോ. ഫാറൂഖ് അബ്ദുല്ലയെ ജയിലിലാക്കി. മെഹ്ബൂബാ മുഫ്തി, ഉമർ അബ്ദുല്ല തുടങ്ങിയ മുൻ മുഖ്യമന്ത്രി മാരും മറ്റു നേതാക്കളും വീട്ടുതടങ്കലിലാണ്. സ്വന്തം പൗരന്മാരെ അന്യായമായി പാർപ്പിക്കാൻ തടങ്കൽ പാളയങ്ങൾ നിർമിച്ച് ഭരണഘടനയുടെ ആത്മാവ് പിച്ചിച്ചീന്തുന്ന കേന്ദ്ര സർക്കാർ ഒട്ടകപ്പക്ഷിനയം തുടരുകയാണ്. രാജ്യം കത്തിയെരിയുമ്പോൾ വീണ വായിച്ച നീറോ ചക്രവർത്തിയുടെ ചരിത്രം വായി ച്ചു കേട്ടവർക്ക് നീറോ ചക്രവർത്തിയെ പോലും നാണിപ്പിക്കുന്ന ഭരണമാണ് ഇപ്പോൾ നടക്കുന്നത് എന്നു പറയേണ്ടിവരും. മോഡിയും അമിത് ഷായും ഇന്ത്യയിൽ നടപ്പാക്കാൻ ശ്രമിക്കുന്നത് ഹിറ്റ്ലർ മോ ഡൽ നയങ്ങളാണ്.

അന്താരാഷ്ട്ര തലത്തിൽ ഇന്ത്യയുടെ അന്തസ്സ് കളങ്കപ്പെടുത്തുന്ന ഇത്തരം നിയമങ്ങൾ രാഷ്ട്രത്തിന്റെ ഭാവി അപകടപ്പെടുത്തും. രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി അനുദിനം താഴോട്ട് കൂപ്പുകുത്തുകയാണ്. വിലക്കയറ്റം കൊണ്ട് ജനങ്ങൾ പൊറുതിമുട്ടി.

തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ സംഖ്യ കൂ ടിവരുന്നു. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി അഹോരാത്രം പണിയെടുത്ത മുസ്ലിം, ദളിത് വിഭാ ഗങ്ങൾ അന്യായമായി പീഡിപ്പിക്കപ്പെടുന്നു. കശ് മീരിനെ ബന്ദിയാക്കിയ കേന്ദ്ര സർക്കാർ രാജ്യത്തി ന്റെ മതേതര ഹൃദയത്തിൽ കത്തി കുത്തിയിറക്കി. ഇപ്പോൾ മറ്റു സംസ്ഥാനങ്ങളിൽ ഗവർണർമാരെ ഉപയോഗിച്ച് കൃത്രിമ അരക്ഷിതാവസ്ഥ സൃഷ്ടി ക്കുന്നു. ഇന്ത്യാ - വിഭജന സമയത്ത് ഭൂരിപക്ഷം ജനങ്ങളുടെയും എതിർപ്പിനെ മറികടന്ന് ഇന്ത്യയോ ടൊപ്പം ഉറച്ചു നിന്ന ജമ്മു കശ്മീർ ഭരണാധികാരി യായിരുന്നു ഷെയ്ഖ് അബ്ദുല്ല. മതേതരത്വത്തിന്റെ മുഖമായിരുന്നു അദ്ദേഹം.

ഇന്ത്യാ വിഭജന കാലത്ത് പല നാട്ടുരാജ്യങ്ങ ളും പാക്കിസ്ഥാനിലേക്ക് ലയിച്ചപ്പോൾ ഇന്ത്യയോ ടൊപ്പം ഉറച്ചുനിന്ന സ്വതന്ത്ര ഭരണ പ്രദേശമാണ് ജമ്മു കശ്മീർ. ഈ തീരുമാനത്തിന് നേതൃത്വം കൊടുത്തത് ജമ്മു കശ്മീരിലെ ഏറ്റവും വലിയ പാർട്ടിയായ നാഷണൽ കോൺഫറൻസും ഫാറൂഖ് അബ്ദുല്ലയുടെ പിതാവായ ഷെയ്ഖ് അബ്ദുല്ലയുമാ യിരുന്നു. കശ്മീർ പ്രധാനമന്ത്രിയായിരുന്ന ഷെ യ്ഖ് അബ്ദുല്ലയുടെ ഇന്ത്യയോടുള്ള അടിയുറച്ച പ്രതിബദ്ധതയാണ് വാസ്തവത്തിൽ കശ്മീരിനെ ഇ ന്ത്യയുടെ ഭാഗമാക്കിയത്. ഇന്ത്യാ വിഭജന കാല ത്ത് കശ്മീർ രാജാവായിരുന്ന മഹാരാജാ ഹരിസി ങ് സ്വതന്ത്ര രാഷ്ട്രം പ്രഖ്യാപിച്ചപ്പോൾ അതിനെ എതിർത്ത് ഇന്ത്യയോടൊപ്പം ഉറച്ചുനിന്ന അന്നത്തെ കശ്മീരിലെ ഏറ്റവും വലിയ പാർട്ടിയായ നാഷണൽ കോൺഫറൻസിന്റെ സർവാദരണീയനായ നേ താ വായിരുന്നു ഷെയ്ഖ് അബ്ദുള്ള എന്നത് ഇന്ത്യൻ ചരിത്രത്തിലെ ജ്വലിക്കുന്ന ഏടാണ്. ആത്തി സേ ചീനാർ (ചിനാറിലെ അഗ്നിജ്വാലകൾ) എന്ന ആ ത്മകഥയിൽ ഷെയ്ഖ് അബ്ദുല്ല പ്രഖ്യാപിക്കുന്നു. സി.എ.എ, എൻ.ആർ.സി തുടങ്ങിയ കിരാത നിയമ ങ്ങൾ ദുഷ്ടലാക്കോടെ നടപ്പാക്കി ഇന്ത്യയെന്ന മഹ ത്തായ രാജ്യത്തെ മതത്തിന്റെ പേരിൽ വിഭജിക്കാ നുള്ള ശ്രമത്തിൽ നിന്ന് സർക്കാർ പിന്മാറുമെന്ന് നമുക്ക് ന്യായമായും പ്രത്യാശിക്കാം

## ലേഖനം



ഹസ്സൻ തിക്കോടി
9747883300

# വേണം ഒരു പൗരത്വം

കുട്ടികൾക്ക് അമേരിക്കൻ പൗരത്വം ലഭിക്കാൻ ഗർഭിണികൾ പ്രസവിക്കാൻ വേണ്ടിമാത്രം അമേരിക്കയിലേക്ക് വിമാനം കയറുന്ന പ്രവണത പണ്ടുമുതൽക്കേ ഉണ്ടായിരുന്നു. പെസഫിക് ദീപായ സായ്പനിലേക്ക് യാത്രക്കെത്തിയ ഒരു സ്ത്രീയെ വിമാനത്താവളത്തിൽ വെച്ച് ഗർഭ പരിശോധന നടത്തിയ സംഭവം ഇയ്യിടെ വിവാദമായത് ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ വിലയിരുത്തുമ്പോൾ 'കേവലം ഒരു അമേരിക്കൻ പൌരത്വത്തിനുവേണ്ടി' കാതങ്ങൾ താണ്ടി എന്തിനു അമേരിക്കയിലേക്ക് പോവുന്നു എന്ന ചോദ്യം വളരെ പ്രസക്തമാണ്. അമേരിക്കൻ പൗരത്വത്തിനുള്ള മഹനീയ പ്രാധാന്യം എന്തൊക്കെയാണ്. വർത്തമാന ഇന്ത്യയിൽ പൗരത്വം നഷ്ടപ്പെടുമെന്ന ഭയത്താൽ സ്ത്രീകളും കുട്ടികളും, ജാതിമതഭേദമന്യേ ഇന്ത്യൻ തെരുവുകളിലും, യൂണിവേഴ്സിറ്റികൾക്കകത്തും പുറത്തും വ്യാപകമായി സമരം ചെയ്യുന്നത് തങ്ങൾക്ക് ഇന്ത്യൻ ഭരണഘടന നൽകിയ അവകാശങ്ങൾ ഭരണകൂടം നിഷേധിക്കുന്ന ഗൗരവമേറിയ സാഹചര്യം വന്നതിനാലാണ്. ജന്മം കൊണ്ടോ, വാസംകൊണ്ടോ, രക്ഷിതാക്കൾ ഇന്ത്യൻ പൗരന്മാർ ആയതുകൊണ്ടോ മാത്രമാണ് നാം ഇന്ത്യക്കാരായി ഇന്ത്യയിൽ ജീവിക്കുന്നത്. അത് ഒരു നിയമംകൊണ്ടില്ലാതാക്കുമ്പോൾ, ഇന്ത്യക്കാർ മതാടിസ്ഥാനത്തിൽ വേർതിരിക്കുമ്പോൾ അതിനെതിരെ ഉച്ചൈസ്വരം ഉദ്ഘോഷിക്കുന്ന അതിദാരുണമായ അവസ്ഥ ഇന്നിന്റെ ഇന്ത്യൻ തെരുവുകളിലെ നിത്യകാഴ്ചയായി മാറിയിരിക്കുകയാണ്. ശരീരം മരവിക്കുന്ന തണുപ്പിൽ ദൽഹിയിലെ ശാഹിൻ ബാഗിൽ പതിനായിരക്കണക്കിന് സ്ത്രീകൾ രാപകൽ സമരം തുടങ്ങിയിട്ട് ഒരുമാസം പിന്നിടുന്നു. ഒരു രാഷ്ട്രീയ പാർട്ടിയുടെയും, സംഘടനയുടെയും മേൽ വിലാസത്തിലല്ല ഇവർ ഇവിടെ കുത്തിയിരിക്കുന്നത് പകരം ഇന്ത്യയിൽ ജനിച്ചവർ ഇന്ത്യക്കാരായി ഇവിടെ ജീവിക്കണം മരിക്കണം എന്ന ഒറ്റ ആഗ്രഹത്താലാണ്. യമുനയുടെ ഓളങ്ങളിൽ അലിഞ്ഞില്ലാതാവുന്നതല്ല ആ സ്ത്രീ ശബ്ദമെന്നു ഇനിയും ഭരണകൂടം മനസ്സിലക്കിയിട്ടില്ല.

പണ്ട്, കുവൈറ്റിൽ കുവൈറ്റ് എയർവേയ്സിൽ ജോലിചെയ്യുമ്പോൾ ചില മലയാളി കുടുംബങ്ങൾ അമേരിക്കയിലേക്കുള്ള അവരുടെ യാത്രാ ഒരുക്കങ്ങൾ തയ്യാറാക്കാൻ എന്നെ സമീപിച്ചു. കുവൈറ്റിൽ നിന്ന് അമേരിക്കയിലേക്ക് നേരിട്ട് പറക്കാൻ കുവൈറ്റ് എയർവേയ്സ് വിമാനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഗർഭിണികൾക്ക് വിമാനയാത്രക്ക് ചില നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. രേഖകൾ ശരിയാണെങ്കിൽ മാത്രമേ യാത്രാനുമതി വിമാനകമ്പനികൾ നല്കൂ. പണചിലവിനു പുറമേ വിസ ലഭിക്കാനായി ബാങ്ക് ഡെപ്പോസിറ്റ് പതിനെട്ടു മണിക്കൂർ നോൺസ്റ്റോപ്പ് യാത്ര. അവിടത്തെ ഭീമമായ ആശുപത്രി ചെലവുകൾ വേറെയും. അപ്പോഴൊക്കെ എന്റെ മനസ്സ് മന്ത്രിക്കുന്നുണ്ടായിരുന്നു. 'ഇത്ര പാടുപെട്ടു ഒന്ന് പ്രസവിക്കാൻ മാത്രം എന്തിനു ഇവരൊക്കെ അമേരിക്കയിലേക്ക് പറന്നു പോവണം?' ഉത്തരം അവർ തന്നെ പറഞ്ഞു: ഭാര്യമാരുടെ പ്രസവം അമേരിക്കയിൽ വച്ച് നടന്നാൽ കുഞ്ഞി

നു അമേരിക്കൻ പൗരത്വം കിട്ടും, അന്നുമുതൽ കുഞ്ഞിന്നു എല്ലാ ആനുകൂല്യങ്ങളും ലഭിച്ചുതുടങ്ങും. കൊച്ചിന് പതിനെട്ടു കഴിഞ്ഞാൽ ഞങ്ങൾക്കും അങ്ങോട്ട് പോയി സ്ഥിരതാമസമാക്കാം. അങ്ങനെ ഞങ്ങൾക്കും അമേരിക്കൻ പൗരത്വം കിട്ടും. ഭാവിയിൽ അമേരിക്കയിൽ സ്ഥിരം താമസമാക്കാനുള്ള കുറുക്കുവഴിയും അതോടൊപ്പം കൊച്ചു വലുതാവുമ്പോൾ അവനു അമേരിക്കൻ പൗരനു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നേടിയെടുക്കുകയുമായിരുന്നു അവരുടെ ലക്ഷ്യം. അമേരിക്ക, ബ്രിട്ടൻ ആസ്ട്രേലിയ, കാനഡ എന്നീ രാജ്യങ്ങൾ കുടിയേറ്റക്കാരെ സഹർഷം സ്വാഗതം ചെയ്യുന്ന രാജ്യങ്ങളാണ്. എന്റെ അനുജന്റെ ഭാര്യയും പിന്നീട് ഇതേ പാത പിൻപറ്റി, അവരുടെ മൂന്നു പ്രസവവും അമേരിക്കയിൽ വെച്ചായിരുന്നു. ഇന്നവർ അമേരിക്കക്കാരായി ജീവിക്കുന്നു. എല്ലാ ആനുകൂല്യങ്ങൾ അനുഭവിച്ചുകൊണ്ടുതന്നെ ഒന്നാംകിട പൗരന്മാരായി സസുഖം വാഴുന്നു.

## വിൽക്കപ്പെടുന്ന പൗരത്വം

ഇന്ത്യയടക്കം മൂന്നാം ലോകരാജ്യങ്ങളിൽ പലയിടത്തും സ്വകാര്യ കുടിയേറ്റ വിസാ എജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് ഇത്തരം ഏജൻസികൾ മുഖേന അമേരിക്ക,കാനഡ,ആസ്ട്രേലിയ എന്നിവിടങ്ങളിലേക്ക് കുടിയേറ്റ വിസകൾ തരപ്പെടുത്തും. കൃത്യമായ യോഗ്യതകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദിത്വപ്പെട്ടവരുമായുള്ള അഭിമുഖതിനുശേഷം ഇമിഗ്രണ്ട് വിസകൾ അതതു രാജ്യങ്ങൾ നല്കും. പലതരത്തിലുള്ള വിസകളാണ് നല്കുംl. B1, E1,E2,E3,IR2,CR2,DV,SB എന്നീ അക്ഷരങ്ങളിൽ അടിച്ചു നൽകുന്ന വിസകൾ കിട്ടുന്നവർക്ക് ആദ്യഘട്ടത്തിൽ ഗ്രീൻ കാർഡും, സാവകാശത്തിൽ പൗരത്വവും ലഭ്യമായിത്തുടങ്ങും. ഇത്തരം എജൻസികൾക്ക് ഭീമമായ തുക ഫീസായി കൊടുക്കുകയും വേണം. ഐ.ടി. ആരോഗ്യ മേഖലയിലെ കമ്പനികളിലെക്കാണ് പോകുന്നവരിൽ അധികവും. ഇത്തരം രാജ്യങ്ങളിലേക്ക് യാത്ര തുടങ്ങുന്നതിന്റെ ആദ്യപടിയായി എംബസി മുഖേന IELTS, TOFEL മുതലായ പരീക്ഷകൾ പാസ്സായിരിക്കണം. നാട്ടിൽ പലയിടത്തും ഇത്തരം കോഴ്സുകൾ നല്കുന്ന സ്ഥാപനങ്ങളുടെ വലിയ ബോർഡുകൾ സുലഭമായി കാണാം. അതോടൊപ്പം "spoken English, communicative English' എന്നീ പരസ്യങ്ങളും ധാരാളം കണ്ടുവരുന്നു.

## കുടിയേറ്റത്തിന്റെ ആരംഭം

ഒന്നാം ലോക മഹായുദ്ധത്തിനു ശേഷമാണു മേൽപ്പറഞ്ഞ രാജ്യങ്ങൾ കുടിയേറ്റ സൗകര്യങ്ങൾ കൂടുതലായി ഒരുക്കിതുടങ്ങിയത്. 1920മുതൽ രണ്ടാം ലോകമഹായുദ്ധം അവസാനിക്കുംവരെ ഒരുപാടു ഇന്ത്യക്കാർ അമേരിക്കയിലേക്ക് കുടിയേറി. മെക്സിക്കോയും ചൈനയും കഴിഞ്ഞാൽ ഇന്ന് ഏറ്റവും അധികം കുടിയേറ്റക്കാർ ഇവിടെ ഇന്ത്യൻ സമൂഹമാണ്. മുപ്പതു ലക്ഷത്തോളം വരുന്ന ഇന്ത്യക്കാർ ഇവിടുത്തെ വിവിധ സ്റ്റേറ്റുകളിൽ പലയിടത്തായി പരന്നു കിടക്കുന്നു. കാലിഫോർണിയ, ന്യൂജെഴ്സി, ടെക്സാസ്, ന്യൂയോർക്ക് , ഷിക്കാഗോ, സാൻ ജോസ് എന്നിവിടങ്ങളിലാണ് ഏറ്റവും കൂടുതൽ ഇന്ത്യക്കാർ അതിവസിക്കുന്നത്. മറ്റിടങ്ങളിൽ താരതമ്യേന ഇന്ത്യക്കാരുടെ എണ്ണം കുറവാണെങ്കിലും അവരുടെ സാന്നിധ്യം മിക്കവാറും എല്ലായിടത്തും എത്തിയിട്ടുണ്ട്. ഇവിടത്തെ ഇന്ത്യൻ സമൂഹം ഉയർന്ന വിദ്യാഭ്യാസം ലഭിച്ചവരും നല്ല ജീവിത സാഹചര്യം ഉള്ളവരുമാണ്. അമേരിക്കൻ സമൂഹത്തിലും, അവരുടെ ശാസ്ത്ര, ഐ.ടി., ആരോഗ്യ, ഗവേഷണ മേഘലകളിൽ ഉന്നതസ്ഥാനങ്ങൾ കരസ്ഥമാക്കിയവരുമാണ്. അതുകൊണ്ടുതന്നെ ഇന്ത്യൻ ഭരണകൂടം ഇന്ത്യൻഅമേരിക്കൻ കുടിയേറ്റക്കാരുടെ കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കുന്നു. ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള ഇന്ത്യക്കരോടുള്ള അവഗണനാ മനോഭാവം ഏതായാലും ഇവിടത്തെ ഇന്ത്യൻ സമൂഹത്തോട് നമ്മുടെ ഭരണകൂടം കാണിക്കുന്നില്ല. അമേരിക്കയുടെ വികസനത്തിൽ ഇന്ത്യൻ സമൂഹം നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ഇൻഫർമേഷൻ ടെക്നോളജിയുടെ രംഗത്ത്. അതോടൊപ്പം ഇന്ത്യയിലെ ഐ.ടി.വികസനത്തിലും അവരുടെ കയ്യൊപ്പ് ഒരു പരിധിവരെ നമ്മളെ സഹായിച്ചിട്ടുണ്ട്. എന്നിരുന്നാലും വികസനത്തിന്റെ. കാര്യത്തിലും, കണ്ടുപിടിത്തങ്ങളുടെ കാര്യത്തിലും നമ്മൾ ഇന്നും ഒരു അരനൂറ്റാണ്ടിലേറെ പുറകിലാണെന്നകാര്യത്തിൽ തർക്കമില്ല. അതിനുത്തരവാദി ദീർഘവീക്ഷണമുള്ള, അരാഷ്ട്രീയക്കാരായ, അഴിമതിരഹിത ഭരണാധികാരികൾ ഇന്ത്യക്ക് ഇല്ലാതെപോയതാ

ണ്. ഐ.ടി രംഗത്ത് ചന്ദ്രബാബു നായിഡുവി നെ പോലുള്ള മുഖ്യമന്ത്രിമാർ നമ്മുടെ നാടിനു നൽകിയ സംഭാവന അതീവ പ്രശംസനീയമാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ നാട്ടുകാർ അമേരിക്കയിൽ കൂടുതലായി ചേക്കേറിയത്. ഇൻഫർമേഷൻ ടെക്നോളജിയുടെ നൂതന വശങ്ങൾ അങ്ങനെ ചന്ദ്രബാബു നായിഡുവിനു ലഭ്യമായി തുടങ്ങിയതും സ്വന്തം നാട് വികസനത്തിലേക്ക് കുതിച്ചുകയറിയതും ഇന്ത്യക്ക് അഭിമാനിക്കാവുന്നതാണ്.

കുടിയേറ്റ നിയമങ്ങൾ പഴയതുപോലെ വിശാലമല്ലെങ്കിലും ഇപ്പോഴും അമേരിക്കയുടെ വാതായനങ്ങൾ പൂർണമായും കൊട്ടിഅടക്കപെട്ടിടില്ല. ലോകത്തെമ്പാടും നടക്കുന്ന തീവ്രവാദ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ അവരുടെ കുടിയേറ്റ നിയമങ്ങൾ കൂടുതൽ കർശനമാക്കി എന്നതൊഴിച്ചാൽ ഇവിടങ്ങളിലേക്കുള്ള ഒഴുക്ക് ഒരിക്കലും അവസാനിക്കുന്നില്ല. ഇനിയും ഒരു മൂന്നാം തലമുറ ഇവിടെ വരുമെന്നകാര്യത്തിൽ അമേരിക്കൻ സമൂഹംപോലും സംശയിക്കുന്നില്ല. പണ്ടുമുതലേ എന്റെ മനസ്സിൽ ഞാൻ ചോദിക്കുന്ന ഒരു ചോദ്യമാണ്: എന്തുകൊണ്ട് എല്ലാ രാജ്യക്കാരും അമേരിക്കയിലേക്ക് കുടിയേറാനും അവിടെ സ്ഥിരംതാമസമാക്കാനും വെമ്പൽകൊള്ളുന്നു. ജനിച്ചുവളർന്ന സ്വന്തം നാടും വീടും വിട്ടു കണ്ണെത്താദൂരത്ത് കൂട്ടുകുടുംബ ബന്ധങ്ങളെപോലും ഇട്ടെറിഞ്ഞു എന്തിനുവേണ്ടി അമേരിക്കയിൽ വരുന്നു. ഈ ചോദ്യങ്ങൾക്കുള്ള മറുപടി തേടികൊണ്ടിരിക്കെ അവിചാരിതമായി 'വെങ്കിട്ട് അൻകാം' എന്ന ഒരു ഉത്തരേന്ത്യക്കാരൻ നടത്തിയ പഠന റിപ്പോർട്ട് കാണാൻ ഇടയായത്. "Is settling in USA worth it for Indians" . വായിച്ചപ്പോൾ തികച്ചും അനിവാര്യമായ ഒരു പഠനമാണ് അദ്ദേഹം നടത്തിയത് എന്നെനിക്കു തോന്നി. പ്രത്യേകിച്ചു പുതിയ തലമുറ അമേരിക്ക എന്ന വലിയ സാമ്രാജ്യത്തിൽ സ്വപ്നം കാണുന്ന ഈ മാറിയ കാലഘട്ടത്തിൽ. ഒരുപക്ഷെ ഇവിടങ്ങളിൽ അധിവസിക്കുന്ന ഇന്ത്യക്കാർക്ക് വെങ്കിട്ടിനോട് ഒരു പാട് മറു ചോദ്യങ്ങൾ ചോദിക്കാനുണ്ടാവാം, പക്ഷെ അത് യാഥാർത്ഥ്യത്തിൽ നിന്നും ഒളിചോടികൊണ്ടല്ലാതെ മറുപടി പറയാൻ അവർക്ക് സാധിക്കില്ല. 95% ഇന്ത്യക്കാരും അമേരിക്കയിൽ സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നവരാണെന്ന അത്ഭുതസത്യമാണ് പഠനത്തിൽ കാ ണുന്നത്. ശേഷിക്കുന്ന 5% ശതമാനം മാത്രമാണ് ജനിച്ച നാട്ടിലേക്കോ അല്ലെങ്കിൽ ജന്മംകൊണ്ട് അമേരിക്കക്കാരനായിപോയെങ്കിലും സ്വന്തം അച്ഛനമ്മാരുടെ ജന്മനാട്ടിൽ മടങ്ങിപ്പോവാൻ ഇഷ്ടപ്പെടുന്നത്. ഈ പഠനം വ്യക്തമാക്കുന്ന ഒരു കാര്യമുണ്ട് 'എന്തുകൊണ്ട് അമേരിക്കയിലതിവസിക്കുന്ന 95% ഇന്ത്യക്കാരും ഇന്ത്യയെ 'വെറുക്കുന്നു' എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. സത്യസന്ധമായാണ് 95 ശതമാനക്കാരും മറുപടിപറഞ്ഞതെങ്കിൽ ഇന്ത്യയിലെവിടെയോ കാതലായ പ്രശ്നങ്ങൾ ഉണ്ടെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഒരുപക്ഷെ വളരെ ദീർഘ

വീക്ഷണത്തോടെയാവണം വെങ്കിട്ട് ആ പഠനം നടത്തിയത്. സ്വന്തം പൌരത്വം തെളിയിക്കാൻ ഇന്ത്യക്കാർ തെരുവിലിറങ്ങുന്ന കൗതുകകരമായ കാഴ്ചകണ്ട് ലോകരാജ്യങ്ങൾ പോലും അതിശയത്തോടെയാണ് നോക്കിക്കാണുന്നത്. ഫാസിസ്റ്റ് ഭരണകൂടതിനുള്ളിൽ സ്വന്തം പൌരന്മാർ ഭയത്തോടെ ജീവിക്കുന്ന അവസ്ഥ എത്ര വേദനാജനകമാണ്. ഈ സ്ഥിതി തുടർന്നാൽ ഒരു പക്ഷെ ഇന്ത്യയിലെ ഒരുവിഭാഗം ജനങ്ങളെ വംശഹത്യയുടെ (genocide) പാതയിലേക്ക് നയിക്കുമെന്ന് ഭയപ്പെടെണ്ടിയിരിക്കുന്നു. ഒന്നരമാസമായി ഇന്ത്യയിൽ നടന്നു കൊണ്ടിരിക്കുന്ന പൗരത്വ ഭേദഗതി നിയമത്തിന്നെതിരെയുള്ള സമരങ്ങൾ കാരണം ജനങ്ങളിൽ പകുതിയിലേറെ പേരും മാനസികമായി തകർന്നിരിക്കുകയാണ്. ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠ അവരെ വല്ലാതെ തളർത്തിയിരിക്കുന്നു. ആസ്സാമിൽ നടപ്പാക്കിയ പോലെ രേഖകൾ ഹാജരാക്കാൻ പറ്റിയില്ലെങ്കിൽ സർക്കാർ ഒരുക്കുന്ന തടവറകളിലെ ജീവിതത്തിന്റെ ഭായനകത്വം ഒരു പേടിസ്വപ്നമായി അവരുടെ ഉറക്കം ഇല്ലാതാക്കുന്നു. നാട്ടിലെ വിവിധ ആശുപത്രികളിൽ എത്തുന്നവരിൽ പലർക്കും കൂടിയ രക്തസമ്മർദ്ദം ഹൃദയസംബന്ധമായഅസുഖം, സ്ട്രോക് എന്നീവയാണ്. ആധിയും പിരിമുറുക്കവുമാണ് പ്രധാന കാരണങ്ങളായി ഡോക്ടർമാർ പറയുന്നത്. മറ്റൊരു കലിയുഗത്തിന്റെ ആരംഭമാണോ ഇന്നത്തെ ഇന്ത്യ എന്നുപോലും പ്രായം ചെന്നവർ അടക്കം പറയുന്നു.

*(തുടരും)*

# ജെയ്നി സാഹിബിനെ സ്മരിക്കുമ്പോൾ



കെ.എസ്. അബ്ദുൽ കരിം
9567908175

എം.ഇ.എസിന്റെ എറണാകുളം ജില്ലയിലെ കരുത്തുറ്റ നേതാക്കളിൽ ഒരാളായിരുന്നു ഈയിടെ കൊച്ചിയിൽ അന്തരിച്ച കെ. ജെയ്നി സാഹിബ്.

1972 ഫെബ്രുവരിയിലാണ് ആലപ്പുഴയിൽ വെച്ച് എം.ഇ.എസ്. യൂത്ത് വിംഗിന് സംസ്ഥാന കമ്മിറ്റി ഉണ്ടാവുന്നതും പ്രവർത്തന രംഗം വിശാലമാകുന്നതും. ജെയ്നി സാഹിബ് യൂത്ത് വിംഗിന്റെ പ്രവർത്തനങ്ങളിലൂടെയാണ് എം.ഇ.എസ് പ്രവർത്തനവുമായി അടുക്കുന്നത്. യൂത്ത് വിംഗിന്റെ യൂണിറ്റ് ഭാരവാഹിയായി തുടങ്ങി ചുരുങ്ങിയ കാലത്തിനുള്ളിൽ അതിന്റെ സംസ്ഥാന പ്രസിഡന്റ് വരെയായി. അദ്ദേഹത്തിന്റെ സംഘടനാ പാടവവും ചടുലമായ പ്രവർത്തന ശൈലിയും ഏവരെയും ആകർഷിക്കുന്നതായിരുന്നു.



സാമൂഹിക സാംസ്കാരിക രംഗത്തെ പല സംഘടനകളുമായും ജെയ്നി സാഹിബ് ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നുണ്ടെങ്കിലും, എം.ഇ.എസിനോടുള്ളത്ര ഹൃദയബന്ധം മറ്റൊരു പ്രസ്ഥാനവുമായും അദ്ദേഹത്തിനുണ്ടായിരുന്നില്ല.

എം.ഇ.എസിന്റെ എറണാകുളം ജില്ലാ സെക്രട്ടറി, ജില്ലാ പ്രസിഡന്റ്, സംസ്ഥാന കമ്മിറ്റി അംഗം, സംസ്ഥാന സെക്രട്ടറി വിവിധ സ്ഥാപനങ്ങളുടെ ചെയർമാൻ തുടങ്ങി ഒട്ടനേകം സ്ഥാനങ്ങൾ എം.ഇ.എസിൽ അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി.

വിടവാങ്ങുമ്പോൾ, തന്റെ സ്വപ്ന സാഫല്യമായ എം.ഇ.എസ്. കൊച്ചിൻ കോളേജിന്റെ ചെയർമാനായിരുന്നു അദ്ദേഹം.

മുസ്ലീങ്ങൾ തിങ്ങി പാർക്കുന്ന പശ്ചിമ കൊച്ചി വിദ്യാഭ്യാസപരമായി ഏറെ പിന്നിലായിരുന്നു. തന്റെ ജന്മനാടുകൂടിയായ കൊച്ചിയിൽ എം.ഇ.എസിന്റേതായ ഒരു വിദ്യാഭ്യാസ സ്ഥാപനം ഉണ്ടായി കാണാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ജെയ്നി സാഹിബും കൊച്ചിയിലെ സുഹൃത്തുക്കളും അതിനു വേണ്ടി ശ്രമിച്ച് വരികയായിരുന്നു. എം.ഇ.എസിന്റെ പുതിയ സംസ്ഥാന നേതൃത്വം കൊച്ചിയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് കോളേജിന് പച്ചക്കൊടി കാട്ടിയതോടെയാണ് മുണ്ടംവേലിയിൽ ആർട്സ് കോളേജ് യാഥാർത്ഥ്യമായത്.

സംഘടനാ പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ കർമ്മ രംഗം. അക്ഷരങ്ങളെ സ്നേഹിച്ച അദ്ദേഹം നല്ലൊരു എഴുത്തുകാരനും പ്രഭാഷകനുമായിരുന്നു.

യൂത്ത് വിംഗിന്റെ ഭാരവാഹി ആയിരിക്കുമ്പോൾ 'മെസ്സിന്യൂസ്' എന്ന പേരിൽ ഒരു മാസിക അദ്ദേഹം തുടങ്ങി. സ്വന്തം വീട്ടിൽ ആയിരുന്നു അതിന്റെ ഒഫീസ്. അധിക നാൾ അതിന് ആയുസുണ്ടായില്ല.

പിന്നിടദ്ദേഹം എം.ഇ.എസ്. ജേർണലിന്റെ എഡിറ്ററായി. 1988 ൽ ജേർണ്ണലിന്റെ പേര് 'എം.ഇ.എസ്. ബുള്ളറ്റിൻ' എന്നാക്കിയപ്പോഴും അദ്ദേഹം തന്നെയായിരുന്നു അതിന്റെ എഡിറ്റർ. 1997 വരെ അദ്ദേഹം എഡിറ്ററായി തുടർന്നു. പിന്നീട് എഡിറ്ററായി വന്നത് ഞാനായിരുന്നു. ആ കാലത്ത് അദ്ദേഹം 'ഇസ്ലാമിക ചരിത്രത്തിലെ നിർണ്ണായക ഘട്ടങ്ങൾ' എന്ന പേരിൽ പ്രവാചകന്റെയും ആദ്യ ഖലീഫമാരുടെയും ജീവിതത്തെ അടിസ്ഥാനമാക്കി ഒരു ലേഖന പരമ്പര എം.ഇ..എസ്. ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അത് പുസ്തകമാക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ആ ആഗ്രഹം പൂർത്തീകരിക്കാതെയാണ് അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞത്. ആ പുസ്തകം പ്രസിദ്ധീകരിക്കാൻ കൊച്ചി താലൂക്ക് കമ്മിറ്റി ശ്രദ്ധിക്കണം എന്നഭ്യർത്ഥിക്കുന്നു. അതു അദ്ദേഹത്തിന് നൽകാൻ കഴിയുന്ന ഏറ്റവും വലിയ സ്മാരകമാവുന്നു.

പരേതന് അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകട്ടെ!




*എം.ഇ.എസ്. കണ്ണൂർ ജില്ലാ കമ്മിറ്റി തലശ്ശേരിയിൽ സംഘടിപ്പിച്ച മതേതര ബഹുസ്വര കൂട്ടായ്മ അഡ്വ. ടി. ആസഫലി ഉദ്ഘാടനം ചെയ്യുന്നു*

# തലശ്ശേരിയിൽ മതേതര ബഹുസ്വര കൂട്ടായ്മ

തലശ്ശേരി: പാരീസ് പ്രസിഡൻസി ഹാളിൽ പൗരത്വ നിയമഭേദഗതിയിൽ പ്രതിഷേധിക്കുവാൻ കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട മതേതര ബഹുസ്വര കൂട്ടായ്മ മുൻ ഡി.ജി.പി. അഡ്വ. ടി. ആസഫലി ഉദ്ഘാടനവും മുഖ്യപ്രഭാഷണവും നിർവഹിച്ചു. ഗവ. പ്ലീഡർ അഡ്വ. ജി.കെ. ഗോപാലകൃഷ്ണൻ, ചൂരായി ചന്ദ്രൻ മാസ്റ്റർ, ടി.സി. മുഹമ്മദ്, ജില്ലാ സെക്രട്ടറി സി. ഹാരിസ് എന്നിവർ സംസാരിച്ചു.

ജില്ലാ പ്രസിഡന്റ് ഡോ. എ.എ. ബഷീർ അദ്ധ്യക്ഷത വഹിച്ചു. സ്വാഗതസംഘം ചെയർമാൻ യു.വി. അഷ്റഫ് സ്വാഗതവും വൈസ് പ്രസിഡന്റ് ഡോ. മോയ്തു നന്ദിയും പറഞ്ഞു.



*ജനാധിപത്യ സാഹോദര്യ സംരക്ഷണ സമിതി കോഴിക്കോട് കടപ്പുറത്ത് സംഘടിപ്പിച്ച പീപ്പിൾസ് സമ്മിറ്റിൽ ഭീം ആർമി നേതാവ് ചന്ദ്രശേഖർ ആസാദ് ഭരണഘടനയുടെ ആമുഖം വായിച്ച് പ്രതിജ്ഞ ചെയ്യുന്നു. ഡോ. പി.എ. ഫസൽഗഫൂർ, എം.പി. അബ്ദുസ്സമ്മദ് സമദാനി, എം. ഗീതാനന്ദൻ, സണ്ണി എം. കപ്പിക്കാട്, സി.കെ. സുബൈർ, സി.ടി. സക്കീർഹുസൈൻ തുടങ്ങിയവർ സമീപം*



*എം.ഇ.എസ്. മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് 100 സീറ്റിൽ നിന്ന് 150 സീറ്റിലേക്ക് ഉയർത്താൻ നേതൃത്വം നൽകിയ എം.ഇ.എസ്. യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി ഡോ. ഹമീദ് ഫസലിനെ എം.ഇ.എസ്. സംസ്ഥാന യൂത്ത് അഫയേഴ്സ് കമ്മിറ്റി ചെയർമാൻ ടി.എം. സക്കീർ ഹുസൈൻ പൊന്നാട അണിയിച്ച് ആദരിക്കുന്നു.എം.എം.അഷ്റഫ്, ജുബ്ബാർ ജലാൽ, ഹംസ പട്ടാമ്പി തുടങ്ങിയവർ സമീപം*

---




# ചാത്തമംഗലത്തിന് എൻ.എസ്.എസ്. അവാർഡ്

ചാത്തമംഗലം: കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഈ വർഷത്തെ മികച്ച എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസറായി തെരെഞ്ഞെടുക്കപ്പെട്ട അൽതാഫ്. പി.കെ.ക്കും കാലിക്കറ്റ് സർവ്വകലാശാല ഇന്റർസോൺ റസ്ലിങ്ങ് ചാമ്പൻഷിപ്പിൽ വെള്ളി മെഡൽ കരസ്ഥമാക്കിയ മുഹമ്മദ് ഷമ്മാസ് എന്നിവർക്ക് സ്വീകരണം നൽകി. സ്വീകരണ പരിപാടി എം.ഇ.എസ് സംസ്ഥാന സെക്രട്ടറി സി.ടി സക്കീർ ഹുസൈൻ ഉദ്ഘാടനം ചെയ്തു.

ഇത് രണ്ടാം തവണയാണ് കോളേജ് എൻ.എസ്.എസ്. യൂണിറ്റിന് മികച്ച യൂണിറ്റിനും, പ്രോഗ്രാം ഓഫീസർക്കുമുള്ള അവാർഡ് ലഭിക്കുന്നത്. സഹപാഠികളായ രണ്ട് വിദ്യാർത്ഥികൾക്കു വേണ്ടി രണ്ട് വീടുകൾ നിർമ്മിച്ചതും, സഹപാഠിയായ ക്യാൻസർ രോഗിക്ക് ചികിത്സക്ക് വേണ്ടി ഏഴു ലക്ഷത്തോളം രൂപ പിരിച്ചു നൽകിയതും, ഒട്ടനവധി രോഗികൾക്കും അശരണർക്കുീ വേണ്ടി നടത്തിയ വിവിധ സാമൂഹ്യ പദ്ധതികളുമാണ് അവാർഡ് നേടാൻ യൂണിറ്റിന് സഹായകരമായത്.

യോഗത്തിൽ കോളേജ് പ്രിൻസിപ്പാൾ എ അബ്ദുൾ അസീസ് അദ്ധ്യക്ഷനായിരുന്നു. കോളേജ് മാനേജ്മെൻറ് കമ്മറ്റി സെക്രട്ടറി എൻ.കെ അബൂബക്കർ മാസ്റ്റർ മുഖ്യ പ്രഭാഷണം നടത്തിയ ചടങ്ങിൽ ജോ: സെക്രട്ടറി ആർ.കെ.ഷാഫി, വൈസ് പ്രിൻസിപ്പാൾ ഇ.അബ്ദു റസാഖ്, മുസ്തഫ ഷമീം, ഗുലാം ഹുസൈൻ, അൽതാഫ് പി.കെ, മുഹമ്മദ് ഷമ്മാസ് എന്നിവർ സംസാരിച്ചു. പ്രോഗ്രാം ഓഫീസർ ഷാഫി പുൽപ്പാറ സ്വഗതവും എൻ.എസ്.എസ്. സെക്രട്ടറി ഷിൻജുന നന്ദിയും പറഞ്ഞു.



*കോഴിക്കോട് എം.ഇ.എസ്. ഫാത്തിമ ഗഫൂർ വനിതാ കോളേജിൽ നടന്ന ബഹുസ്വര കൂട്ടായ്മയിൽ അഡ്വ. ദീപികാസിംഗ് രജാവത്ത് പങ്കെടുത്തപ്പോൾ*

# സ്ത്രീ ശാക്തീകരണം ഇന്ത്യയുടെ കരുത്ത്

കോഴിക്കോട്: സ്ത്രീ ശാക്തീകരണം ഇന്ത്യയുടെ പ്രധാന കരുത്താണെന്നും നാരീശക്തി തിരിച്ചറിഞ്ഞെങ്കിൽ മാത്രമേ രാജ്യം പുരോഗതി പ്രാപ്യമാവുവെന്നും കാശ്മീരിലെ അഭിഭാഷകയും സാമൂഹ്യ പ്രവർത്തകയും ആക്ടിവിസ്റ്റുമായ അഡ്വ. ദീപിക സിംഗ് രാജാവത്ത് പറഞ്ഞു.

എം.ഇ.എസ്. ഫാത്തിമാ ഗഫൂർ വനിതാ കോളേജിൽ സംഘടിപ്പിച്ച 'പൗരത്വഭേഗഗതി ബില്ലിനെതിരെ സ്ത്രീ ശക്തി' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു ദീപിക സിംഗ് രജാവത്ത്. ഇന്ത്യയുടെ ഏകത, ഐക്യം സംരക്ഷിക്കണമെന്നും, ഇന്ത്യൻ ഭരണഘടനയുടെ മഹത്വത്തെക്കുറിച്ച് നമുക്ക് ബോധം ഉണ്ടാകണമെന്നും, അവകാശങ്ങളേക്കാൾ കൂടുതൽ കർത്തവ്യത്തിന് പ്രാധാന്യം നൽകണമെന്നും അവർ പറഞ്ഞു. ഹിന്ദുത്വത്തേക്കാൾ ഉപരിയായി ഏകരാജ്യമെന്നുള്ള ആശയത്തിന് പ്രാധാന്യം നൽകണമെന്നും ദീപിക സിംഗ് സൂചിപ്പിച്ചു.

ഭരണഘടനയുടെ ആമുഖം വിദ്യാർത്ഥികൾക്ക് വായിച്ചു കൊടുത്തു. 'ദേശ് ഹമാരാ' എന്ന മുദ്രാവാക്യം ഉറക്കെ വിളിച്ച് വിദ്യാർത്ഥികളിൽ ദേശീയ ബോധം വളർത്തുവാനും അവർ തയ്യാറായി. ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. സുമ നാരായണൻ, എം.ഇ.എസ്. സംസ്ഥാന സെക്രട്ടറി സി.ടി. സക്കീർ ഹുസൈൻ, കോളേജ് വർക്കിംഗ് ചെയർമാൻ കെ.വി. സലീം, ജില്ലാ സെക്രട്ടറി എ.ടി.എം. അഷ്റഫ്, യൂത്ത് ലീഗ് ദേശീയ ജനറൽ സെക്രട്ടറി സി.കെ. സുബൈർ എന്നിവർ പങ്കെടുത്തു.

---

# കരിദിനം ആചരിച്ചു

പാവങ്ങാട്: ജെ.എൻ.യുവിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നേരെ നടന്ന ഹീനമായ ആക്രമണത്തിൽ എം.ഇ.എസ്. സെൻട്രൽ സ്കൂളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും പ്രതിഷേധിച്ചു. വിദ്യാർത്ഥികളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് സംസാരിച്ച് പ്രധിഷേധ കൂട്ടായ്മ സ്കൂൾ സെക്രട്ടറി സജൽ മുഹമ്മദ് ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ ഏറ്റവും മഹത്തായ യുണിവേഴ്സിറ്റിയിൽ നടന്ന ഈ സംഭവത്തിൽ അദ്ദേഹം ആശങ്ക പങ്കുവെച്ചു. പ്രതിഷേധ സൂചകമായി സ്റ്റാഫംഗങ്ങൾ കറുത്ത ബാഡ്ജ് അണിഞ്ഞു.

എം.ഇ.എസ്. ജില്ലാ പ്രസിഡന്റ് പി.കെ. അബ്ദുൽ ലത്തീഫ്, ഹസ്സൻ തിക്കോടി, പ്രിൻസിപ്പൽ ഡോ. അജിത് ഹേമചന്ദ്രൻ, സ്കൂൾ ക്യാപ്റ്റൻ അബ്ദുൾ മുഹൈമീൻ, വൈസ് ക്യാപ്റ്റൻ അദ്ഹം സഹീർ എന്നിവർ സംസാരിച്ചു. ഹെഡ്മിസ്ട്രസ് ഷജീന വി, അബ്ദുൾ ഗഫൂർ എന്നിവർ പ്രതിഷേധ കൂട്ടായ്മയിൽ സംബന്ധിച്ചു.




*കോഴിക്കോട് എം.ഇ.എസ്. ഫാത്തിമാ ഗഫൂർ മെമ്മോറിയൽ വനിതാ കോളേജ് സംഘടിപ്പിച്ച മതേതര ബഹുസ്വര കൂട്ടായ്മ മുൻ മന്ത്രി പി.കെ. ശ്രീമതി ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു.*

# പൗരത്വനിയമഭേദഗതി റദ്ദ് ചെയ്യാൻ എന്തിനാണ് ഭയം– പി.കെ. ശ്രീമതി

കോഴിക്കോട്: ഒറ്റനോട്ടത്തിൽ ഭരണഘടനാവിരുദ്ധമാണെന്ന് വ്യക്തമാവുന്ന പൗരത്വനിയമം റദ്ദ് ചെയ്യാൻ സുപ്രീം കോടതി ഭയക്കുന്നത് എന്തിനാണെന്ന് സി.പി.എം. കേന്ദ്ര കമ്മിറ്റി അംഗം പി.കെ. ശ്രീമതി. പൗരത്വ നിയമവുമായി ബന്ധപ്പെട്ടുള്ള ഹർജികളിൽ മറുപടി നൽകാൻ കേന്ദ്രത്തിന് സുപ്രീംകോടതി നാലാഴ്ച കൂടി അനുവദിച്ചത് ശരിയല്ലെന്നും അവർ പറഞ്ഞു. നടക്കാവ് എം.ഇ.എസ്. ഫാത്തിമ ഗഫൂർ മെമ്മോറിയൽ വനിതാ കോളേജിൽ നടത്തിയ പൗരത്വനിയമ ഭേദഗതിക്കെതിരായ ബഹുസ്വര കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

രാജ്യ ഭരിക്കുന്നവർ മൂഢ സ്വർഗത്തിലാണ്. ഭരണഘടനയെ പിച്ചിച്ചീന്തി സമൂഹത്തെ വിഭജിക്കാനാണ് അവരുടെ ശ്രമം. ഇന്ത്യ–ഹിന്ദു–ഹിന്ദി എന്ന ലക്ഷ്യം നിറവേറ്റാനാണ് ശ്രമം. ഇതിനെതിരെ ഉണർന്നു പ്രവർത്തിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു. രാജ്യത്തെല്ലായിടത്തും സമരം നടക്കുന്നു. സ്ത്രീകളാണ് കൂടുതലായി സമര രംഗത്തുള്ളത്. വിശ്വാസത്തിനനുസരിച്ച് ജീവിക്കാൻ പൗരാവകാശമുണ്ട്. അത് നിഷേധിക്കുന്നതിനെതിരെ പ്രതികരിക്കുക തന്നെ വേണമെന്ന് പി.കെ. ശ്രീമതി പറഞ്ഞു.

മാനേജ്മെന്റ് കമ്മിറ്റി ചെയർ പേഴ്സൺ മുംതാസ് അബ്ദുള്ള അദ്ധ്യക്ഷയായി. സെക്രട്ടറി ഷമീല ഫസൽ, പ്രിൻസിപ്പൽ ഡോ. സുമ നാരായണൻ, ബീന പൂവത്തിൽ (മഹിളാ കോൺഗ്രസ്), വനിതാ ലീഗ് ദേശീയ സെക്രട്ടറി ജയന്തി രാജൻ, ഫാത്തിമ നബീല, സുഹറ ലത്തീഫ്, തുടങ്ങിയവർ സംസാരിച്ചു. വിദ്യാർത്ഥിനികൾ നഗരം ചുറ്റി നടത്തിയ റാലിക്ക് നേതാക്കൾ നേതൃത്വം നൽകി.

---

## ബ്ലാക്ക് ഡേ ആചരിച്ചു

തിരൂർ: ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ നടന്ന ആക്രമണത്തിനെതിരെ തിരൂർ എം.ഇ.എസിൽ കറുത്ത ദിനം ആചരിച്ചു. കറുത്ത ബാഡ്ജ് അണിഞ്ഞു എത്തിയ വിദ്യാർത്ഥികളും ജീവനക്കാരും സ്കൂൾ അങ്കണത്തിൽ പ്രതിഷേധ കൂട്ടായ്മയിൽ പങ്കെടുത്തു. സ്കൂൾ ചെയർമാൻ അൻവർ സാദത് കള്ളിയത്ത് വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു സംസാരിച്ചു. പി.പി. അബ്ദുറഹിമാൻ, സ്കൂൾ പ്രിൻസിപ്പൽ ജയ്മോൻ മേലേക്കുടി എന്നിവർ സംസാരിച്ചു.



*എടത്തനാട്ടുകര എം.ഇ.എസ്. വുമൺസ് കോളേജ് സംഘടിപ്പിച്ച ഗാന്ധിസ്മൃതി സെമിനാർ എം.ഇ.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് വി. മൊയ്തുട്ടി ഉദ്ഘാടനം ചെയ്യുന്നു*

# മഹാത്മാഗാന്ധി ഫോട്ടോ അനാച്ഛാദനം

മണ്ണാർക്കാട്: എം.ഇ.എസ്. ആഹ്വാനം ചെയ്ത ഗാന്ധി സ്മൃതി ആഘോഷങ്ങളുടെ ഭാഗമായി മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിൽ മഹാത്മാവിന്റെ ഛായാചിത്ര അനാച്ഛാദന കർമ്മം എം.ഇ.എസ്. പാലക്കാട് ജില്ലാ പ്രസിഡന്റ് എ.ജബ്ബാറലി, സ്കൂൾ മാനേജിംഗ് കമ്മിറ്റി ചെയർമാൻ എൻ. അബൂബക്കർ എന്നിവർ നിർവ്വഹിച്ചു. സ്കൂൾ പ്രിൻസിപ്പൽ കെ.കെ. ഉബൈദുള്ള, ഹെഡ്മിസ്ട്രസ് കെ. അയിഷാബി, എം.ഇ.എസ്. ഇംഗ്ലീഷ് മീഡിയം പ്രിൻസിപ്പൽ സൈനുൽ ആബിദ്, മുൻ പ്രിൻസിപ്പൽ കെ. നൗഷാദ്, ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് കെ. ഫഹ്സത്ത്, സ്റ്റാഫ് സെക്രട്ടറിമാരായ ടി. അബ്ദുറസാക്, കെ.ആർ പ്രീത മറ്റു അദ്ധ്യാപകരും ജീവനക്കാരും ചടങ്ങിൽ സംബന്ധിച്ചു. രാഷ്ട്രപിതാവിന്റെ 150-ാം ജന്മദിന വാർഷികാചരണത്തിന്റെ ഭാഗമായി ഗാന്ധി സന്ദേശങ്ങൾ ഉൾകൊള്ളിച്ചു കൊണ്ടുള്ള സെമിനാർ, മൂന്നു ദിവസം നീണ്ടു നിൽക്കുന്ന സിനിമാ പ്രദർശനം, ഉപന്യാസ മത്സരം, പ്രശ്നോത്തരി, പ്രതിഭകളെ ആദരിക്കൽ തുടങ്ങി വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കുമെന്ന് സ്കൂൾ കമ്മിറ്റി ചെയർമാൻ എൻ. അബൂബക്കർ സെക്രട്ടറി എ. ജബ്ബാറലി എന്നിവർ അറിയിച്ചു.

---

# കാരിക്കേച്ചറുകളുടേയും പ്രദർശനവും കാർട്ടൂൺ രചനാ മത്സരവും നടത്തി

ഗാന്ധിജിയുടെ 150-ാം ജന്മദിനത്തോടനുബന്ധിച്ച് ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എം.ഇ.എസ്. അസ്മാബി കോളേജും കേരള കാർട്ടൂൺ അക്കാദമിയും സംയുക്തമായി 'വരകളിൽ മഹാത്മ' എന്ന ആശയത്തിൽ ഊന്നൽ നൽകിക്കൊണ്ട് ഗാന്ധിജിയുടെ ബന്ധപ്പെട്ട കാർട്ടൂണുകളുടേയും കാരിക്കേച്ചറുകളുടേയും പ്രദർശനവും കാർട്ടൂൺ രചനാ മത്സരവും നടത്തി. കേരളത്തിലെ കാർട്ടൂണിസ്റ്റ് മുരളി കെ. മുകുന്ദൻ പ്രദർശനം ഉദ്ഘാടനം ചെയ്തു.

മൂല്യവും തെളിമയുമാണ് ഇന്നത്തെ വരകൾക്ക് വേണ്ടതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കേരള കാർട്ടൂൺ അക്കാദമി അംഗം ഡാവിഞ്ചി സുരേഷ്, കേരള കാർട്ടൂൺ അക്കാദമി ട്രഷറർ സിദ്ദീഖ് പറവൂർ മത്സാർത്ഥികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി. അസ്മാബി കോളേജ് പ്രിൻസിപ്പാൾ ഡോ. അജിംസ് പി. മുഹമ്മദ് അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മേധാവി രാജി പി.ബി. സ്വാഗതം ആശംസിച്ചു. സെൽഫ് ഫിനാൻസിംഗ് കോഴ്സ് ഡയറക്ടർ ഡോ. കെ.പി. സുമേധൻ, പ്രൊഫ. വി.എം. ജോർജ്ജ്, അസി. പ്രൊഫ. ഫാത്തിമ ആലിയ എന്നിവർ സംസാരിച്ചു.



എം.ഇ.എസ് തൃശൂർ ജില്ലാ കമ്മറ്റി ചാവക്കാട് മുനിസിപ്പൽ ചത്വരത്തിൽ സംഘടിപ്പിച്ച മതേതര ബഹുസ്വര കൂട്ടായ്മ കെ.പി.സി.സി സെക്രട്ടറി ജ്യോതികുമാർ ചാമക്കാല ഉത്ഘാടനം ചെയ്യുന്നു

# ഐ. ക്യു. എ. സി. സെമിനാർ

എരുമേലി: എം.ഇ.എസ് കോളേജിൽ ഐ.ക്യു.എ.സി. അക്രെഡിറ്റേഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണ ക്ലാസ്സി ന്റെ രണ്ടാമത് സെക്ഷൻ സെമിനാർ ഹാളിൽ നടന്നു.

കോളേജിലെ എല്ലാ ഡിപ്പാർട്മെന്റിലെയും അദ്ധ്യാപകർ പങ്കെടുത്ത ക്ലാസ്സിൽ കോളേജ് പ്രിൻസിപ്പാൾ മാഹീൻ എം.എൻ ആമുഖ പ്രഭാഷണം നടത്തി. ഐ.ക്യു.എ.സി. വൈസ് പ്രിൻസിപ്പാൾ രമാദേവി സ്വാഗതം ആശംസിച്ചു. സി.എം.എസ്. കോളേജ് പരീക്ഷ വിഭാഗം കൺട്രോളർ ഡോ. ടോമി ക്ലാസ്സെടുത്തു. നാക് അക്രെഡിറ്റേഷൻ ലഭിക്കുന്നതിന് നിരന്തര പരിശ്രമവും, ഗുണ നിലവാര പുരോഗതിയും, വിലയിരുത്തലും, ആവശ്യമാണെന്നും നടപ്പാക്കുന്ന കാര്യങ്ങളുടെ റെക്കോർഡ് സൂക്ഷിക്കുന്നത് പരമ പ്രാധാന്യമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. ജിതേഷ് കെ.എസ് നന്ദിയും അർപ്പിച്ചു.

# ഗാന്ധി സ്മൃതി 150 – ാം ജന്മവാർഷിക ആഘോഷിച്ചു

കൊല്ലം: എം.ഇ.എസ്. സംസ്ഥാന കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം എം.ഇ.എസ്. ഇ.എ. സമദ് മെമ്മോറിയൽ സ്കൂൾ, മുളങ്കാടകം, കൊല്ലം, ഗാന്ധിജിയുടെ 150–ാം ജന്മവാർഷികം 'ഗാന്ധിജിയെ അറിയാൻ' എന്ന വിഷയത്തിൽ പ്രമുഖ ഗാന്ധിയൻ കൈതവനത്തറ ശങ്കരൻകുട്ടി, കുട്ടികളും രക്ഷകർത്താക്കളുമായി സംവദിച്ചു. ഗാന്ധിജിയുടെ ബാല്യം മുതലുള്ള ജീവിത രീതി, മാർഗ്ഗദർശനം, സമൂഹ നന്മയ്ക്കു വേണ്ടി ചെയ്ത പ്രവർത്തനങ്ങൾ എന്നിവ വിശദമായി സംസാരിച്ചു. ഗാന്ധിയൻ കെ.ജി. തുളസീധരൻ, അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി അഖില, സംസ്ഥാന കമ്മിറ്റി അംഗം എം. ഷംസുദ്ദീൻ, താലൂക്ക് കമ്മിറ്റി പ്രസിഡന്റ് കോടിമേൽ കൊടി ഹാഷിം, സ്കൂൾ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ എ. ഷംസുദ്ദീൻ, അബ്ദുൾ ഹക്കീം എന്നിവർ പങ്കെടുത്തു. സ്കൂൾ ചെയർമാൻ എം. ഇബ്രാഹിംകുട്ടി അദ്ധ്യക്ഷത വഹിച്ചു. ഇ.എം. ഷാഫി സ്വാഗതവും പ്രിൻസിപ്പൽ ലതാകൃഷ്ണൻ നന്ദിയും പറഞ്ഞു.




കോട്ടയം എരുമേലിയിൽ എം.ഇ.എസ്. കോളേജ് സംഘടിപ്പിച്ച പൗരത്വ പ്രതിഷേധ റാലിക്ക് പി.എച്ച്.നജീബ്, എം.എം.ഹനീഫ് തുടങ്ങിയവർ നേതൃത്വം നൽകുന്നു



*കുറ്റിപ്പുറം എം.ഇ.എസ്. എൻജിനീയറിംഗ് കോളേജ് എം.ബി.എ. വകുപ്പ് സംഘടിപ്പിച്ച പതിമൂന്നാമത് ദക്ഷിണേന്ത്യൻ മാനേജ്മെന്റ് മീറ്റ് 'സെസ്മറൈസ് 20' ഷൊർണ്ണൂർ പി.എൻ.എ. എം. ആയുർവേദ മെഡിക്കൽ കോളേജ് മാനേജിംഗ് ഡയറക്ടർ സന്ധ്യ മന്നത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു. പ്രൊഫ. പി.ഒ. ജെ. ലബ്ബ തുടങ്ങിയവർ സമീപം*

# കുറ്റിപ്പുറത്ത് ദക്ഷിണേന്ത്യൻ മാനേജ്മെന്റ് മീറ്റ്

കുറ്റിപ്പുറം: എം.ഇ.എസ്. എൻജിനീയറിംഗ് കോളേജ് എം.ബി.എ. വകുപ്പ് സംഘടിപ്പിച്ച് പതിമൂന്നാമത് ദക്ഷിണേന്ത്യൻ മാനേജ്മെന്റ് മീറ്റ് 'മെസ്മറൈസ് 20' ഷൊർണൂർ പി.എൻ.എൻ.എം. ആയുർവേദ മെഡിക്കൽ കോളേജ് മാനേജിംഗ് ഡയറക്ടർ സന്ധ്യ മന്നത്ത് ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടന ചടങ്ങളിൽ എം.ഇ.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. പി.ഒ.ജെ.ലബ്ബ അദ്ധ്യക്ഷത വഹിച്ചു. ജോ. സെക്രട്ടറി പ്രൊഫ. സി.പി. മുഹമ്മദ്, പ്രിൻസിപ്പാൾ ഡോ. എ.എസ്. വരദരാജൻ, വൈസ് പ്രിൻസിപ്പൾ ഡോ. ബദീഉസ്സമാൻ, സ്റ്റാഫ് കോ- ഓർഡിനേറ്റർ ഡോ. ഐസക് ജോർജ് എന്നിവർ പ്രസംഗിച്ചു. വകുപ്പ് മേധാവി ഡോ. വി.എ. സണ്ണി സ്വാഗതവും പ്രോഗ്രാം കൺവീനർ റഖീബ് മുഹമ്മദ് നന്ദിയും പറഞ്ഞു.

ദക്ഷിണേന്ത്യയിലെ അൻപതിൽപ്പരം കോളേജുകളിൽ നിന്നും മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നുമായി അഞ്ഞൂറോളം വിദ്യാർത്ഥികൾ വിവിധ മാനേജ്മെന്റ് മത്സരങ്ങളിൽ പങ്കെടുത്തു. വൈകീട്ട് നടന്ന ചടങ്ങിൽ കോളേജ് പ്രിൻസിപ്പൾ സമ്മാനങ്ങൾ വിതരണം ചെയ്തു.

# പൗരത്വബിൽ പ്രതിഷേധ സംഗമം

എരുമേലി: എം.ഇ.എസ്. കോളേജ് മാനേജ്മെന്റ് കമ്മിറ്റിയുടെയും കോളേജ് യൂണിയന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ സംഗമം അഡ്വ. ഷാനവാസ് ഉദ്ഘാടനം ചെയ്തു. കോളേജ് മാനേജ്മെന്റ് കമ്മിറ്റി സെക്രട്ടറി കെ.പി. നാസറുദ്ദീൻ സ്വാഗതം പറഞ്ഞു. എം.ഇ.എസ്. ജില്ലാ പ്രസിഡന്റ് എൻജിനീയർ എം.എം. ഹനീഫ് വിഷയാവതരണം നടത്തി. കോളേജ് ചെയർമാൻ പി.എച്ച്. നജീബ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. എം.ഇ.എസ്. ജില്ലാ സെക്രട്ടറി ടി.എസ്. റഷീദ് മുഖ്യപ്രഭാഷണം നടത്തി. ഇന്ത്യൻ ഭരണഘടനക്കും മതേതര സങ്കൽപ്പങ്ങൾക്കും എതിരായി കേന്ദ്ര ഗവൺമെന്റ് പാസ്സാകിയ പൗരത്വ ബിൽ ജനാധിപത്യ സംവിധാനങ്ങളോടുള്ള വെല്ലുവിളിയാണെന്നും ഇന്ത്യയുടെ മഹത്തായ പാരമ്പര്യങ്ങളേയും, സ്വാതന്ത്ര്യ സമര നേതാക്കൾ യാഥാർത്ഥ്യമാക്കിയ മതേതരത്വ സങ്കൽപ്പങ്ങളെയും തകർക്കുന്ന പൗരത്വ ബില്ലിനെ എതിർത്തു തോൽപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് യോഗത്തിൽ സംസാരിച്ചവർ പറഞ്ഞു. സി.ഒ. അബ്ദുൾ കരിം (മാനേജിംഗ് കമ്മിറ്റി മെമ്പർ), ജസൽ മോൻ സി (യൂണിയൻ ചെയർമാൻ), നിഖിൽ വിജയൻ (യൂണിയൻ ജനറൽ സെക്രട്ടറി) താരിഖ് മുഹമ്മദ് (യൂണിയൻ ആർട്സ് ക്ലബ് സെക്രട്ടറി) എന്നിവർ ആശംസകൾ സംസാരിച്ചു. ദീപ്തി ഡൊമിനിക് (യൂണിയൻ ചെയർപേഴ്സൺ) നന്ദി പറഞ്ഞു. കോളേജ് പ്രിൻസിപ്പൽ മാഹീൻ എം.എൻ. പരിപാടികൾക്ക് നേതൃത്വം നൽകി.

# മക്കാർപിള്ളയ് കോളേജിൽ  കരിദിനം ആചരിച്ചു

എം.ഇ.എസ്എം.കെമക്കാർപിള്ളയ്കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽഡൽഹി ജെ. എൻ.യുവിൽ ഉണ്ടായ ഭീകരമായ ആക്രമണത്തെ അപലപിച്ചുകൊണ്ട്  വിദ്യാർത്ഥികളുംഅധ്യാപക രുംകരിദിനമായിആചരിച്ചു. എല്ലാ ജനാധിപത്യ മൂല്യങ്ങളെയും ഇല്ലാതാക്കികൊണ്ട് സാമൂഹിക വിരുദ്ധരും ഛിദ്രശക്തികളും നടത്തിയഅഴിഞ്ഞാട്ടം അംഗീകരിക്കാൻ സാധിക്കുന്നതല്ല. പോലീസിനെ നോക്കുകുത്തിയാക്കികൊണ്ട് വിദ്യാർത്ഥികളെയും അധ്യാപകരെയും ക്രൂരമായി ആക്രമിച്ച വ്യക്തികൾക്കും സംഘടനകൾക്കും എതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ ഈദിനത്തോടനുബന്ധിച്ച് നടത്തിയ യോഗത്തിൽ ആവശ്യപ്പെട്ടു. കോളേജ് മാനേജ്മന്റ് കമ്മിറ്റി ചെയർമാൻ ഷംസുദ്ധീൻ, കോളേജ് മാനേജ്മന്റ് കമ്മിറ്റി സെക്രട്ടറി അഡ്വ.അഹമ്മദ്കുഞ്ഞു, പ്രിൻസിപ്പാൾ പ്രൊഫ.താജുദ്ധീൻ,



കോളേജ് മാനേജ്മന്റ് കമ്മിറ്റി ട്രഷറർ പി.കെ.എ.ജബ്ബാർ, പ്രൊഫ. ഷിജോപാത്താടൻ, കോളേജ് യൂണിയൻസെക്രട്ടറി വിഷ്ണുകിഷോർ എന്നിവർ സംസാരിച്ചു.

# 'ഗാന്ധിസ്മൃതി' യിൽ കായിക ക്ഷമതാ വാരാചരണത്തിനൊരുങ്ങി എം.ഇ.എസ്. കുറ്റിപ്പുറം

കുറ്റിപ്പുറം: 'ഗാന്ധിസ്മൃതി' ആചരണത്തിന്റെ രണ്ടാംഘട്ട പരിപാടി, കായികക്ഷമതാ വാരാചരണം എന്നിവയുടെ ഭാഗമായി കുറ്റിപ്പുറം എം.ഇ.എസ്. കാമ്പസ് സ്കൂളിലെ ഒമ്പതാംതരം വിദ്യാർത്ഥികൾ പൊന്നൊന്നി കോട്ടത്തറയിലുള്ള 'ആയുർയോഗം' പ്രകൃതി ചികിത്സാ കേന്ദ്രം സന്ദർശിച്ചു. യോഗാദ്ധ്യാപകനും പ്രകൃതി ചികിത്സകനുമായ ശംഭു നമ്പൂതിരി പ്രകൃതി ജീവിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളോടു സംസാരിച്ചു. മണ്ണും ജലവും ഉപയോഗിച്ചുള്ള ആരോഗ്യ ചികിത്സാ വിധികൾ കാണുന്നതിന് കുട്ടികൾക്ക് അവസരം ലഭിച്ചു. യോഗാക്രമങ്ങളും പ്രകൃതിയോടിണങ്ങിയ ജീവിത ശൈലിയും ഭക്ഷണക്രമവും അദ്ദേഹം കുട്ടികൾക്ക് ഉപദേശിച്ചു. അങ്ങാടിയുമായിണങ്ങിയ ജിവിതത്തെ അടുക്കളത്തോട്ടത്തിലേക്കു പറിച്ചു നടേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കി. നിഷ്ക്രിയമായി ദൃശ്യങ്ങളിലും വെളിച്ചങ്ങളിലും തളച്ചിടപ്പെട്ട കാഴ്ചയെ സക്രിയമായ ഇടങ്ങളിലേക്ക് എത്തിക്കുക എന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം. ഗാന്ധിവിഭാവനം ചെയ്ത ലളിത ജീവിതത്തിന്റെയും പ്രകൃതി സ്നേഹത്തിന്റെയും മൂല്യങ്ങൾ കുട്ടികളിലേയ്ക്കെത്തിക്കുക എന്ന ലക്ഷ്യത്തിലേക്ക് ഒരു ചുവടുവെയ്പായിരുന്നു പരിപാടി.  കായികക്ഷമതാ വാരാചരണത്തിന്റെ ലളിത കായികാഭ്യാസ പരിശീലനം, പ്രശ്നോത്തരി, സ്കൂൾ പാർലമെന്റ് ഒരുക്കുന്ന പരിപാടികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

# കണ്ണനല്ലൂർ എം.ഇ.എസ് സ്കൂളിൽ ഭരണ ഘടനാ സംരക്ഷണ സദസ്സ്

കൊല്ലം : രാജ്യത്ത് പരക്കുന്ന ഭീതിയുടെയും വിഘടനവാദത്തിന്റെയും അന്തരീക്ഷത്തിൽ  വിദ്യാർത്ഥികളിൽ സമാധാനസന്ദേശമെത്തിക്കുവാനും ഭാരതത്തിന്റെ മതേതരജനാധിപത്യബോധം ഉറപ്പ് വരുത്താനും ഭരണഘടനാ സുരക്ഷ സംരക്ഷിക്കാനും ലക്ഷ്യമിട്ടുകൊണ്ട് കണ്ണനല്ലൂർ എം.ഇ.എസ് സ്കൂളിൽ ഭരണഘടനാ സംരക്ഷണസദസ്സ് സംഘടിപ്പിച്ചു. എം.ഇ.എസ് സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ച ഭരണഘടനാസംരക്ഷണ പക്ഷാചരണത്തിന്റെ ഭാഗമായിട്ടുള്ള യോഗം എം.ഇ.എസ് ജില്ലാ സെക്രട്ടറി കണ്ണനല്ലൂർ നിസാം ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പാൽ നസീമാ ബീവി അദ്ധ്യക്ഷയായിരുന്നു. സ്കൂൾ ലീഡർ സ്വപ്ന ലി ബബാസു ഭരണഘടനയുടെ ആമുഖം അവതരിപ്പിച്ചു. സ്കൂൾ പ്രതിനിധി ഫാത്തിമ.യു ഭരണഘടനാസംരക്ഷണ പ്രതിജ്ഞ ചൊല്ലി. എം. ഹസബുള്ള, സ്റ്റാഫ് സെക്രട്ടറി സുനിത, നിർമ്മലാ ദേവി, ഷാബിജ, ഷാഹിദാ ബീവി എന്നിവർ പ്രസംഗിച്ചു.




*എം.ഇ.എസ്. ഏറനാട് താലൂക്ക് മലപ്പുറം സിവിൽ സ്റ്റേഷന് മുൻവശം നടത്തിയ ഉപവാസ സമരം എം.ഇ.എസ്. സംസ്ഥാന സെക്രട്ടറി സി.ടി. സക്കീർ ഹുസൈനും ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എ.പി. ഉണ്ണികൃഷ്ണനും നാരങ്ങനീര് നല്കി അവസാനിപ്പിക്കുന്നു.*

# മലപ്പുറത്ത് കൂട്ട ഉപവാസം

മലപ്പുറം: "ഇത് ഗാന്ധിജിയുടെ നാടാണ്. പൗരത്വം അവകാശമാണ്" എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് എം.ഇ.എസ്. ഏറനാട് താലൂക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ മലപ്പുറത്ത് സിവിൽ സ്റ്റേഷനു മുമ്പിൽ ഉപവാസം സംഘടിപ്പിച്ചു. രാവിലെ 9 മണി മുതൽ വൈകീട്ട് 6 മണിവരെയായിരുന്നു ഉപവാസം. ഉപവാസ സമരം മുൻമന്ത്രി എ.പി. അനിൽകുമാർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. കാദർ കൊടവണ്ടി അദ്ധ്യക്ഷത വഹിച്ചു.

സി.പി.എം. ജില്ലാ ജനറൽ സെക്രട്ടറി മോഹൻദാസ്, ഡി.സി.സി. പ്രസിഡന്റ് അഡ്വ. വി.വി. പ്രകാശ്, എം.ഇ.എസ്. സംസ്ഥാന ട്രഷറർ കടവനാട് മുഹമ്മദ്, സംസ്ഥാന സെക്രട്ടറി ഡോ. എൻ.എം. മുജീബ് റഹ്മാൻ, സംസ്ഥാന വൈസ് പ്രസിഡന്റ് വി. മൊയ്തൂട്ടി, എസ്.ടി.യു. അഖിലേന്ത്യാ ജനറൽ സെക്രട്ടറി അഡ്വ. റഹ്മത്തുള്ള, ജനതാദൾ ജില്ലാ പ്രസിഡന്റ് സബാഹ് പുൽപ്പറ്റ, യൂത്ത് കോൺഗ്രസ് പാർലമെന്ററി പ്രസിഡന്റ് റിയാസ് മുക്കോളി, ജില്ലാ പഞ്ചായത്ത് മെമ്പർ റോഹിൻനാഥ്, എം.ഇ.എസ്. ജില്ലാ പ്രസിഡന്റ് ഒ.സി സലാഹുദ്ദീൻ, എം.ഇ.എസ്. സീനിയർ ലീഡർ ഇ.പി. മോയിൻകുട്ടി, ഡോ. സന്തോഷ് വളാഞ്ചേരി, സി.ഐ.ടി.യു. ജില്ലാ സെക്രട്ടറി അഡ്വ. ഫിറോസ് എന്നിവർ സംസാരിച്ചു.

കാർട്ടൂണിസ്റ്റ് സഗീർ കാർട്ടൂൺ വരച്ച് പ്രതിഷേധിച്ചു. ഉസ്മാൻ ഇരുമ്പുഴിയുടെ കാർട്ടൂൺ പ്രദർശനവും, ഷമീം സീഗളിന്റെ ഇന്ത്യയുടെ കയ്യൊപ്പ് ചാർത്തൽ എന്ന പരിപാടിയും ഉണ്ടായിരുന്നു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.പി. ഉണ്ണികൃഷ്ണൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. എം.ഇ.എസ്. സംസ്ഥാന സെക്രട്ടറി സി.ടി. സക്കീർ ഹുസൈൻ നാരങ്ങനീര് നൽകി സമാപന സമ്മേളനം അവസാനിപ്പിച്ചു.

ഉപവാസത്തിന് എ. ഷുക്കൂർ, അബ്ദു റഹിമാൻ സി.കെ, കാദർ കൊടവണ്ടി, നൗഷാദ് എടവണ്ണ, അൻവർഷ എന്നിവർ നേതൃത്വം നൽകി. നൗഷാദ് എടവണ്ണയുടെ നന്ദി പ്രകടനത്തോടെ ഉപവാസം അവസാനിപ്പിച്ചു.




*എം.ഇ.എസ് മുകുന്ദപുരം താലൂക്ക് കമ്മറ്റി സംഘടിപ്പിച്ച ബഹുസ്വര കൂട്ടായ്മയിൽ മഹിള കോൺഗ്രസ് സംസ്ഥാന സെക്രട്ടറി സോയജോസഫ് സംസാരിക്കുന്നു*




*പൊന്നാനി എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിൽ നടന്ന ഗാന്ധിസ്മൃതിയിൽ അജിത് കൊളാടി മുഖ്യപ്രഭാഷണം നിർവഹിക്കുന്നു*

# ഗാന്ധി ആദർശങ്ങൾക്ക് കാലിക പ്രസക്തി വർദ്ധിക്കുന്നു

പൊന്നാനി മഹാത്മാ ഗാന്ധിയുടെ ആദർശങ്ങൾ തന്നെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതമെന്നും അത്തരം മഹാത്മാക്കൾ ലോകത്ത് അപൂർവ്വമാണെന്നും ആ ആദർശങ്ങളിൽ നിന്ന് വ്യതിചലിച്ചതാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾക്ക് കാരണമെന്നും സാംസ്കാരിക നായകൻ അജിത് കൊളാടി പറഞ്ഞു. എംഇഎസ് കേരളത്തിലെ കേരളത്തിന്റെ നാനാഭാഗങ്ങളിലും നടത്തുന്ന ഗാന്ധി സ്മൃതി പരിപാടികളോടൊന്നിച്ച് ഗാന്ധി ചരമദിനത്തിൽ എംഇഎസ് ഹയർസെക്കണ്ടറി സ്കൂൾ പരിസരത്ത് സംഘടിപ്പിച്ച ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. എം.ഇ.എസ് ജില്ലാ പ്രസിഡന്റ് ഒ.സി സലാഹുദ്ദീൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ട്രഷറർ കടവനാട് മുഹമ്മദ് മുഖ്യ അതിഥിയായി. താലൂക്ക് പ്രസിഡന്റ് പിഎൻ മുഹമ്മദ് കുഞ്ഞിമോൻ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ടിവി അബ്ദുറഹിമാൻകുട്ടി, താലൂക്ക് സെക്രട്ടറി ടിടി ഇസ്മാഈൽ, യൂണിറ്റ് സെക്രട്ടറി ഒ സലാം, കെവി സുധീഷ്, എവി ഷീബ, കെവി റഫീഖ്, പിപി അബ്ദുറഹിമാൻ പ്രസംഗിച്ചു.

# ജെ.എൻ.യു. അക്രമത്തിനെതിരെ പ്രതിഷേധ മീറ്റിംഗ്

എരുമേലി: എം.ഇ.എസ്. കേന്ദ്ര നേതൃത്വത്തിന്റെ ആഹ്വാനമനുസരിച്ച് എരുമേലി എം.ഇ.എസ്. കോളേജ് മാനേജ്മെന്റ്, സ്റ്റാഫ്, വിദ്യാർത്ഥികൾ എന്നിവരുടെ നേതൃത്വത്തിൽ ജെ.എൻ.യു. അക്രമത്തിനെതിരെ പ്രതിഷേധ ദിനമായി ആചരിച്ചു. രാവിലെ 9.30 ന് കോളേജ് ഗേറ്റിന് മുമ്പിൽ കറുത്ത ബാഡ്ജ് ധരിച്ചു പ്രതിഷേധ മീറ്റിംഗ് നടത്തി. എം.ഇ.എസ്. കോളേജ് മാനേജിംഗ് കമ്മിറ്റി ചെയർമാൻ പി.എച്ച്. നജീബ് പ്രതിഷേധ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ മാഹീൻ എം.എൻ. പരിപാടിയുടെ വിശദവിവരങ്ങൾ അവതരിപ്പിച്ചു. സി.ഡി.സി. ഡയറക്ടർ ജിതേഷ് കെ.എസ് സ്വാഗതം ആശംസിച്ചു. വൈസ് പ്രിൻസിപ്പാൽമാരായ ജോർജ് ജോൺ (അഡ്മിനിസ്ട്രേഷൻ), ഷംല ബീഗം (അക്കാദമിക്), രമാ ദേവി (ഐ.ക്യു.എ.സി), ആൻസി മാത്യു (എക്സാമിനേഷൻ), കോളേജ് യൂണിയൻ പ്രതിനിധികളായ ജസ്സൽ മോൻസി, നിഖിൽ, വിജയൻ തുടങ്ങിയവർ പ്രതിഷേധമറിയിച്ചു. ജനാധിപത്യ



രീതിയിൽ പ്രതിഷേധിക്കാനുള്ള അവകാശങ്ങളെപ്പോലും ധ്വംസിക്കുന്ന കേന്ദ്ര ഭരണ കൂടത്തിന്റെ നടപടികൾക്കെതിരെ യോഗത്തിൽ സംസാരിച്ചവർ പ്രതിഷേധമറിയിച്ചു.



*കൊല്ലത്ത് നടന്ന ബഹുസ്വര കൂട്ടായ്മ എൻ. പീതാംബര കുറുപ്പ് ഉദ്ഘാടനം ചെയ്യുന്നു. പ്രൊഫ. പി.ഒ.ജെ. ലബ്ബ, കണനല്ലൂർ നിസാം, കോഞ്ചേരിൽ ഷംസുദ്ദീൻ, ജെ. കമർസമാൻ തുടങ്ങിയവർ സമീപം*

# ഗാന്ധി സ്മൃതി സംഗമങ്ങളാൽ ഇന്ത്യയെ തിരികെ പിടിക്കണം – എൻ. പീതാംബരകുറുപ്പ്

കൊല്ലം – ഗാന്ധി സ്മൃതി സംഗമങ്ങളും ഗാന്ധി മാർഗ്ഗത്തിലുള്ള സമരമുറകളുമായി ഇന്ത്യയിൽ മറ്റൊരു സ്വാതന്ത്ര്യസമരത്തിനുള്ള സമയമായെന്നും ജാതി-മത രാഷ്ട്രീയ വ്യത്യാസമില്ലാതെ ഇന്ത്യയെ തിരികെ പിടിക്കാൻ ഏവരും ഒത്തുചേരാനുള്ള സമയമാണിതെന്നും ഗുരുവായൂർ ദേവസ്വം ബോർഡ് മുൻ ചെയർമാനും എം.പി യുമായിരുന്ന എൻ. പീതാംബരകുറുപ്പ് അഭിപ്രായപ്പെട്ടു.

ബ്രിട്ടീഷുകാരുടെ കൈയിൽ നിന്നും ഇന്ത്യയെ സ്വതന്ത്രമാക്കാൻ നാട് ഒന്നായ മാർഗ്ഗത്തിലൂടെ നമ്മൾ നേടിയ സ്വാതന്ത്ര്യവും ജനാധിപത്യവും മതേതരമൂല്യങ്ങളും തിരികെ പിടിക്കാൻ ഇന്ത്യ സജ്ജമായിതുടങ്ങിയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഗാന്ധിജിയുടെ രക്തസാക്ഷിത്വദിനത്തോടനുബന്ധിച്ച് വിഭജനരാഷ്ട്രീയവും ഗാന്ധിജിയുടെ രക്തസാക്ഷിത്വവും എന്ന വിഷയത്തിൽ എം.ഇ.എസ് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച സെമിനാർ കൊല്ലം പബ്ലിക് ലൈബ്രറി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എം.ഇ.എസ് ജനറൽ സെക്രട്ടറി പ്രൊഫ. പി.ഒ.ജെ. ലബ്ബ മുഖ്യപ്രഭാഷണം നടത്തി.

ജില്ലാ പ്രസിഡന്റ് കോഞ്ചേരിൽ ഷംസുദ്ദീൻ അദ്ധ്യക്ഷനായിരുന്നു. കണ്ണനല്ലൂർ നിസ്സാം, ജെ. കമർ സമാൻ, കെ. ഷാജഹാൻ, എം. ഷംസുദ്ദീൻ, ജെ.എം. അസ്ലം, ഡോ. എസ്. താജ്ജുദ്ദീൻ, എ.എ. സമദ് എന്നിവർ പ്രസംഗിച്ചു. എം.ഇ.എസ് സംസ്ഥാന കമ്മിറ്റിയുടെ ഇത് ഗാന്ധിജിയുടെ നാടാണ് പൗരത്വം അവകാശമാണ് എന്ന മുദ്രാവാക്യത്തിൽ നൂറു നഗരങ്ങളിൽ നൂറു കൂട്ടായ്മയുടെ 53 ാമത് സമ്മേളനമാണ് കൊല്ലത്ത് നടന്നത്.

# പൗരത്വ ഭേദഗതി നിയമം പിൻവലിക്കണം – എം.ഇ.എസ്.

കോട്ടയം: പൗരത്വ ഭേദഗതി നിയമം പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് മുസ്ലിം എഡ്യുക്കേഷൻ സൊസൈറ്റി (എം.ഇ.എസ്) വാർഷിക പൊതുയോഗം ആവശ്യപ്പെട്ടു. പ്രസിഡന്റ് എം.എം. ഹനീഫ് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടി.എസ്. റഷീദ് വാർഷിക റിപ്പോർട്ടും വൈസ് പ്രസിഡന്റ് പി. പി. മുഹമ്മദ് കുട്ടി പ്രമേയവും അവതരിപ്പിച്ചു.

നിസാർ കുർബാനി, അബ്ബാസ് പാറയിൽ, ഡോക്ടർ മുഹമ്മദ് സാദിഖ്, ഷഹാസ് പി. ഷാഹുൽ ഹമീദ്, കെ.ഇ. പരീദ്, പി.എച്ച്. നജീബ്, മജീദ് വട്ടക്കയം, ബഷീർ മണ്ണുവേലി, ഷുക്കൂർ കല്ലുങ്കൽ, ഷഫീഖ് പുതുപ്പറമ്പിൽ, ഹബീബുല്ലഖാൻ, അഡ്വ. വി.എ. നിസാർ എന്നിവർ സംസാരിച്ചു. ഈരാറ്റുപേട്ട ജംഗ്ഷനിൽ എം.ഇ.എസ്. സംഘടിപ്പിച്ച സായാഹ്ന ധർണയിൽ പ്രൊഫ. റോണി കെ. ബാബു, പ്രെഫ. എം.കെ. പരീദ്, എം.എം. ഹനീഫ് എന്നിവർ സംസാരിച്ചു.

# വെറുപ്പിന്റെ രാഷ്ട്രീയത്തെ പ്രതിരോധിക്കണം പി.സുരേന്ദ്രൻ

ഗാന്ധിയുടെയും ദേശീയ പ്രസ്ഥാനത്തിന്റെയും മഹത്തായ പാരമ്പര്യത്തെ ഉയർത്തിപ്പിടിക്കാനും വെറുപ്പിന്റെ രാഷ്ട്രീയത്തെ പ്രതിരോധിക്കാനും നാം തയ്യാറാവണമെന്ന് പ്രശസ്ത എഴുത്തുകാരൻ പി.സു



രേന്ദ്രൻ പറഞ്ഞു.തിരൂർ എം ഇ എസ് സെൻട്രൽ സ്കൂളിൽ 71 –ാം മത് റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.ഗാന്ധിയൻ മുല്യങ്ങളെ തിരിച്ചുപിടിക്കുകയാണ് കാലഘട്ടത്തിന്റെ ആവശ്യമെന്നും അദ്ദേഹം പറഞ്ഞു. സ്കൂൾ പ്രിൻസിപ്പൽ ജയ്മോൻ മേലേക്കുടി പതാക ഉയർത്തി.

സ്കൂൾ ചെയർമാൻ അൻവർ സാദത്ത് കള്ളിയത്ത് അദ്ധ്യക്ഷം വഹിച്ചു.സ്കൗട്ട് അംഗങ്ങളുടെ മാർച്ച് പാസ്റ്റിന് മുഖ്യാതിഥി സല്യൂട്ട് സ്വീകരിച്ചു.തുടർന്ന് നടന്ന സാംസ്കാരിക പരിപാടികൾ കാണികൾക്ക് ദേശീയതയുടെയും ഇന്ത്യൻ സംസ്കാരത്തിന്റെയും ദൃശ്യവിസ്മയമൊരുക്കി.ന വൈസ് പ്രിൻസിപ്പൽ വി.പി. മധുസൂദനൻ നന്ദി പറഞ്ഞു. രാജ്യപുരസ്കാർ അവാർഡ് നേടിയ സ്കൗട്ട് അംഗങ്ങളെ ചടങ്ങിൽ ആദരിച്ചു.

സ്കൂൾ സെക്രട്ടറി അബ്ദുൾ ഖാദർ ഷെരീഫ്, പി.എ. റഷീദ്, സാഗർ അബ്ദുള്ള, മമ്മി ചെറുതോട്ടത്തിൽ, അബ്ദുൾ ഖാദർ കൈനിക്കര, അബ്ദുൾ റസാഖ്, നജ്മുദ്ദീൻ, പി.എ. ഇബ്രാഹിം കുട്ടി, ഹമീദ് കൈനിക്കര എന്നിവർ സംബന്ധിച്ചു.

# ഗാന്ധി സ്മൃതി പരിപാടി

എടത്തല: എം.ഇ.എസ്. ട്രെയിനിംഗ് കോളേജിൽ അഞ്ചുദിവസം നീണ്ടു നിൽക്കുന്ന മഹാത്മാഗാന്ധി പരിപാടികൾക്ക് തുടക്കം കുറിച്ചു. അഞ്ച് ദിവസങ്ങളിലായി വ്യത്യസ്ത വിഷയങ്ങൾ ഉൾപ്പെടുത്തി നടക്കുന്ന പരിപാടിയിൽ മഹാത്മാ ഗാന്ധിയുടെ ജീവിത ആദർശങ്ങൾക്കാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. ഗാന്ധിജിയുടെ തത്വങ്ങളും പ്രായോഗികതയും, വിദ്യാഭ്യാസം ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ, ഇന്നത്തെ ലോകക്രമത്തിൽ ഗാന്ധിജിയുടെ ചിന്തകളുടെയും അതിന്റെ പ്രായോഗികതയുടെയും പ്രസക്തി, ജനാധിപത്യത്തിൽ പൗരന്മാരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും, മതേതരത്വ വിഷയത്തിൽ പൊതുജനങ്ങൾക്ക് വേണ്ട അവബോധം എന്നീ വിഷയങ്ങളിൽ പ്രഗത്ഭർ നയിക്കുന്ന ക്ലാസുകൾ, ഗാന്ധിജിയെക്കുറിച്ചുള്ള പ്രദർശനം, തെരുവു നാടകങ്ങൾ, പെയിന്റിംഗ് മത്സരം, സാലഡ് ഫെസ്റ്റ്, സ്വയരക്ഷാ ക്ലാസുകൾ, പരിസര ശുചീകരണം, ബി.എഡ്. ഡി.എൽ.എഡ്. വിദ്യാർത്ഥികൾ നയിക്കുന്ന കലാപരിപാടികൾ എന്നിവയാണ് ഈ ക്യാമ്പിന്റെ മുഖ്യ ആകർഷണങ്ങൾ.

റിപ്പബ്ലിക് ദിനത്തിൽ കോളേജ് പ്രിൻസിപ്പൽ ഡോ. ഓമനയുടെയും കോളേജ് മാനേജിംഗ് കമ്മിറ്റി മെമ്പറും വാർഡ് മെമ്പർ കൂടിയായ സി.എം. അഷ്റഫിന്റെയും നേതൃത്വത്തിൽ ദേശീയ പതാക ഉയർത്തിക്കൊണ്ടായിരുന്നു ക്യാമ്പിന്റെ തുടക്കം. ഉദ്ഘാടന യോഗത്തിൽ കോളേജിൽ മാനേജിംഗ് കമ്മിറ്റി സെക്രട്ടറി ഡോ. എം.കെ. മുഹമ്മദ് അസ്ലം അദ്ധ്യക്ഷത വഹിച്ചു. ഉദ്ഘാടകൻ പ്രശസ്ത ഗാന്ധിയൻ ശ്രീമൻ നാരായണൻ വിസ്മൃതിയിലാണ്ടു കൊണ്ടിരിക്കുന്ന ഗാന്ധിജിയുടെ ഓർമ്മകളെ ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളിലൂടെ കേരളം മുഴുവൻ പരിപോഷിപ്പിച്ചു നിർത്തുവാൻ എം.ഇ.എസ്. എടുത്ത തീരുമാനത്തെ ശ്ലാഘിക്കുകയും തീരുമാനം നടപ്പിലാക്കുവാൻ ആർജ്ജവം പ്രകടിപ്പിച്ച നേതൃത്വത്തെ പ്രത്യേകം അഭിനന്ദിച്ചു.

# ബഹുസ്വര കൂട്ടായ്മ നടത്തി

പൊന്നാനി : ഇത് ഗാന്ധിജിയുടെ നാടാണ്, പൗരത്വം അവകാശമാണ് എന്നീ മുദ്രാവാക്യങ്ങളുയർത്തി എം.ഇ എസ് ജില്ലാ കമ്മറ്റി മതേതര ബഹുസ്വര കൂട്ടായ്മ നടത്തി. പൊന്നാനി എം.ഇ എസ് കോളേജിലാണ് പരിപാടി നടന്നത്. ഡോ. പി. സരിൻ, പി. എൽ ജോമി എന്നിവർ മുഖ്യ പ്രഭാഷണം നടത്തി. എം.ഇ.എസ് സംസ്ഥാന ട്രഷറർ പ്രൊഫ. കടവനാട് മുഹമ്മദ്, എം.ഇ എസ്. ജില്ലാ പ്രസിഡന്റ് ഒ.സി സലാഹുദ്ധീൻ, കോളേജ് പ്രിൻസിപ്പാൾ ക്യാപ്റ്റൻ എം. എൻ മുഹമ്മദ് കോയ, കോളേജ് സെക്രട്ടറി എം.കെ മുഹമ്മദ് റഷീദ്, കോളേജ് യൂണിയൻ വൈസ് ചെയർപേഴ്സൺ അനഘ എന്നിവർ പ്രസംഗിച്ചു.

# പൗരത്വ ഭേദഗതി നിയമം പിൻവലിക്കേണ്ടി വരും: സി.ഹരിദാസ് എക്സ്. എം.പി

മണ്ണാർക്കാട്: പൗരത്വ ഭേദഗതി നിയമം പിൻവലിക്കേണ്ടിവരുമെന്നും അല്ലാത്തപക്ഷം രാജ്യത്തിന്റെ തെരുവുകൾ കൂടുതൽ പ്രക്ഷുബ്ധമാവുക തന്നെ ചെയ്യുമെന്നും




പ്രമുഖ ഗാന്ധിയനും മുൻ രാജ്യസഭാ മെമ്പറുമായ സി. ഹരിദാസ് പറഞ്ഞു. ഗാന്ധിസത്തിൽ വിശ്വസിക്കുന്നവൻ നിർഭയനായിരിക്കുമെന്നും ആ നിർഭയത്വമാണ് കലുഷിതമായ ഇന്ത്യയിൽ ഊർജ്ജം പകരുന്നതെന്നും അദ്ദേഹം തുടർന്നു. സ്വതന്ത്രസമരപോരാട്ടത്തിൽ ബ്രട്ടീഷ് പട്ടാളത്തോട് ഏറ്റുമുട്ടിയ ഉമർഖാദി, ആലിമുസ്ലിയാർ, വാരിയൻ കുന്നൻ കുഞ്ഞഹമ്മദ് ഹാജി, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് എന്നിവരുടെ ഓർമ്മകൾ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ടത് ഈ കാലഘട്ടത്തിൽ ആണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എം.ഇ.എസ് യൂണിറ്റ് കമ്മിറ്റി മണ്ണാർക്കാട് വെച്ച് 'ഇത് ഗാന്ധിയുടെ നാടാണ് പൗരത്വം അവകാശമാണ്' എന്ന വിഷയത്തിൽ സംഘടിപ്പിച്ച മതേതര ബഹുസ്വര സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. യൂണിറ്റ് പ്രസിഡന്റ് കെ.സി. കെ.സൈതാലി അദ്ധ്യക്ഷത വഹിച്ചു.

സിനിമാ നിരൂപകൻ ജി.പി.രാമചന്ദ്രൻ,സാമൂഹ്യ പ്രവർത്തകൻ മനോജ് വീട്ടിക്കാട് എന്നിവർ പ്രസംഗിച്ചു. കല്ലടി കോളേജ് പ്രിൻസിപ്പൽ പ്രൊഫ.ടി.കെ ജലീൽ, എം.ഇ.എസ് വിമൻസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഷംഭുകുമാർ, എം.ഇ.എസ് ജില്ലാ പ്രസിഡന്റ് എ.ജബ്ബാറലി, അഡ്വ. നാസർ കൊമ്പത്ത്, ഡോ. കെ.പി കുഞ്ഞാലൻ,കെ.പി അക്ബർ, കെ.ഹബീബ് മുഹമ്മദ്, ബഷീർ കുറുവണ്ണ, സി.പി ശിഹാബുദ്ദീൻ, ഫായിദ ബഷീർ, ഡോ..ടി പി ബഷീർ, റംല യൂസുഫ്, അബൂബക്കർ ബാവി, ഡോ.ടി.സൈനുൽ ആബിദ് എന്നിവർ സംബന്ധിച്ചു.

# ഉത്തർപ്രദേശിൽ നടക്കുന്നത് ഭരണകൂട വേട്ട സുഭാഷിണി അലി

പൊന്നാനി: ഉത്തർ പ്രദേശിൽ നടക്കുന്നത് ഭരണകൂടത്തിന്റെ മനുഷ്യവേട്ടയെന്ന് മുൻ എം.പിയും ആൾ ഇന്ത്യ ഡെമോക്രാറ്റിക് വിമൺസ് അസോസിയേഷൻ പ്രസിഡന്റുമായ സുഭാഷിണി അലി പറഞ്ഞു. എം.ഇ.എസ് ജില്ലാ കമ്മറ്റി എം.ഇ.എസ് പൊന്നാനി കോളേജിൽ സംഘടിപ്പിച്ച മതേതര ബഹുസ്വര കൂട്ടായ്മയിൽ 'ഗാന്ധി സ്മൃതിയിൽ സുഭാഷ്ചന്ദ്രബോസും ഐ.എൻ.എയും ഇന്ത്യൻ സ്വാതന്ത്ര്യസമരവും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അവർ.

സുബാഷ് ചന്ദ്ര ബോസ് ഐ എൻ എ യിൽ വനിതാ റജിമെന്റ് സ്ഥാപിച്ചത് ഇന്ത്യൻ സ്വാത്രന്ത്ര്യ സമരത്തിലെ സുപ്രധാന നാഴികക്കല്ലാണ്. ഇന്ത്യയിലെ സ്ത്രീകൾക്ക് വേണ്ടിയാണ് അവർ പോരാടിയത്. നിലനിൽക്കുന്ന സാമൂഹികാസ്ഥയിൽ സ്ത്രീകൾ രംഗത്തിറങ്ങണമെന്നും സുഭാഷിണി അലി വ്യക്തമാക്കി. പൗരത്വ ഭേദഗതി നിയമത്തെ ചോദ്യം ചെയ്ത് സുപ്രീം കോടതിയിലുള്ള ഹരജികളിലെ വിധിക്ക് ശേഷം ഗാന്ധിയൻ മാർഗതിലാണ് സമരം നടക്കുകയെന്നും സവർക്കറുടെ വാക്കുകൾക്ക് അമിതമൂല്യം കൽപ്പിക്കുന്ന ഫാസിസ്റ്റുകൾ രാജ്യം ഭരിക്കുമ്പോൾ സമാധാനം പ്രതീക്ഷിച്ചിട്ട് കാര്യമില്ലെന്നും പരിപാടിയിൽ അധ്യക്ഷത വഹിച്ച എം.ഇ.എസ് സംസ്ഥാന പ്രസിഡന്റ് ഡോ. പി.എ ഫസൽ ഗഫൂർ പറഞ്ഞു.

സുഭാഷിണി അലി സദസ്സിന് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കോളേജ് വിദ്യാർത്ഥികളുമായി അവർ സംവദിച്ചു. എം ഇ എസ് സംസ്ഥാന ട്രഷറർ പ്രൊഫ. കടവനാട് മുഹമ്മദ്, ജില്ലാ പ്രസിഡന്റ് ഒ സി സലാഹുദ്ധീൻ, ജില്ലാ സെക്രട്ടറി ഷാഫി ഹാജി, കോളേജ് പ്രിൻസിപ്പാൾ ക്യാപ്റ്റൻ എം എൻ മുഹമ്മദ് കോയ, സെക്രട്ടറി എം കെ മുഹമ്മദ് റഷീദ് എന്നിവർ പ്രസംഗിച്ചു



*മണ്ണാർക്കാട് നടന്ന പൗരത്വ പ്രതിഷേധ വർണ്ണ വിസ്മയ ബലൂൺ പറത്തൽ പരിപാടിയിൽ എം.എൽ.എ.മാരാ
യ അഡ്വ. എൻ. ഷംസുദ്ദീൻ, പി.കെ. ശശി തുടങ്ങിയവരും എം.ഇ.എസ്. നേതാക്കളും*

# വർണ്ണ വിസ്മയം തീർത്ത് എം.ഇ.എസ് പൗരത്വ പ്രതിഷേധം

മണ്ണാർക്കാട്: അയ്യായിരം വിദ്യാർത്ഥികളെ അണിനിരത്തി അയ്യായിരം ത്രിവർണ്ണ ബലൂണുകൾ ആകാശത്തേക്ക് പറത്തി എം.ഇ.എസ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വർണ്ണ വിസ്മയം തീർത്ത് പൗരത്വ നിയമത്തിനെതിരെ പ്രതിഷേധ സംഗമം സംഘടിപ്പിച്ചു. കല്ലടി കോളേജ് ഗ്രൗണ്ടിൽ നടന്ന പരിപാടിയിൽ വിദ്യാർത്ഥികളും അധ്യാപകരും എം.ഇ.എസ് പ്രവർത്തകരും അണിനിരന്നു. എം.എൽ.എ മാരായ അഡ്വ. എൻ.ഷംസുദ്ദീൻ,പി.കെ.ശശി എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു.

ഇന്ത്യയിൽ ജനിച്ച് ഇന്ത്യയിൽ ജീവിക്കുന്ന ഇന്ത്യൻ ജനതയോട് ഇന്ത്യക്കാരനാണെന്ന് തെളിയിക്കുവാൻ രേഖകൾ ഹാജരാക്കുവാൻ പറയുന്ന രാജ്യ ഭരണാധികാരികളുടെ തീരുമാനം അങ്ങേയറ്റം യുക്തിരഹിതവും മനുഷ്യത്വ വിരുദ്ധവുമാണെന്ന് ചടങ്ങിൽ സംസാരിച്ച അഡ്വ.എൻ.ഷംസുദ്ദീൻ എം.എൽ.എ പറഞ്ഞു. ഫാസിസ്റ്റ് ഭരണം നടപ്പാക്കിയ ഹിറ്റ്ലറെയും മുസ്സോളിനിയെയും ജനം തെരുവിൽ വിചാരണ ചെയ്തതും അഡോൾഫ് ഹിറ്റ്ലർക്ക് ആത്മഹത്യ ചെയ്യേണ്ടി വന്നതും ഇന്ത്യയിലെ നവഫാസിസ്റ്റുകൾ ഒർക്കണമെന്നും അദ്ദേഹം തുടർന്നു.

പൗരത്വ നിയമ ഭേദഗതി രാജ്യത്തിൻറ്റെ മഹിതമായ ഭരണഘടനയെ വെല്ലുവിളി ക്കുന്നതാണെന്ന് തിരിച്ചറിഞ്ഞ് സമര പോരാട്ടത്തിൽ ശക്തമായി നിലകൊള്ളുന്ന വിദ്യാർത്ഥി സമൂഹം ദിനേന ലോകത്തോട് വിളിച്ചു പറയുന്നത് ഞങ്ങൾ തോൽക്കുന്നതിനായല്ല ജയിക്കാനുള്ള പോരാട്ടമാണിത് എന്നതാണെന്ന് ചടങ്ങിൽ സംസാരിച്ച പി.കെ.ശശി എം.എൽ.എ പറഞ്ഞു. ഫാസിസ്റ്റുകളുടെ കുടില ശിരസ്സുകൾ തൂങ്ങിയാടുന്നതാണ് ലോക ചരിത്രത്തിന്റെ കണ്ണാടിയിൽ പ്രതിഫലിക്കുന്നത് എന്നും രാജ്യ ഭരണാധികാരികൾ ആ ചരിത്രം ഓർക്കുന്നത് നന്നായിരിക്കുമെന്നും അദ്ദേഹം തുടർന്നു. കല്ലടി കോളേജ് പ്രിൻസിപ്പൽ പ്രൊഫ.ടി.കെ.ജലീൽ ചടങ്ങിൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

എം ഇ.എസ് ജില്ലാ പ്രസിഡന്റ് എ.ജബ്ബാറലി,എം.ഇ. എസ് കല്ലടി കോളേജ് മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻ കെ സി കെ സൈതാലി, എം.ഇ.എസ് നേതാക്കളായ സി.യു. മുജീബ്, അഡ്വ.നാസർ കൊമ്പത്ത്,എൻ.അബൂബക്കർ, ഡോ.അജിംസ്.പി.മുഹമ്മദ്, എം.ഇ.എസ് യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി ഹംസ .കെ പട്ടാമ്പി ,കെ.പി.അക്ബർ, ബഷീർ കറുവണ്ണ, അബ്ദു അലനല്ലൂർ,അബൂബക്കർ ബാവി, സി.പി.ശിഹാബുദ്ദീൻ,റംല യൂസഫ് മന്നയത്ത്, എം.ഇ. എസ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ പി ഉബൈദുള്ള, എം.ഇ.എസ് ഹൈസ്കൂൾ എച്ച് എം ആയിഷാബി, പ്രൊഫ.അനു ജോസഫ് പ്രൊഫ. ഷാജിദ് വളാഞ്ചേരി,പ്രൊഫ. പി.എം.സലാഹുദ്ദീൻ , ഡോ.ടി.സൈനുൽ ആബിദ്, കോളേജ് യൂണിയൻ ചെയർമാൻ അജ്മൽ മുഹമ്മദ് എന്നിവർ സംബന്ധിച്ചു.

# റിപ്പബ്ളിക് ദിനം ആഘോഷിച്ചു

പട്ടാമ്പി: എം.ഇ.എസ്. ഇന്റർനാഷണൽ സ്കൂളിൽ 71-ാം റിപ്പബ്ലിക് ദിനം ആഘോഷിച്ചു. മതസൗഹാർദ്ദത്തെ അടിസ്ഥാനമാക്കി വിവിധ ക്ലാസുകളിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച പരിപാടികൾ ആഘോഷത്തിന് മാറ്റുകൂട്ടി. വിശിഷ്ടാതിഥിയായി എത്തിയ പട്ടാമ്പി നഗരസഭാ ചെയർമാൻ കെ.എസ്.ബി.എ. തങ്ങൾ ചടങ്ങിൽ സംസാരിച്ചു. സ്കൂൾ ചെയർമാൻ ഡോ. കെ.പി. അബൂബക്കർ, അഡ്മിനിസ്ട്രേറ്റർ എൻ. അഹമ്മദ് കുഞ്ഞി തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. പ്രിൻസിപ്പാൾ ആശാബൈജു, സെക്രട്ടറി എ. അബദുൾ ഗഫൂർ എന്നിവർ കുട്ടികൾക്ക് റിപ്പബ്ലിക് ദിന സന്ദേശം കൈമാറി.






*എം.ഇ.എസ് പൊന്നാനി കോളേജിലെ ഇംഗ്ലീഷ് വിഭാഗം സംഘടിപ്പിച്ച പ്രതിഷേധ രാവിൽ സമീർ ബിൻസി പാടുന്നു.*



*കടൽ കലാലയ നാടക വേദി അവതരിപ്പിച്ച ഗ്വാണ്ടനാമോ എന്ന നാടകത്തിൽ നിന്ന്*

# പ്രതിഷേധ രാവ് നടത്തി

പൊന്നാനി: പൗരത്വഭേദഗതി നിയമത്തിനെതിരെ എം ഇ എസ് പൊന്നാനി കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിന്റേയും ആത്മ കോളേജ് യൂണിയന്റേയും സംയുക്താഭിമുഖ്യത്തിൽ ജഷ്ൻ ഇ ആസാദി എന്ന പേരിൽ പ്രതിഷേധ രാവ് നടത്തി. ഒരു രാത്രി മുഴുനീളെ പാട്ടുപാടിയും കവിത ചൊല്ലിയും നാടകം കളിച്ചുമാണ് പ്രതിരോധം തീർത്തത്.

വൈകീട്ട് ആറരയ്ക്ക് ഭരണഘടനയുടെ ആമുഖം വായിച്ചാണ് പരിപാടി ആരംഭിച്ചത്. തുടർന്ന് ഗായകൻ സമീർ ബിൻസി പ്രതിരോധ ഗാനങ്ങൾ പാടി. ഗായകരായ ഷെബി, ബക്കർ മാറഞ്ചേരി, ശ്രീജിത്ത് എന്നിവർ ഗാനങ്ങൾ അവതരിപ്പിച്ചു. വിജു നായരങ്ങാടി കവിത ചൊല്ലി. സംവിധായകരായ ഷാനവാസ് കെ ബാവക്കുട്ടി, അഷറഫ് ഹംസ, എം ഇ എസ് സംസ്ഥാന ട്രഷറർ പ്രൊഫ. കടവനാട് മുഹമ്മദ്, എം ഇ എസ് ജില്ലാ പ്രസിഡന്റ് ഒ സി സലാഹുദ്ദീൻ, കോളേജ് പ്രിൻസിപ്പാൾ ക്യാപ്റ്റൻ എം എൻ മുഹമ്മദ് കോയ, കോളേജ് സെക്രട്ടറി എം കെ മുഹമ്മദ് റഷീദ് എന്നിവർ പ്രസംഗിച്ചു.

കടൽ കലാലയ നാടകവേദിയുടെ നാടകം ഗ്വാണ്ടനാമോ അവതരിപ്പിച്ചു. വിദ്യാർത്ഥികൾ തീപ്പന്തം ചേർത്ത് പിടിച്ച് ഇന്ത്യയുടെ ഭൂപടത്തിന്റെ ഇൻസ്റ്റലേഷൻ തീർത്തു. തുടർന്ന് പന്തം കൊളുത്തി കോളേജിൽ നിന്ന് ബസ്റ്റാന്റിലേക്ക് പ്രതിഷേധ പ്രകടനം നടത്തി. പ്രതിരോധ ഗാനങ്ങൾ ഉൾപ്പെടുത്തിയുള്ള ക്യാമ്പ് ഫയർ പുലരും വരെ നടന്നു.

ഇംഗ്ലീഷ് വിഭാഗം വിഭാഗം മേധാവി വി യു അമീറ, അധ്യാപകരായ സമീറ ഹനീഫ്, ഫാരിഷ വി എം, അമൽ ലാൽ, അജിത്, ഗോപിക, നൂറുന്നിസ, അഖില, കോളേജ് യൂണിയൻ ചെയർമാൻ നജീബ് എന്നിവർ നേതൃത്വം നൽകി.

# എം. ഇ. എസ് കല്ലടി കോളേജിൽ ജെ. എൻ. യു ഐക്യദാർഢ്യ സംഗമം സംഘടിപ്പിച്ചു

മണ്ണാർക്കാട്: ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ ഉന്നതവിദ്യാഭ്യാസ സ്ഥാപനമായ ന്യൂഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾളെയും അധ്യാപകരെയും യൂണിവേഴ്സിറ്റിക്ക് പുറത്തുനിന്നും വന്ന ഫാസിസ്റ്റ് അക്രമി സംഘം അതിക്രൂരമായി മർദിച്ചതിൽ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് എം.ഇ.എസ് കല്ലടി കോളേജ് വിദ്യാർത്ഥികളും അധ്യാപക അനധ്യാപകരും ജെ.എൻ.യു ഐക്യദാർഢ്യ സംഗമം സംഘടിപ്പിച്ചു. എം.ഇ.എസ് സെൻട്രൽ കമ്മിറ്റിയുടെ ആഹ്വാനപ്രകാരം കോളേജ് കവാടത്തിൽ നടത്തിയ 'ബ്ളാക്ക് ഡേ' പരിപാടിയിൽ കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ടി.കെ.ജലീൽ, കല്ലടി കോളേജ് മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻ കെ. സി.കെ സൈതാലി, വിദ്യാർത്ഥിയൂണിയൻ ചെയർമാൻ എം. അജ്മൽ മുഹമ്മദ്. അധ്യാപക പ്രതിനിധി പ്രൊഫ. പി. എം.സലാഹുദ്ദീൻ എന്നിവർ സംസാരിച്ചു.

# സ്വാതന്ത്ര്യ സമര ഓർമ്മകൾ പങ്കുവച്ച് പൈതൃക തറവാട്ടിൽ പിൻമുറക്കാർ

ഗാന്ധിജിയുടെ 150ാം ജന്മവാർഷികത്തോടനുബന്ധിച്ച് പൊന്നാനി എം.ഇ.എസ് കോളേജും എം.ഇ.എസും സംഘടിപ്പിച്ച ഗാന്ധി സ്മൃതിയുടെ ഭാഗമായി കസ്തൂർബ അനുസ്മരണം സ്വാതന്ത്ര്യസമര പോരാട്ടത്തിന്റെ ഓർമകൾ തുടിക്കുന്ന പൊന്നാനിയുടെ പൈതൃക ഭവനം കാരാംകുന്നത്ത് തറവാടിന്റെ മുറ്റത്ത് സ്വാതന്ത്ര്യസമര സേനാനികളുടെ പിൻമുറക്കാർ ഓർമകൾ പങ്കുവച്ച് ഒത്തു ചേർന്നു. കസ്തൂർബാ ഗാന്ധിയുടെ സാന്നിധ്യംകൊണ്ട് ചരിത്രം അടയാളപ്പെടുത്തിയ മലബാറിലെ നാമമാത്ര തറവാടുകളിൽ ഒന്നാണിത്.

അവർണർക്ക് ഗുരുവായൂർ ക്ഷേത്രത്തിൽ പ്രവേശന അനുമതി ആവശ്യപ്പെട്ടുകൊണ്ട് 1931 ഒക്ടോബർ 1 മുതൽ 1932 സെപ്റ്റംബർ 2 വരെ 11 മാസത്തിലധികം നീണ്ടുനിന്ന ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ഭാഗമായി അവിഭക്ത പൊന്നാനി താലൂക്കിലെ സവർണർക്കിടയിൽ നടന്ന ഹിതപ്പരിശോധനക്ക് നേതൃത്വം നൽകാൻ മഹാത്മാഗാന്ധിയുടെ നിർദ്ദേശപ്രകാരം 1932 ഡിസംബർ രണ്ടാം വാരത്തിലാണ് കസ്തൂർബാ ഗാന്ധി കാരാംകുന്നത്ത് വീട് ഇടത്താവളമാക്കിയത്. കാലങ്ങൾക്കിപ്പുറമുള്ള മറ്റൊരു ഡിസംബർ രണ്ടാംവാരം, ഗാന്ധി കസ്തൂർബാ സ്മൃതി സംഗമത്തിൻറെ ഭാഗമായാണ് തറവാടുമുറ്റത്ത് പോരാളികളുടെ പിൻമുറക്കാർ ഒത്തുചേർന്നത് ചരിത്രനിയോഗം.

മലയംകുളത്തേൽ മരക്കാർ മുസ്ലിയാർ, ഇ മൊയ്തു മൗലവി, പറയരിക്കൽ കൃഷ്ണപണിക്കർ, മഹാകവി വള്ളത്തോൾ, മഹാകവി ഇടശ്ശേരി, കെവി നൂറുദ്ദീൻ സാഹിബ്, പഞ്ചിലകത്ത് മുഹമ്മദ് ഹാജി, അഡ്വ.കെവി രാമൻ മേനോൻ, കെവി ബാലകൃഷ്ണമേനോൻ, കെ.വി. ഗോപാലമേനോൻ, ഇകെ ഇമ്പിച്ചിബാവ, സി ചോയുണ്ണി, സി ഗോവിന്ദൻ, മായന്ത്രിയകത്ത് മക്കി ഇമ്പിച്ചി, എംഎം കുഞ്ഞുമൊയ്തീൻ, എം റഷീദ്, പിവി കുഞ്ഞിമുഹമ്മദ് ഹാജി, രാഘവൻ നമ്പ്യാർ, ഇളയേടത്ത് ഇബ്രാഹിം, ഇളയേടത്ത് മൂസ, ഉക്കണ്ടത്ത് ഗോവിന്ദൻ, പിപി മുഹമ്മദാലി, ഹരിമംഗലത്ത് കുട്ടികൃഷ്ണൻ വാര്യർ, കെ ഗോപാലക്കുറുപ്പ്, വി ഭാസ്കരൻ നമ്പ്യാർ, പി രാമൻമേനോൻ, എംഎ ജോർജ്, ഹരിഹരമംഗലത്ത് കുഞ്ഞുക്കുട്ടൻ വാര്യർ തുടങ്ങിയവരുടെ ബന്ധുക്കളാണ് ഒത്തുചേർന്നത്.

എംഇഎസ് കോളേജിൽ നിന്ന് സ്മൃതിയാത്രയായാണ് കാരങ്കുന്നത്ത് വീട്ടിലെത്തിയത്. സമാധാന സന്ദേശവുമായി വെള്ളരിപ്രാവുകളെ പറത്തിയാണ് യാത്ര തുടങ്ങിയത്. എംഇഎസ് ജില്ലാ പ്രസിഡൻറ് ഒസി സലാഹുദ്ദീൻ, കോളേജ് സെക്രട്ടറി എംകെ മുഹമ്മദ് റഷീദ്, കോളേജ്, പ്രിൻസിപ്പൽ പ്രൊഫ. എൻഎം മുഹമ്മദ് കോയ, താലൂക്ക് സെക്രട്ടറി ടിടി ഇസ്മായിൽ, പി.വി. അയ്യൂബ്, നാസിമുദ്ദീൻ, മുല്ലപ്പൂ അസീസ്, എം രാമനാഥ്, ചൈത്ര ഉണ്ണി, പ്രൊഫ. ബുഷ്റ, പ്രഫ. അമീറ തുടങ്ങിയവർ നേതൃത്വം നൽകി. സ്മൃതിസംഗമം സി.ഹരിദാസ് മുൻ എംപി ഉദ്ഘാടനവും




*സംസ്ഥാന ട്രഷറർ പ്രൊഫ. കടവനാട് മുഹമ്മദ് പ്രസംഗിക്കുന്നു.*

പ്രൊഫ. കടവനാട് മുഹമ്മദ് മുഖ്യപ്രഭാഷണവും നടത്തി. ഒസി സലാഹുദ്ദീൻ, അജിത് കൊളാടി, ടിവി അബ്ദുറഹിമാൻകുട്ടി, ഇ ഹൈദരലി തുടങ്ങിയവർ പ്രസംഗിച്ചു. കസ്തൂർബാഗാന്ധി നൂൽനൂറ്റ ചർക്കയും സ്വാതന്ത്ര്യസമര സേനാനികൾക്ക് ലഭിച്ച താമ്രപത്രവും മുന്നിൽ വച്ചാണ് പഴയ ഓർമകളെ പൊടിതട്ടിയെടുത്ത് അവർ ഒത്തുകൂടിയത്.

പൊന്നാനി തൃക്കാവ് ശ്രീ ദുർഗാഭഗവതി ക്ഷേത്രം ബസ് സ്റ്റോപ്പിന് സമീപത്താണ് പൈതൃക തനിമയോടെ സംരക്ഷിക്കുന്ന പ്രഭാവം കൈവിടാത്ത നാലുകെട്ടോടുകൂടിയ കാരങ്കുന്നത്ത് തറവാട്.



*പൗരത്വ ഭേദഗതി നിയമത്തിനെതിരെ കോഴിക്കോട് കടപ്പുറത്ത് ജനാധിപത്യ സാഹോദര്യ സംരക്ഷണ സമിതി സംഘടിപ്പിച്ച പിപ്പീൾ സമ്മിറ്റിൽ മുഖ്യാതിഥിയായെത്തിയ ഭീം ആർമി നേതാവ് ചന്ദ്രശേഖർ ആസാദിനൊപ്പം വിവിധ സംഘടനാ നേതാക്കളായ ഡോ. പി.എ. ഫസൽഗഫൂർ, എം.പി. അബ്ദുസമദ് സമദാനി, സി.പി. കുഞ്ഞുമുഹമ്മദ്, സി.കെ. സുബൈർ, നൗഷാദ്, സെയ്തു മുഹമ്മദ് കാരക്കുന്ന്, ഗ്രോവാസു, ഡോ. എ.ഐ. അബ്ദുൽ മജീദ് സ്വലാഹി, സി.ടി. സക്കീർ ഹുസൈൻ, കെ.കെ. രമ, നജീബ് കാന്തപുരം, സണ്ണി എം. കപ്പിക്കാട്, എം. ഗീതാനന്ദൻ, ഹമീദ് വാണിയമ്പലം, ഉമ്മർ പാണ്ടികശാല എന്നിവർ ജനങ്ങളെ അഭിവാദ്യം ചെയ്യുന്നു*

# ജെ.എൻ.യുവിന് ഐക്യദാർഢ്യം

പെരിന്തൽമണ്ണ: ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാല ഹോസ്റ്റലിൽ കയറി എ.ബി.വി.പി, ആർ.എസ്.എസ്. പ്രവർത്തകർ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും മാരകായുധങ്ങളുമായി അക്രമിച്ച സംഭവത്തിൽ പ്രതിഷേധിച്ച് പെരിന്തൽമണ്ണ എം.ഇ.എസ്. മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ പ്രതിഷേധ സംഗമം നടത്തി. അക്രമികൾക്കെതിരെ നടപടിയെടുക്കണമെന്നും കേസെടുത്ത് അറസ്റ്റ് ചെയ്യണമെന്നും ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധ സംഗമം.

മെഡിക്കൽ ആശുപത്രിയുടെ മുൻവശത്ത് സംഘടിപ്പിച്ച സംഗമത്തിൽ മെഡിക്കൽ, ദന്തൽ, നഴ്സിംഗ് വിദ്യാർത്ഥികളും അദ്ധ്യാപകരും പ്രദേശവാസികളും പങ്കെടുത്തു.സംഗമം മെഡിക്കൽ കോളേജ് ഡയറക്ടർ ഡോ. ഫസൽ ഗഫൂർ ഉദ്ഘാടനം ചെയ്തു.

ജെ.എൻ.യു. സർവകലാശാല വിദ്യാർത്ഥികൾക്ക് മെഡിക്കൽ കോളേജ് യൂണിയൻ ചെയർമാൻ മുഹമ്മദ് യാസീൻ, ദന്തൽ കോളേജ് സ്റ്റുഡന്റ്സ് യൂണിയൻ ചെയർമാൻ അമൽ തോമസ്, ഡോ. റൂബി ഷബീർ, ഡോ. വിഷ്ണു പിള്ള എന്നിവർ ഐക്യദാർഢ്യം അറിയിച്ചു സംസാരിച്ചു.

# ഐക്യദാർഢ്യം പ്രകടിപ്പിച്ചു

വില്ല്യാപ്പള്ളി: എം.ഇ.എസ്. സംസ്ഥാന കമ്മിറ്റിയുടെ നിർദേശ പ്രകാരം ഡൽഹിയിൽ ജെ.എൻ.യുവിൽ നടന്ന എ.ബി.വി.പി, ആർ.എസ്.എസ്. നരനായാട്ടിനെതിരെ ഐക്യദാർഢ്യം പ്രകടിപ്പിച്ചും സെൻട്രൽ ഗവർമെന്റു പാസാക്കിയ പൗരത്യ ഭേദഗതി നിയമം റദ്ദാക്കുക എന്ന ആവശ്യവുമായി വടകര എം.ഇ.എസ്. കോളേജ് നടത്തിയ പ്രതിഷേധ പ്രകടനം കോളേജ് സെക്രട്ടറി വരയാലിൽ മൊയ്തു ഹാജി, ട്രഷറർ ഡോ. കെ.കെ. ഖാദർ, പ്രിൻസിപ്പൽ.പ്രൊഫ ആർ.ഒ. ഇബ്രാഹിം, എ.ഒ. പദ്മകുമാർ എന്നിവരുടെ നേതൃത്യത്തിൽ വില്യാപ്പള്ളി ടൗണിൽ പൗരാവകാശ സംരക്ഷണ റാലി നടത്തി.

# അസ്മാബി കോളേജിൽ ജെ.എൻ.യു ഐക്യദാർഢ്യം

ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥികളേയും അധ്യാപകരേയും ആക്രമിച്ചതിൽ പ്രതിഷേധിച്ച് അസ്മാബി കോളേജിൽ ജെ എൻ യു ഐക്യദാർഢ്യം സംഘടിപ്പിച്ചു.'ഇന്ത്യൻ ജനാധിപത്യത്തിന്റെ പ്രകാശ ഗോപുരങ്ങളായ ജെ എൻ യു പ്പോലുള്ള സർവ്വകലാശാലകൾക്കെതിരെയുള്ള മുഖം മൂടികളുടെ ഇരുട്ടിന്റെ മറവിലുള്ള ആസൂത്രിത ആക്രമണം ആത്യന്തികമായി ഇന്ത്യൻ സമൂഹത്തിനെതിരായ ആക്രമണമാണ്'എന്ന് പ്രമേയം പാസാക്കി. കോളേജിൽ നടന്ന പ്രതിഷേധ യോഗത്തിൽ കോളേജ് മാനേജിംഗ് കമ്മിറ്റി ചെയർമാൻ ആസ്പിൻ അഷ്റഫ്, സെക്രട്ടറി സലിം അറയ്ക്കൽ, കോളേജ് പ്രിൻസിപ്പൽ ഡോ.അജിംസ് പി.മുഹമ്മദ്, വൈസ് പ്രിൻസിപ്പൽ ഡോ.അസ്മ, അഗ്ര കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി വിപിൻ, പൊളിറ്റിക്കൽ സയൻസ് വിഭാഗം മേധാവി സനന്ദ് സദാനന്ദൻ എന്നിവർ പ്രസംഗിച്ചു.തുടർന്ന് പടിഞ്ഞാറെ വെമ്പല്ലൂരിൽ നടന്ന പ്രതിഷേധ റാലിയിൽ അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും അടക്കം രണ്ടായിരത്തിലധികം പേർ പങ്കെടുത്തു.

# അഭിനന്ദനങ്ങൾ

# കല്ലടികോളേജിന് നേട്ടം

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടന്ന അൻപത്തി ഒന്നാമത് കായിക മേളയിൽ വനിതാ വിഭാഗത്തിൽ കല്ലടി കോളേജിന് മൂന്നാം സ്ഥാനം.ഇതാദ്യമായാണ് എം.ഇ.എസിന്റെ ഒരു അഫിലിയേറ്റഡ് കോളേജ് യൂണിവേഴ്സിറ്റി അത്‌ലറ്റികിൽസിൽ കിരീടം നേടുന്നത്. കോളേജിലെ ബി.എ ഹിസ്റ്ററി വിഭാഗം വിദ്യാർഥിനികളായ സി. ബബിത എം. ജിഷ്ണ എന്നിവരെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീമിലേക്കു തിരഞ്ഞെടുക്കുകയും കർണാടകയിലെ മൂഡുബിദ്രിയിൽ നടന്ന എൺപതാമത് ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി അത്‌ലെറ്റികിൽസിൽ കാലിക്കറ്റിനു വേണ്ടി മെഡൽ നേടുകയും ഓൾ ഇന്ത്യ തലത്തിൽ കാലിക്കറ്റിനെ നാലാം സ്ഥാനത്തു എത്തിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുകയും ചെയ്തു.



*എം. ജിഷ്ണ (ഹൈജമ്പ് ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി സിൽവർ മെഡലിസ്റ്റ്)*



*സി .ബബിത 500 മീ ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ബ്രോൺസ് മെഡലിസ്റ്റ്*

# പ്രതിഷേധ സംഗമം നടത്തി

പൊന്നാനി : ജെ.എൻ.യുവിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും നേരെയുണ്ടായ അതിക്രമങ്ങളിൽ എം.ഇ.എസ് പൊന്നാനി കോളേജ് കരിദിനം ആചരിച്ച് പ്രതിഷേധിച്ചു. കോളേജ് ഗേറ്റിനു മുന്നിലാണ് പ്രതിഷേധ സംഗമം നടന്നത്.

ആയിരത്തിലധികം വിദ്യാർത്ഥികൾക്കൊപ്പം അധ്യാപകരും അനധ്യാപകരും മാനേജ്മെന്റ് കമ്മറ്റി അംഗങ്ങളും കറുത്ത ബാഡ്ജ് ധരിച്ചാണ് പങ്കെടുത്തത്. കോളേജ് പ്രിൻസിപ്പാൾ ക്യാപ്റ്റൻ എം.എൻ മുഹമ്മദ് കോയ, കോളേജ് സെക്രട്ടറി എം.കെ മുഹമ്മദ് റഷീദ്, യൂണിയൻ ചെയർമാൻ ടി നജീബ്, അധ്യാപകരായ സഫറാസ് അലി, ഡോ. വി. കെ ബ്രിജേഷ്, കെ എം. റിയാസ്, കോളേജ് സൂപ്രണ്ട് സുബൈദ തുടങ്ങിയവർ പ്രസംഗിച്ചു.

# പട്ടാമ്പിയിൽ കരി ദിനം ആചരിച്ചു

പട്ടാമ്പി: ഡൽഹി ജവഹർ ലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമെതിരെയുണ്ടായ ഗുണ്ടാ ആക്രമണത്തിൽ പ്രതിഷേധിച്ച് പട്ടാമ്പി എം.ഇ.എസ് ആർട്ട്സ് ആൻഡ് സയൻസ് കോളേജിൽ വിദ്യാർത്ഥികൾ കരിദിനം ആചരിച്ചു. സെക്രട്ടറി കെ.ഹംസ, പ്രിൻസിപ്പാൾ ഗീത അച്യുതൻ, അഹമ്മദ് അൻവർ,ഫാഹിം, ജബിൻ, ജിഷ്ണു, ഷബാന തുടങ്ങിയവർ പ്രതിഷേധ യോഗത്തിൽ സംസാരിച്ചു.

# എം.ഇ.എസ് കരിദിനം ആചരിച്ചു

വണ്ടൂർ : പൊതു വിദ്യാഭ്യാസം തകർക്കുന്ന അസാധാരണ ഫീസ് വർധനവിനെതിരേയുംപൗര ത്വഭേദഗതി നിയമത്തിനെതിരേയും പ്രതിഷേധിച്ച ജെ.എൻ.യു വിലെ വിദ്യാർത്ഥികളെ അതിക്രൂരമായി മർദ്ദിച്ച ജനാധിപത്യ വിരുദ്ധ ശക്തികളുടെ നടപടി യിൽ പ്രതിഷേധിച്ച് എം.ഇ.എസ് വണ്ടൂർ യുണിറ്റ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആചരിച്ച കരിദിനം എം.ഇ.എസ് സീനിയർ നേതാവ് ഇ.പി.മോയിൻകുട്ടി ഉത്ഘാടനം ചെയ്തു. പ്രസിഡന്റ് ഇ.പി.ഉബൈദുല്ല ആധ്യക്ഷം വഹിച്ചു.

ഇ.പി.മുഹമ്മദ് കുഞ്ഞി, കെ. ടി.അബ്ദുള്ളക്കുട്ടി, ഇ.അബ്ബാസ്,സലീം കെ.ടി, കെ.കെ.മുഹമ്മദലി, ഫി റോസ് പൂലാട്ട്, അക്ബർ കരുമാര, ഇ.കെ.അബ്ദുൽ ഗഫൂർ എന്നിവർ പ്രസംഗിച്ചു.

# മണ്ണാർക്കാട് കരിദിനം ആചരിച്ചു

മണ്ണാർക്കാട്: ഡൽഹി ജെ എൻ യു സർവ്വക ലാശാലയിൽ ക്രൂരമായി ആക്രമിക്കപ്പെട്ട വിദ്യാർ ത്ഥികൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായി,എം.ഇ.എസ് സംസ്ഥാന പ്രസിഡന്റ് ഡോ.ഫസൽ ഗഫൂർ സാഹിബിന്റെ ആഹ്വാന പ്രകാ രം, മാനേജ്മെൻറ് നിർദ്ദേശമനുസരിച്ച് മണ്ണാർക്കാട് എം ഇ എസ് ഹയർ സെക്കന്ററി സ്കൂളിൽ കരിദിനം ആചരിച്ചു.സ്കൂൾ പ്രിൻസിപ്പൽ കെ കെ ഉബൈ ദുള്ള, കെ കെ നജ്മുദ്ദീൻ എന്നിവർ പ്രസംഗിച്ചു

പ്ലക്കാർഡും, കറുത്ത ബാഡ്ജും ധരിച്ച് ആയിര ക്കണക്കിന് വിദ്യാർത്ഥികളും, അധ്യാപകരും അണി നിരന്ന പ്രതിഷേധ സംഗമത്തിന് ഹെഡ്മിസ്ട്രസ് കെ അയിഷാബി, ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് ഹഫ് സത്ത്, സ്റ്റാഫ് സെക്രട്ടറിമാരായ അബ്ദുറസാഖ്, കെ ആർ പ്രീത എന്നിവർ നേതൃത്വം നൽകി

# കുന്നുകര എം.ഇ.എസ് എൻജിനീയറിങ് കോളേജിൽ കരിദിനമാചരിച്ചു

ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സി റ്റിയിൽ അധ്യാപകവിദ്യാർത്ഥി സമൂഹത്തിനെതി രെ നടന്ന മനുഷ്യത്വരഹിതവും ക്രൂരവുമായ പോ ലീസ്ഗുണ്ടാവിളയാട്ടത്തിനെതിരെ പ്രതിഷേധം രേഖപ്പെടുത്താൻ എം ഇ എസ് കോളേജ് ഓഫ് എൻജിനിയറിങ്ങ് ആൻഡ് ടെക്നോളജി കുന്നുകര സമ്മേളനം സംഘടിപ്പിക്കുകയും ജനുവരി ഏഴിന് കരിദിനമാചരിക്കുകയും ചെയ്തു. കോളേജ് മാനേ ജ്മെൻറ് പ്രതിനിധികൾ, അധ്യാപകർ, വിദ്യാർത്ഥി കൾ ഒന്നടങ്കം സംബന്ധിച്ചു. കോളേജ് സെക്രട്ടറി കെ.എം അബ്ദുസ്സലാം അഭിസംബോധന ചെയ്ത ചടങ്ങിൽ കോളേജ് ട്രഷറർ വി. കെ. എം. ബഷീർ, കോളേജ് പ്രിൻസിപ്പൽ ഡോ. ആത്മാറാം പി, കോ ളേജ് ഡീൻ ജയശങ്കർ വി. പി, ഇലക്ട്രിക്കൽ വിഭാഗം മേധാവി അരുൺ പി., വിദ്യാർത്ഥികളായ അലിഷാ സാദിഖ് ദിവ്യ എസ് തുടങ്ങിയവർ സംസാരിച്ചു.

# കരിദിനം ആചരിച്ചു

ജെ.എൻ.യു വിദ്യാർത്ഥികൾക്ക് നേരെ യുണ്ടായ ആക്രമണത്തിൽ പ്രതിഷേധിച്ച് പാലക്കാട് എം.ഇ.എസ് വനിതാ കോളേജി ന്റെ ആഭിമുഖ്യത്തിൽ കരിദിനം ആചരിച്ചു. കോളേജ് സ്റ്റുഡന്റ്സ് യൂണിയന്റെയും എം.ഇ.എ സ് യൂത്ത് വിംഗ് കോളേജ് യൂണിറ്റിന്റെയും സംയു ക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രതിഷേധ സംഗ മത്തിൽ പ്രിൻസിപ്പൽ പ്രേമാ സോമൻ, സ്റ്റുഡന്റ്സ് യൂണിയൻ ചെയർപെഴസൺ ആർ.ജയ, യൂത്ത്വിംഗ് യൂണിറ്റ് കോർഡിനേറ്റർ ഷഹീനമോൾ, അധ്യാപക പ്രതിനിധി വി.എസ്.ഷൈനി എന്നിവർ പ്രസംഗിച്ചു. കറുത്ത ബാഡ്ജുകൾ ധരിച്ച് പ്ലക്കാർഡുകളുമായി കോളേജിന്റെ മുഖ്യ പ്രവേശന കവാടത്തിൽ മെയിൻ റോഡിന് ആഭിമുഖമായി സംഘടിപ്പിച്ച പ്രതിഷേധ സംഗമത്തിൽ മാനേജിംഗ് കമ്മിറ്റിയെ പ്രതിനിധീക രിച്ച് എസ്.എം.എസ്. മുജീബ് റഹ്മാൻ, എസ്.നസീർ, എ.സെയ്ദ് താജുദ്ദീൻ എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ചു.

# ശ്രേഷ്ഠഭാഷാദിനാചരണം

ചാത്തമംഗലം എം.ഇ.എസ് കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസസ് സമന്വയ മലയാളം കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ശ്രേഷ്ഠഭാഷാദിനാചരണം നടത്തി.

ഗാന്ധിജിയുടെ 150-ാം ജന്മവാർഷികത്തിൽ എം.ഇ.എസ് നടത്തുന്ന ഗാന്ധിസ്മൃതിയുടെ ഭാഗമായി ഗാന്ധിയൻ ആദർശങ്ങൾ കലാലയത്തിൽ എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

പ്രൊഫ. ടി.എം രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ഇ. അബ്ദുറസാഖ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പി.ടി.എ വൈസ് പ്രസിഡണ്ട് ഗുലാം ഹുസൈൻ , പ്രൊഫ. ഹനീഫ മുഹമ്മദ്, മോളി ബൈജു, ജിനോ കുര്യൻ, മുസ്തഫ ഷമീം, എന്നിവർ ആശംസകൾ അർപ്പിച്ചു. വായന മത്സരം, വായന പ്രശ്നോത്തരി, ബഷീർ സാഹിത്യപ്രശ്നോത്തരി, കവിതാരചന, കഥാരചന എന്നിവയിൽ വിജയികളായവർക്ക് സമ്മാനദാനം നിർവഹിച്ചു. ഷഫീക്ക്, നഷീൽ, അജ്മൽ, സുജിത് ബാലൻ, സഞ്ജൽ, സുഹൈൽ, അനസ്, ഷിഞ്ചുന, ആദില, ലീന, ശ്രീലക്ഷ്മി തുടങ്ങിയവർ നേതൃത്വം നൽകി. പ്രോഗ്രാം കോർഡിനേറ്റർ റീന ഗണേഷ് സ്വാഗതവും ഷിഞ്ജുന നന്ദിയും ആശംസിച്ചു.

# കാർട്ടൂൺ രചനാ മത്സരം നടത്തി

ഗാന്ധിജിയുടെ 150-ാം ജന്മദിനത്തോടനുബന്ധിച്ച് ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എം.ഇ.എസ്. അസ്മാബി കോളേജും കേരള കാർട്ടൂൺ അക്കാദമിയും സംയുക്തമായി 'വരകളിൽ മഹാത്മ' എന്ന ആശയത്തിൽ ഊന്നൽ നൽകിക്കൊണ്ട് ഗാന്ധിജിയുടെ ബന്ധപ്പെട്ട കാർട്ടൂണുകളുടേയും കാരിക്കേച്ചറുകളുടേയും പ്രദർശനവും കാർട്ടൂൺ രചനാ മത്സരവും നടത്തി. കാർട്ടൂണിസ്റ്റ് മുരളി കെ. മുകുന്ദൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. മൂല്യവും തെളിമയുമാണ് ഇന്നത്തെ വരകൾക്ക് വേണ്ടതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കേരള കാർട്ടൂൺ അക്കാദമി അംഗം ഡാവിഞ്ചി സുരേഷ്, കേരള കാർട്ടൂൺ അക്കാദമി ട്രഷറർ സിദ്ദീഖ് പറവൂർ മത്സരാർത്ഥികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി. അസ്മാബി കോളേജ് പ്രിൻസിപ്പാൾ ഡോ. അജിംസ് പി. മുഹമ്മദ് അദ്ധ്യക്ഷത വഹിച്ചു.

യോഗത്തിൽ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മേധാവി രാജി പി.ബി. സ്വാഗതം ആശംസിച്ചു. സെൽഫ് ഫിനാൻസിംഗ് കോഴ്സ് ഡയറക്ടർ ഡോ. കെ.പി. സുമേധൻ, പ്രൊഫ. വി.എം. ജോർജ്ജ്, അസി. പ്രൊഫ. ഫാത്തിമ ആലിയ എന്നിവർ സംസാരിച്ചു.

# ഫ്രീഡം ക്വസ്റ്റ് 2020

മഹാത്മാ ഗന്ധിയുടെ 150-ാം ജന്മവാർഷികാചരണത്തോടനുബന്ധിച്ച് എം.ഇ.എസ്. കോഴിക്കോട് സെൻട്രൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഗാന്ധിസ്മൃതി 2020 പ്രഭാഷണ പരമ്പരകളും, ഇതരകാര്യ പരിപാടികളുമായി ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷമായി സമുചിതമായി ആചരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി എരുമേലി എം.ഇ.എസ്. കോളേജിൽ മലയാളം ഇംഗ്ലീഷ് ഭാഷകളിൽ പ്രസംഗ മത്സരങ്ങളും പ്രശ്നോത്തരി മത്സരങ്ങളും സ്കൂൾ കോളേജ് തലത്തിൽ സംഘടിപ്പിച്ചു. മത്സരാർത്ഥികൾ മാറ്റുരച്ച



ഈ പരിപാടിയിൽ കോട്ടയം, പത്തനംതിട്ട, കൊല്ലം ജില്ലകളിലെ കോളേജുകളും, സ്കൂളുകളും പങ്കെടുത്തു.




*എം.ഇ.എസ്. പയ്യാനക്കലിൽ സംഘടിപ്പിച്ച ബഹുസ്വര കൂട്ടായ്മ അജിത് കോളാടി ഉദ്ഘാടനം ചെയ്യുന്നു*

# മതേതര ബഹുസ്വര കൂട്ടായ്മ

കോഴിക്കോട്: എം.ഇ.എസ്. പയ്യാനക്കൽ യൂണിറ്റ് കമ്മിറ്റി സി.എ.എക്കും എൻ.ആർ.സിക്കും എതിരെ പയ്യാനക്കൽ ബസാറിൽ ബഹുസ്വര കൂട്ടായ്മ സംഘടിപ്പിച്ചു. അജിത് കോളാടി ഉദ്ഘാടനം ചെയ്തു. പി.കെ. കോയ അദ്ധ്യക്ഷത വഹിച്ചു.

മാധ്യമ പ്രവർത്തകൻ എ. സജീവൻ മുഖ്യപ്രഭാഷണം നടത്തി. ഡോ. ഹമീദ് ഫസൽ, സി.ടി. സക്കീർ ഹുസൈൻ, പി.കെ. അബ്ദുൽ ലത്തീഫ്, എ.ടി.എം. അഷ്റഫ്, പി.വി. അവറാൻ, കെ. അബ്ദുൾ അസീസ്, ബി.എം. സുധീർ, പി.ടി. ആസാദ്, കെ. ഹാഷിം, നവാസ് കോയിശ്ശേരി, അഡ്വ. ഷമീം പക്സ്വാൻ സംസാരിച്ചു.

പി.വി. ഷംസുദ്ദീൻ സ്വാഗതവും കെ.എം. റഷീദ് നന്ദിയും പറഞ്ഞു.




*എം.ഇ.എസ്. പയ്യാനക്കലിൽ സംഘടിപ്പിച്ച ബഹുസ്വര കൂട്ടായ്മയിൽ എം.ഇ.എസ്. യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി ഡോ. ഹമീദ് ഫസൽ പ്രസംഗിക്കുന്നു*



എം.ഇ.എസ്. മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. 100 സീറ്റിൽ നിന്ന് 150 സീറ്റിലേക്ക് ഉയർത്താൻ നേതൃത്വം നൽകിയ എം.ഇ.എസ്. യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി ഡോ. ഹമീദ് ഫസലിന് കോഴിക്കോട് പയ്യാനക്കലിൽ നടന്ന ചടങ്ങിൽ എം.ഇ.എസ്. സംസ്ഥാന സെക്രട്ടറി സി.ടി. സക്കീർ ഹുസൈൻ പൊന്നാട അണിയിച്ച് ആദരിക്കുന്നു. എ. സജീവൻ, പി.കെ. അബ്ദുൽ ലത്തീഫ്, എ.ടി.എം. അഷ്റഫ്, പി. വി. അവറാൻ, കെ. അബ്ദുൽ അസീസ്, പി.കെ. കോയ, പി.വി. ഷംസുദ്ദീൻ തുടങ്ങിയവർ സമീപം




എം.ഇ.എസ്. എറണാകുളം ജില്ലാ വാർഷിക പൊതുയോഗം സംസ്ഥാന വൈസ് പ്രസിഡന്റ് എ.എം. അബൂബക്കർ ഉദ്ഘാടനം ചെയ്യുന്നു. എം. അലി, കെ.എം. ലിയാഖത്ത് അലിഖാൻ, എം.എം. അഷ്റഫ്, വി.യു.ഹംസക്കോയ, ടി.എം. സക്കീർ ഹുസൈൻ, കെ.എം. അബ്ബാസ്, കെ.എ. ഇസ്മായിൽ, എം.പി. ബഷീർ തുടങ്ങിയവർ സമീപം




കുന്നുകര എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ വിദ്യാർത്ഥികൾ എൻ.എസ്.എസ്. ക്യാമ്പിൽ പങ്കെടുത്തപ്പോൾ

# മംഗലം എം.ഇ.എസ്. സ്കൂളിൽ സെക്യുലർ സെമിനാർ



*മംഗലം എം.ഇ.എസ്. സ്കൂളിൽ സെക്യുലർ സെമിനാർ പി. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു*

തിരൂർ: മതേതര ബഹുസ്വരക്കൂട്ടായ്മ മംഗലം എം.ഇ.എസ്. സ്കൂളിൽ സെക്യൂലർ സെമിനാർ സംഘടിപ്പിച്ചു. സാഹിത്യകാരൻ പി. സുരേന്ദ്രൻ സെമിനാർ ഉദ്ഘാടനം ചെയ്തു. ഒ.സി. സലാഹുദ്ദീൻ അദ്ധ്യക്ഷത വഹിച്ചു. കാലിക്കറ്റ് സർവ്വകലാശാല പൊളിറ്റിക്കൽ സയൻസ് വിഭാഗം മേധാവി ഡോ. സെബാസ്റ്റ്യൻ, എം.വി. ഷംസുദ്ദീൻ, വി.എം.എ. റഹ്മാൻ, യശോദ കോഴിശ്ശേരി, അബ്ദുൽ ഖാദർ, സുലൈമാൻ മംഗലം എന്നിവർ പ്രസംഗിച്ചു.



ആലപ്പുഴയിലെ
അമ്പലപുഴ സ്കൂളിൽ കമ്പ്യൂട്ടർ ലാബ്
അബ്ദുൽ റഹിം
ഉദ്ഘാടനം ചെയ്യുന്നു




*മുകുന്ദപുരത്ത് നടന്ന ബഹുസ്വര കൂട്ടായ്മ വി.ആർ. സുനിൽകുമാർ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.*




കൊല്ലത്ത് നടന്ന ബഹുസ്വര കൂട്ടായ്മയിൽ പങ്കെടുത്ത പ്രൊഫ. പി.ഒ. ജെ. ലബ്ബ, കമർസ്സമാൻ, ഹാഷിം കൊടിമേൽകോടി, ഡോ.പി.കെ. ഗോപൻ, ആബി ബഷീർ, കണ്ണനല്ലൂർ നിസാം തുടങ്ങിയവർ



*മതേതര ബഹുസ്വര കൂട്ടായ്മയുടെ ഭാഗമായി പാലക്കാട് എംഇഎസ് വനിതാ കോളേജ് ആയിരം ത്രിവർണ്ണ ബലൂണുകൾ ആകാശത്തേക്ക് പറത്തുന്നു*

# പാലക്കാട് നഗരത്തിൽ ആയിരം ത്രിവർണ്ണ ബലൂണുകൾ ആകാശത്തേക്ക് പറത്തി

ആയിരം ത്രിവർണ ബലൂൺ ആകാശത്തേക്ക് പറത്തി പാലക്കാട് എംഇഎസ് വനിതാ കോളേജിന്റെ ആഭിമുഖ്യത്തിൽ മതേതര ബഹുസ്വര സംഗമം സംഘടിപ്പിച്ചു. റിപബ്ലിക് ദിനത്തിൽ സ്റ്റേഡിയം ഗ്രൗണ്ട് പരിസരത്ത് നടന്ന പരിപാടിയിൽ എം ഇ എസ് വനിതാ കോളേജിലെ വിദ്യാർത്ഥികളും അധ്യാപകരും എം ഇ എസ് പ്രവർത്തകരും അണിനിരന്നു. എംഇഎസ് ഭാരവാഹികളായ എം. അബ്ദുൽ കരീം ഹാജി, എ. ജബ്ബാർ അലി എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. കോളേജ് പ്രിൻസിപ്പൽ പ്രേമ സോമൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കോളേജ് മാനേജ്മെൻറ് ചെയർമാൻ എസ്. എം. എസ്. മുജീബ് റഹ്മാൻ, എംഇഎസ് ജില്ലാ ജോയിന്റ് സെക്രട്ടറി എ.സെയ്ദ് താജുദ്ദീൻ, കോളേജ് മാനേജിംഗ് കമ്മിറ്റി സെക്രട്ടറി എസ്. നസീർ, ജോയിന്റ് സെക്രട്ടറി എസ്. എം. നൗഷാദ് ഖാൻ, പിടിഎ പ്രസിഡൻറ് ജി. രാമ സുബ്രഹ്മണ്യം, കോളേജ് സ്റ്റുഡൻസ് യൂണിയൻ ചെയർപേഴ്സൺ ആർ ജയശ്രീ, അധ്യാപക പ്രതിനിധി വിഎസ് ഷൈനി, പി എം മുജീബ് റഹ്മാൻ, കെ.ഷാഹുൽ ഹമീദ്, പി.എം.അബ്ദുൾ അഷറഫ്, എം. വിദ്യ, എം.യു. അമൃത എന്നിവർ സംബന്ധിച്ചു.

തുടർന്ന് രാഷ്ട്ര ചിന്തകളും ഗാന്ധിയൻ ചിന്തകളും എം ഇ എസ് കാഴ്ചപ്പാടുകളും വിളിച്ചോതുന്ന മുദ്രാവാക്യങ്ങൾ എഴുതിയ പ്ലക്കാർഡുകളുമേന്തി വിദ്യാർത്ഥിനികൾ നഗരത്തിൽ റാലി നടത്തി.

# ടി.എ. അബ്ദുറഹിമാൻ അനുസ്മരണം

എ. ജബ്ബാറലി
9447132676

പാലക്കാട് ജില്ലയിൽ എം.ഇ.എസ്. പ്രസ്ഥാനത്തിന്റെ പ്രവർത്തനം ആരംഭിച്ചത് 1967 മുതലാണ്. ആ കാലഘട്ടത്തിൽ സംഘടനക്ക് ശക്തമായ പ്രവർത്തനം കാഴ്ച വെച്ചിരുന്നത് മർഹൂം. കാപ്പുങ്ങൾ സെയ്തലവി ഹാജി, മർഹൂം കല്ലടി ചെറിയ കുഞ്ഞഹമ്മദ് ഹാജി, കെ.ഐ. ഹുസ്സൈനാർ തുടങ്ങിയവരുടെ നേതൃത്വ നിരയാണ്. അവരുടെ കൂടെ 1975 ലാണ് എം.ഇ.എസ്. യൂത്ത് വിംഗിലൂടെ തയ്യിൽ അബ്ദുള്ളകുട്ടി ഹാജിയുടെ 9 മക്കളിൽ രണ്ടാമത്തെ മകനായ ടി.എ. എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്ന ടി.എ. അബ്ദുൾ റഹിമാൻ ഹാജിയുടെ രംഗപ്രവേശനം.

ജില്ലയിലെ എം.ഇ.എസ്. പ്രസ്ഥാനത്തിന്റെ ആദ്യകാല സീനിയർ നേതാക്കളിൽ ഒരാളായ ടി.എയുടെ ആത്മാർത്ഥവും, നിസ്വാർത്ഥവുമായ പ്രവർത്തനം സംഘടനക്കും ജില്ലയിലെ ഒട്ടുമിക്ക സ്ഥാപനങ്ങളുടെ പുരോഗതിക്കും ആക്കം കൂടിയിട്ടുണ്ട്. അതിന്റെ രണ്ടു പ്രധാനപ്പെട്ട സംവേദങ്ങളാണ് മുണ്ടൂർ എന്ന പിന്നോക്ക പ്രദേശത്ത് സ്ഥാപിതമായ എം.ഇ.എസ്. ഐ.ടി.എയും എം.ഇ.എസ്. സ്കൂളും. എം.ഇ.എസിന്റെ അഭിമാനകരമായി പ്രവർത്തിക്കുന്ന എം.ഇ.എസ്. ഐ.ടി.ഐ ജില്ലയിൽ 1978 ൽ പ്രൈവറ്റ് മേഖലയിൽ ആരംഭിച്ച ആദ്യത്തേതാണ്. ഇദ്ദേഹത്തിന്റെ പ്രയത്ന ഫലമായിട്ടാണ് പൂംപുള്ളി മനയ്ക്കൽ വകയായി രണ്ടര ഏക്കർ സ്ഥലം. അന്നത്തെ ശ്രീ കൃഷ്ണപുരം എം.എൽ.എ. ആയ സുകുമാരനുണ്ണി മാസ്റ്ററുടെ സഹായത്തോടെ കുറഞ്ഞ വിലക്ക് ലഭ്യമായത്. സ്ഥാപനത്തിന്റെ സ്ഥാപകരിൽ പ്രധാനപ്പെട്ട വ്യക്തികളിൽ ഒരാളായിരുന്നു ടി.എ. അബ്ദുറഹിമാൻഹാജി. കൂടാതെ 1994 ൽ ആരംഭിച്ച മുണ്ടൂർ എം.ഇ.എസ്. സ്കൂൾ ഇപ്പോൾ നിലകൊള്ളുന്ന സ്ഥലം അദ്ദേഹത്തിന്റെ കൈവശമായിരുന്നു. തന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന അഞ്ച് ഏക്കർ സ്ഥലം വളരെ ചുരുങ്ങിയ വിലക്ക് എം.ഇ.എസിന് നൽകുവാൻ ടി.എ. തയ്യാറായതിനാലാണ് മുണ്ടൂർ സ്കൂൾ സ്ഥാപിക്കാനായത്.

1975 നു ശേഷമുള്ള ആദ്ദേഹത്തിന്റെ പ്രവർത്തനം സംഘടനാ രംഗത്ത് സജീവമായിരുന്നു. ജില്ലാ ഭാരവാഹിയായും, സംസ്ഥാന കമ്മിറ്റി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. സംഘടനാ രംഗത്തെന്നപോലെ ജില്ലയിലെ പ്രശസ്ത സ്ഥാപനങ്ങളായ എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂൾ മണ്ണാർക്കാട്, എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂൾ ഒലവക്കോട്, ഐ.ടി.ഐ. മുണ്ടൂർ, എച്ച്.എസ്.എസ്. മുണ്ടൂർ കല്ലടി കോളേജ്, മണ്ണാർക്കാട് തുടങ്ങി നിരവധി സ്ഥാപനങ്ങളിൽ ഭരണ സാരഥ്യം വഹിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ അര നൂറ്റാണ്ട് കാലഘട്ടത്തിലെ എം.ഇ.എസ്. പ്രസ്ഥാനത്തിന്റെ സ്തുത്യർഹമായ പ്രവർത്തനത്തോടൊപ്പം തന്നെ പഞ്ചായത്ത് മെമ്പർ, സഹകരണ ബാങ്ക് ഡയറക്ടർ തുടങ്ങി നിരവധി കമ്മിറ്റികളിൽ പ്രവർത്തിച്ചിട്ടുണ്ട്. എല്ലാ രംഗത്തും സൗമ്യനായി. അധികമൊന്നും പ്രതികരിക്കാത്ത വ്യക്തിത്വമായിരുന്ന ടി.എ. ജില്ലയിലെ എം.ഇ.എസിന്റെ മാതൃകാപുരുഷനായിരുന്നു.

പെട്ടെന്നുള്ള അദ്ദേഹത്തിന്റെ വിയോഗം നമുക്ക് നികത്താൻ പറ്റാത്തതാണ്. അദ്ദേഹം നടത്തിയ എം.ഇ.എസ്. പ്രവർത്തനങ്ങളിൽ ചിലത് മാത്രമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഭാര്യ: സുലേഖ, മക്കൾ: യാസർ അറഫാത്ത്, അഫ്സൽ ഖാൻ, സഫിയ, സാഹിത.

അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എന്നും സ്മരിക്കപ്പെടട്ടെ എന്ന ആഗ്രഹത്തോടെ പരേതാത്മാവിന് സർവ്വശക്തൻ മഗ്ഫിറത്തും, മർഹമത്തും നൽകട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

# മറ്റു പ്രശ്നങ്ങൾ തമസ്കരിക്കുന്നു: ഇളങ്കോവൻ എം.പി.

പാലക്കാട്:പൗരത്വ ഭേദഗതി നിയമവും അതിൻറെ പേരിലുള്ള ചർച്ചകൾക്കും ഇടയിൽ ഇന്ത്യയുടെ തൊഴിലില്ലായ്മ, സാമ്പത്തികസ്ഥിതി, ഗാർഹിക ഉപഭോഗം തുടങ്ങിയ അനുബന്ധ വിഷയങ്ങളെല്ലാം തമസ്കരിച്ചു കൊണ്ടിരിക്കുകയാണെന്ന് ഡിഎംകെ സംഘടനാ കാര്യ ജനാൽ സെക്രട്ടിയും ചിന്തകനുമായ ടി.കെ.എസ്.ഇളങ്കോവൻ എം.പി. പറഞ്ഞു. ഒരു നല്ല സർക്കാർ ജനങ്ങളുടെ വികസന കാര്യങ്ങളിലും സാമൂഹ്യ സാമ്പത്തിക ഭദ്രതയിലുമണ് ശ്രദ്ധ ചെലുത്തേണ്ടത് മറിച്ച് ജനങ്ങളിൽ ആചാര വിശ്വാസങ്ങളെ അടിച്ചേൽപ്പിക്കുന്നത് ഭൂഷണമല്ല. ഇന്നത്തെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങൾക്കിടയിൽ പെരിയാർ ഇ.വി. രാമസ്വാമിയുടെ ജീവിത ദർശനങ്ങൾക്കും ആശയങ്ങൾക്കും പ്രസക്തി ഏറെയാണ്. ഇ വിആർഎന്ന സാമൂഹ്യ പരിഷ്കർത്താവിനെ സ്മരിക്കാനും അദ്ദേഹത്തിന്റെ ആദർശങ്ങളെ പ്രചരിപ്പിക്കാനും മുൻകൈയെടുത്ത മുസ്ലിം എഡ്യുക്കേഷണൽ സൊസൈറ്റിയെയും അതിന്റെ നേതാവ് ഡോ. ഫസൽ ഗഫൂറിനെയും അഭിനന്ദിക്കുന്നതായി ഇളങ്കോവൻ എം.പി. പറഞ്ഞു. എം.ഇ.എസ് പ്രസ്ഥാനത്തിന്റെ സെക്കുലർ കാഴ്ചപ്പാടിനെ എടുത്തു പറഞ്ഞു. ഇത് ഗാന്ധിയുടെ നാടാണ്, പൗരത്വം അവകാശമാണ് എന്ന മുദ്രാവാക്യവുമായി എം ഇ എസ് പാലക്കാട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച മതേതര ബഹുസ്വര കൂട്ടായ്മ ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എം ഇ എസ് സംസ്ഥാന പ്രസിഡണ്ട് ഡോ. പി. എ. ഫസൽ ഗഫൂർ അധ്യക്ഷത വഹിച്ചു. അവകാശ സമര പോരാട്ടത്തിന്റെ പാതയിലുള്ള ഇന്ത്യൻ ജനത ഇനി പോരാട്ടത്തിന്റെ മാർഗ്ഗവും ഗതിയും മാറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. ഭേദഗതികൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഭരണഘടനയുടെ സ്ഥിരതയും കോടതി വിധികളും സംശയത്തോട കാണേണ്ടിയിരിക്കുന്നുവെന്നും ഡോക്ടർ ഫസൽ ഗഫൂർ പറഞ്ഞു.

ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത സംസ്ഥാന ജല വിഭവ ശേഷി മന്ത്രി കെ കൃഷ്ണൻകുട്ടി മതം മനുഷ്യനെ അടിമയാക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോയി കൊണ്ടിരിക്കുന്നതെന്നും പരിഗണനകൾ അവഗണിക്കപ്പെട്ടു കൊണ്ടിരിക്കുകയാണെന്നും പറഞ്ഞു. മതത്തിന്റെയും ജാതിയുടെയും പേരിൽ നമ്മെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്ന ശക്തികളെ വിദ്യാർത്ഥി ലോകം തിരിച്ചറിഞ്ഞു, പ്രതികരിച്ചു തുടങ്ങി. ആശാവഹമായ ഫലം കാണുമെന്നും അദ്ദേഹം പ്രത്യാശിച്ചു.

തുടർന്ന് സംസാരിച്ച മുൻ ലോകസഭാംഗം എൻ.എൻ.കൃഷ്ണദാസ് മതാധിഷ്ഠിത രാഷ്ട്ര സംവിധാനങ്ങളും ഭരണാധികാരികളും തകർന്നു തരിപ്പണമായ ചരിത്രമാണ് നമ്മുക്ക് കാണാൻ കഴിയുന്നതെന്ന് പറഞ്ഞു. കോടിക്കണക്കിന് ദൈവങ്ങളുള്ള ഹിന്ദു സമുദായത്തിന് എങ്ങിനെയിരിക്കും ഒരു ഹൈന്ദവ രാഷ്ട്രം കെട്ടിപ്പെടുക്കിയാൽ? മതം, ദൈവം, ആരാധന എന്നീ കാര്യങ്ങൾ ഒരു വ്യക്തിയുടെ സ്വകാര്യതയുടെ ഭാഗമാണ്. അതിൽ ഇടപെടാനോ അത്തരം കാര്യങ്ങളെ രാഷ്ട്രവുമായി ബന്ധപ്പെടുത്താനോ പാടില്ല എന്നും അദ്ദേഹം പറഞ്ഞു. രാഷ്ട്രം, ഭരണഘടന, മതേതരത്വം എന്നീ കാര്യങ്ങളെക്കുറിച്ച് യാഥാർത്ഥ്യങ്ങൾ വിദ്യാർത്ഥികൾക്ക് പറഞ്ഞു കൊടുക്കുന്ന എം.ഇ.എസ് പ്രസ്ഥാനത്തിന്റെ പ്രവർത്തന രീതി അഭിനന്ദാർഹമാണെന്നും കൃഷ്ണദാസ് പറഞ്ഞു.

എം ഇ എസ് ജില്ലാ പ്രസിഡന്റ് എ.ജബ്ബാറലി സ്വാഗതവും ജോയിന്റ് സെക്രട്ടറി എ.സെയ്ദ് താജുദ്ദീൻ നന്ദിയും പറഞ്ഞു.

# അഭിനന്ദനങ്ങൾ



*ഹംസ പട്ടാമ്പി*



*നജ്മുദീൻ കെ.കെ*



*ഡോ. ഹമീദ് ഫസൽ*

# തിരഞ്ഞെടുത്തു

എം.ഇ.എസ് യൂത്ത്വിംഗ് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. റഹീം ഫസൽ ഉപരിപഠനാവശ്യാർത്ഥം പോയ ഒഴിവിലേക്ക് യൂത്ത് വിംഗ് ട്രഷറർ ഹംസ പട്ടാമ്പിയെ യൂത്ത് വിംഗ് ജനറൽ സെക്രട്ടറിയായും, ട്രഷററായി നജ്മുദീൻ കെ.കെ. യേയും യൂത്ത് വിംഗ് സെക്രട്ടറിയായി ഡോ. ഹമീദ് ഫസലിനേയും തിരഞ്ഞെടുത്തു.



*ജെ.എൻ.യു വിദ്യാർത്ഥികൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ട് പാലക്കാട് എം.ഇ.എസ് വനിതാ കോളേജിൽ സംഘടിപ്പിച്ച കരിദിനാചരണ പരിപാടിയിൽ സ്റ്റുഡന്റ്സ് യൂണിയൻ ചെയർപെഴ്സൻ ആർ.ജയശ്രീ പ്രസംഗിക്കുന്നു. എസ്.എം.എസ്. മുജീബ് റഹ്മാൻ സമീപം*

# പാലക്കാട് വനിതാ കോളേജിൽ മതേതര ബഹുസ്വര കൂട്ടായ്മ

നമ്മുടെ പൂർവികർ നമുക്ക് നേടിത്തന്ന സ്വാതന്ത്ര്യവും ഭരണഘടനാപരമായ അവകാശങ്ങളും നാം ഉൾക്കൊള്ളണമെന്നും അവ വരുംതലമുറയ്ക്ക് കൈമാറേണ്ടത് ഇന്നത്തെ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും കടമയാണെന്നും പ്രമുഖ ചിന്തകനും പ്രഭാഷകനുമായ എം.ജെ. ശ്രീചിത്രൻ അഭിപ്രായപ്പെട്ടു.

ഇത് ഗാന്ധിജിയുടെ നാടാണ് പൗരത്വം അവകാശമാണ് എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് സംസ്ഥാനവ്യാപകമായി എം.ഇ.എസ് സംഘടിപ്പിച്ച മതേതര ബഹുസ്വര കൂട്ടായ്മയുടെ ഭാഗമായി പാലക്കാട് എം.ഇ.എസ് വനിതാ കോളേജിൽ സംഘടിപ്പിച്ച കൂട്ടായ്മയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വിദ്യാർത്ഥി സമൂഹം സർവകലാശാലകളിലും കോളേജുകളിലും സംഘടിപ്പിക്കുന്ന പ്രക്ഷോഭങ്ങൾ മാതൃകാപരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എം.ഇ.എസ് ജില്ലാ പ്രസിഡൻറ് എ ജബ്ബാറലി അധ്യക്ഷത വഹിച്ചു.കോളേജ് മാനേജ്മെൻറ് ജോയിന്റ് സെക്രട്ടറി എസ്.എം നൗഷാദ് ഖാൻ എം.ഇ.എസ് ഗാന്ധി സ്മൃതി ആചരണത്തെക്കുറിച്ചും പൗരത്വ ഭേദഗതി നിയമം, ദേശീയ പൗരത്വ രജിസ്റ്റർ എന്നീ വിഷയങ്ങളിൽ മേലുള്ള എം ഇ എസ് കാഴ്ചപ്പാടുകളെക്കുറിച്ചും വിശദമാക്കി.

മാനേജ്മെന്റ് സെക്രട്ടറി എസ്.നസീർ, പ്രിൻസിപ്പൽ പ്രേമ സോമൻ, സ്റ്റുഡൻസ് യൂണിയൻ ചെയർപേഴ്സൺ ആർ. ജയശ്രീ എന്നിവർ സംസാരിച്ചു.

# സമരത്തെ കെണിയിൽപ്പെടുത്താനുള്ള നീക്കത്തെ തിരിച്ചറിയണം



*സി.ടി. സക്കീർ ഹുസൈൻ*


കേന്ദ്ര സർക്കാർ നടപ്പാക്കിയ പൗരത്വ ഭേദഗതി നിയമം പിൻവലിക്കില്ലെന്നും ഇവയെല്ലാം രാജ്യതാൽപര്യമാണെന്നുമുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രസ്താവന നാം കഴിഞ്ഞ ദിവസം വായിക്കുകയുണ്ടായി. രാജ്യത്താകമാനം മതവും ജാതിയും രാഷ്ട്രീയവും മറന്ന് നടന്നു കൊണ്ടിരിക്കുന്ന സി.എ.എ. വിരുദ്ധ സമരങ്ങളിൽ ലക്ഷക്കണക്കിനാളുകളാണ് ഓരോ പ്രദേശങ്ങളിലും പങ്കാളികളാകുന്നത്. ഒരു തരത്തിലുള്ള പ്രലോഭനങ്ങൾക്കും കീഴടങ്ങാതെ അക്രമ രഹിതമായ സമരങ്ങളാണ് നാടൊന്നാകെ നടന്നു കൊണ്ടിരിക്കുന്നത്. ജാമിയ മില്ലയ കോളേജിലും ഹോസ്റ്റലിലും പോലീസും ഗുണ്ടാ സംഘങ്ങളും നടത്തിയ അക്രമങ്ങൾക്കെതിരെയുള്ള പ്രതികരണങ്ങൾ പോലും തികച്ചും ഗാന്ധിമാർഗ്ഗമായിരുന്നു. അതിൽ പ്രകോപിതരാവാത്ത വിദ്യാർത്ഥികൾക്കു നേരെ തോക്കേന്തി നിറ ഒഴിച്ച മതതീവ്രവാദിയെയും നാം കാണാനിടയായി. എന്നിട്ടും വിദ്യാർത്ഥി സമൂഹം പ്രകോപനങ്ങളിലേർപ്പെട്ടില്ല. രാജ്യത്താകമാനം ഉയർന്നു വരുന്ന ഷാഹിൻ ബാഗുകളിൽ വിറളിപൂണ്ട കേന്ദ്ര ഭരണ കൂടം ഇത്തരം സമരങ്ങളെ വഴിതിരിച്ചു വിടാനും, അക്രമ മാർഗ്ഗത്തിലേക്ക് സമരത്തെ കൊണ്ടെത്തിക്കാനുള്ള പ്രകോപനങ്ങളുടെ ഭാഗമായാണ് ഡൽഹിയിലെ ഷാഹിൻ ബാഗിൽ ആക്രമകാരി വെടി ഉതിർത്ത സംഭവം. തുടർന്ന് മുംബൈയിലും ഹൈദരാബാദിലും ചെന്നൈയിലും രാജ്യത്തുടനീളം ഷാഹിൻ ബാഗുകൾ രൂപ്പെടുകയാണ്. ഈ ഗാന്ധിമാർഗ്ഗമുള്ള സമാധാന സമരങ്ങളെ പ്രകോപിപ്പിച്ച് സമരത്തിന്റെ രൂപം മാറ്റി വഴി തിരിച്ചുവിടാനുള്ള ഭരണകൂട താൽപര്യത്തെ നാം തിരിച്ചറിഞ്ഞ് അക്രമ രഹിത സമരവുമായി മുന്നോട്ടു പോകണം.

സി.എ.എ. ക്കെതിരെ പറയുന്നവരെ രാജ്യദ്രോഹികളായും, തീവ്രവാദികളുമാക്കുന്ന പ്രവണതക്ക് സംഘ പരിവാർ ശക്തികൾ ആക്കം കൂട്ടി വരികയാണ്. എം.ഇ.എസ്. പ്രസിഡന്റ് ഡോ. പി.എ. ഫസൽഗഫൂർ സാഹിബിനെ രാജ്യദ്രോഹ കുറ്റം ചുമത്തി അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ടു യുവമോർച്ച കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ ഓഫീസിലേക്ക് മാർച്ച് നടത്തിയ സംഭവം ഏറെ ഗൗരവമുള്ളതാണ്. തങ്ങൾക്കെതിരെ പറയുന്ന ഏത് മതേതരവാദിയെയും രാജ്യദ്രോഹിയാക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. ഗാന്ധി സ്മൃതിയും, മതേതര ബഹുസ്വര കൂട്ടായ്മകളും, ഇത് ഗാന്ധിജിയുടെ നാടാണ്. പൗരത്വം അവകാശമാണ് എന്ന മുദ്രാവാക്യവും സംഘ പരിവാറുകാരെ പ്രകോപിപ ിച്ചിരിക്കാം. പക്ഷെ രാജ്യം നിലനിൽക്കണമെങ്കിൽ എല്ലാവരും ഒറ്റക്കെട്ടായി ഒരുമിച്ച് പോകണമെന്നാണ് എം.ഇ.എസ്. സംഗമങ്ങളിൽ പങ്കെടുത്ത ഗാന്ധിജിയുടെ ചെറു മക്കളുൾപ്പെടെ ലോകത്തോട് വിളിച്ചു പറഞ്ഞത്. നൂറുകണക്കിന് മതേതര ജനാധിപത്യ വാദികളാണ് എം.ഇ.എസ്. ബഹുസ്വര കൂട്ടായ്മയിൽ പങ്കാളികളായി ഐക്യദാർഢ്യം പ്രഖ്യാപിച്ചത്. ഇതിനെ ചെറുക്കാനായി ഇത്തരക്കാർ നടത്തുന്ന ഹീന ശ്രമങ്ങളെ നാം ജാഗ്രതയോടെ കരുതിയിരിക്കണം.

# അനുസ്മരണം

## ടി.എ. അബ്ദുൽ റഹിമാൻ

എസ്.എം.എസ്. മുജീബ് റഹ്മാൻ
9447315207



പാലക്കാട് ജില്ലയിലെ മുണ്ടൂരിലെ പ്രമുഖ മുള വ്യാപാരിയും ദീർഘകാലം പാലക്കാട് ജില്ലാ എംഇഎസ് പ്രധാന പ്രവർത്തകനും മുൻ ഗ്രാമപഞ്ചായത്ത് അംഗവുമായ ടി.എ. അബ്ദുൽ റഹിമാൻ ഹാജി (72) അന്തരിച്ചു. എം.ഇ.എസ് സ് സംസ്ഥാന കമ്മിറ്റി പ്രത്യേക ക്ഷണിതാവ്, എം.ഇ.എസ് പാലക്കാട് ജില്ലാ കമ്മിറ്റി വൈസ് പ്രസിഡൻറ്, ട്രഷറർ പദവികൾ വഹിച്ചിരുന്നു. മുണ്ടൂരിലെ എം.ഇ.എസ് ഐടിഐ, എംഇഎസ് ഹൈസ്കൂൾ, ഒലവക്കോട് എം.ഇ.എസ് ഹയർ സെക്കൻഡറി സ്കൂൾ, മണ്ണാർക്കാട് എം.ഇ.എസ് ഹയർ സെക്കൻഡറി സ്കൂൾ മാനേജിംഗ് കമ്മിറ്റികളുടെ ചെയർമാനായി എം.ഇ.എസ് നേതൃനിരയിൽ സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. മുണ്ടൂർ എം.ഇ.എസ് സ്കൂളിന് അംഗീകാരം ലഭിക്കുന്നതിന് മുന്നോടിയായി അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് നിരന്തരം പ്രവർത്തിച്ച വ്യക്തിത്വമായിരുന്നു ടി.എ. അബ്ദുൽ റഹ്മാൻ. ഭാര്യ സുലേഖ. മക്കൾ: സാഹിദ, സഫിയ, യാസർ അറഫാത്ത്, അഫ്സൽ. പടച്ചവൻ മഗ്ഫിറത്തും മർഹമത്തും പ്രധാനം ചെയ്യുമാറാകട്ടെ.

# അനുസ്മരണം

## എം.ഇ.എസ്. സംസ്ഥാന സെക്രട്ടറി ജെയിനി സാഹിബിനെ അനുസ്മരിച്ചു

കൊല്ലം: എം.ഇ.എസ്. സംസ്ഥാന സെക്രട്ടറിയും യുവജനവിഭാഗം സ്ഥാപക നേതാവുമായിരുന്ന ജെയിനി സാഹിബിനെ എം.ഇ.എസ്. ജില്ലാ കമ്മിറ്റി അനുസ്മരിച്ചു. എം.ഇ.എസ്. സ്ഥാപക നേതാവ് ഡോ. അബ്ദുൾ ഗഫൂർ സാഹിബിനൊപ്പം പ്രവർത്തിക്കുകയും എം.ഇ.എസ്. ജേർണലിന്റെ പത്രാധിപരായും പ്രവർത്തിച്ച ജയിനി സാഹിബ് എം.ഇ.എസ്. സംഘാടനത്തിന്റെ ചാലകശക്തിയായിരുന്നുവെന്ന് അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് എം.ഇ.എസ്. ജനറൽ സെക്രട്ടറി പ്രൊഫ. പി.ഒ.ജെ. ലബ്ബ അഭിപ്രായപ്പെട്ടു.

എറണാകുളം എം.ഇ.എസ്. കോളേജിന്റെ ചെയർമാനായിരിക്കുമ്പോഴാണ് അദ്ദേഹം മരണപ്പെടുന്നത്. ജില്ലാ പ്രസിഡന്റ് കോഞ്ചേരിൽ ഷംസുദ്ദീൻ അദ്ധ്യക്ഷനായിരുന്നു. കണ്ണനല്ലൂർ നിസാം, ജെ. കമർ സമാൻ, അഡ്വ. എം. ഇബ്രാഹിംകുട്ടി, ഇ.എം. ഷാഫി, എ.എ. സമദ്, എം. ഷംസുദ്ദീൻ, ഡോ. ജമാലുദ്ദീൻ, കെ. ഷാജഹാൻ എന്നിവർ സംസാരിച്ചു.

Printed & Published by Prof. P.O. Jamaludeen Lebba on behalf of the owner The Muslim Educational Society (Regd.) Calicut. Editor: K.S.Abdul KarimPrinted at Blaze Offset Prints, Oyitty Road, Calicut-1
Published at MES Head Quarters, MES Women's College Buldg, I.M.A. Hall Road, Nadakkave, Kozhikode- 673 011



എം.ഇ.എസിന്റെ ആഭിമുഖ്യത്തിൽ കൊല്ലം നീലാംബരി ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച മതേതര ബഹുസ്വര കൂട്ടായ്മയിൽ ത്രിവർണ ബലൂണുകൾ ആകാശത്തേക്ക് പറത്തുന്നു



പാലക്കാട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച മതേതര ബഹുസ്വര കൂട്ടായ്മയിൽ മന്ത്രി കെ. കൃഷ്ണൻകുട്ടി മുഖ്യ പ്രഭാഷണം നടത്തുന്നു

# MES NEWS BULLETIN

Licence No. KL/PMG/NR/WPP/58/KKD/2019-2021 Regn. No. RNI-KERMAL/2012/46790

Registered No. KL/CT/213/2019-21 Licence to post without prepayment Date of Publication 11th February 2020





പൊന്നാനിയിൽ എം.ഇ.എസ് സംഘടിപ്പിച്ച മതേതര ബഹുസ്വര കൂട്ടായ്മയിൽ സി.പി.എം. പോളിറ്റ് ബ്യൂറോ അംഗം സുഭാഷിണി അലി പ്രസംഗിക്കുന്നു. ഡോ. പി.എ. ഫസൽഗഫൂർ, പ്രൊഫ. കടവനാട് മുഹമ്മദ്, ഒ.സി. സലാഹുദ്ദീൻ, കെ. മുഹമ്മദ് ഷാഫി ഹാജി തുടങ്ങിയവർ സമീപം



കൊടുങ്ങല്ലൂർ എം.ഇ.എസ്. ഹയർ സെക്കന്ററി സ്ക്കൂൾ സംഘടിപ്പിച്ച പൗരത്വ ഭേദഗതി ഭരണഘടനയും ഗാന്ധിയൻ കാഴ്ചപ്പാടും എന്ന വിഷയത്തിൽ നടത്തിയ സെമിനാർ ജസ്റ്റിസ് കമാൽ പാഷ ഉദ്ഘാടനം ചെയ്യുന്നു. ഡോ. പി.എ. ഫസൽ ഗഫൂർ, അഡ്വ.ആശ ഉണ്ണിത്താൻ തുടങ്ങിയവർ സമീപം




പാലക്കാട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച മതേതര ബഹുസ്വര കൂട്ടായ്മയിൽ ഡിഎംകെ സംഘടനാ കാര്യ ജനറൽ സെക്രട്ടറിയും പ്രഭാഷകനുമായ ടി.കെ.എസ്. ഇളങ്കോവൻ എം.പി. പ്രസംഗിക്കുന്നു. എ. ജബ്ബാറലി, മന്ത്രി കെ കൃഷ്ണൻകുട്ടി, ഡോ. പി.എ. ഫസൽ ഗഫൂർ, എൻ എൻ കൃഷ്ണദാസ്, എം. അബ്ദുൾ കരീം ഹാജി തുടങ്ങിയവർ സമീപം